# ചാവറോക്തികൾ



# ചാവറോക്തികൾ

PRIOR GENERAL'S HOUSE
4217
LIBRARY
ERNAKULAM

ഫാ. എം. ജെ. കളപ്പുരയ്ക്കൽ സി. എം. ഐ.

## ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ

1 കൊച്ചേട്ടന്റെ കത്തുകൾ

2 Vocation & Formation

3 മൊഴിമുത്തുകൾ

4 കാഴ്ചയും കാഴ്ചപ്പാടും

5 അൽഫോൻസാമ്മയുടെ ഹൃദയഭാഷ്യം

---

CHAVAROKTHIKAL [Malayalam]

Compiled by Fr M. J. Kalappurackal

First printed April 1997

Copy right reserved

Cover Anaswara printers Kottayam

Publisher: Author

*Printed at:* **Muttathu Printers Chethipuzha**

**Distributors:** Chavara centre Mannanam,
Deepika Book House Kottayam

PRIOR GENERAL'S HOUSE LIBRARY 1217

# വാഴ്ത്തപ്പെട്ട ചാവറയച്ചൻ

ചങ്ങനാശേരി അതിരൂപതയിലെ ചേന്നങ്കരി ഇടവകാതിർത്തിയിലായിരുന്ന കൈനകരിയിൽ ചാവറ കുടുംബത്തിൽ കുറിയാക്കോ മറിയം എന്ന മാതാപിതാക്കന്മാരിൽ നിന്നും 1805 ഫെബ്രുവരി 8-ാം തീയതി കുര്യാക്കോസ് ഏലിയാസച്ചൻ ഭൂജാതനായി. (ജന്മദിനം പത്താം തീയതിയാണെന്ന മറ്റൊരഭിപ്രായവുമുണ്ട്) ഇദ്ദേഹത്തിന് ഒരു ജ്യേഷ്ഠസഹോദരനും നാലു സഹോദരിമാരും ഉണ്ടായിരുന്നു ഫെബ്രുവരി 16-ാം തീയതി ചേന്നങ്കരിപള്ളിയിൽവച്ചായിരുന്നു ജ്ഞാനസ്നാനം. പിതാവിന്റെ പേരായ കുറിയാക്കോസ് എന്ന നാമമാണ് നൽകിയത്. ശിശുപ്രായത്തിൽതന്നെ അമ്മവെച്ചൂർപള്ളിയിൽ കൊണ്ടുപോയി ദേവമാതാവിന് അടിമവയ്ക്കുകയും ചെയ്തു. അഞ്ചാമത്തെ വയസിലായിരുന്നു വിദ്യാരംഭം. നാട്ടുനടപ്പനുസരിച്ചുള്ള വിദ്യാഭ്യാസാനന്തരം 1815-ൽ പള്ളിപ്പുറം സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചു. സെമിനാരിയിലായിരിക്കുമ്പോൾ മാതാപിതാക്കന്മാരും ഏകസഹോദരനും മരണമടഞ്ഞു. സെമിനാരി വിട്ട് വീട്ടിലെത്താൻ ബന്ധുജനങ്ങൾ നിർബന്ധിച്ചെങ്കിലും അതിനു വഴങ്ങാതെ വൈദികപഠനം തുടർന്നു. 1829-ൽ പൗരോഹിത്യം സ്വീകരിച്ചു.

പാലയ്ക്കൽ തോമ്മാമല്പാൻ പോരൂക്കര തോമ്മാമല്പാൻ എന്നിവരോടു സഹകരിച്ച് സി. എം. ഐ. സഭയുടെ സ്ഥാപനാർത്ഥം പരിശ്രമിച്ചു. 1831-ൽ മാന്നാനത്ത് സി. എം. ഐ. സഭയ്ക്ക് അടിസ്ഥാനമിട്ടു. 1855 മുതൽ 1871 വരെ സഭയുടെ പ്രിയോർ ജനറാളായി സി. എം. ഐ. സഭയെ നയിക്കുകയും ചെയ്തു. 1861-ൽ സുറിയാനി കത്തോലിക്കരുടെ വികാരിജനറാളായി നിയമിക്കപ്പെട്ടു. 1871 ജനുവരി

വിവിധ ഭാഷാ വിശാരദൻ, സാഹിത്യകാരൻ, മുദ്രണാലയപ്രഷ്ഠിതൻ, ഭരണാധികാരി, ദീനബന്ധു, വിദ്യാഭ്യാസ പ്രവർത്തകൻ, സന്യാസസഭാസ്ഥാപകൻ, ശീശ്മോച്ചാടകൻ, ആരാധനക്രമോദ്ധാരകൻ, ദിവ്യകാരുണ്യഭക്തൻ എന്നിങ്ങനെ വിവിധ നിലകളിൽ കാലഘട്ടത്തെ അതിജീവിച്ച ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ചാവറയച്ചൻ. അദ്ദേഹത്തിന്റെ ചരിത്രം കേരള ക്രൈസ്തവ സഭയുടെ ഒരു കാലഘട്ടത്തിന്റെ മുഴുവനും ചരിത്രമായിരുന്നെന്ന് നിസംശയം പറയാം. ക്രാന്തദർശിയും സമുദായോദ്ധാരകനുമായ ചാവറയച്ചന്റെ ജീവിതവും പ്രവർത്തനങ്ങളും സി. എം. ഐ. സഭയിലൂടെ ഇന്ന് തുടർന്നുകൊണ്ടിരിക്കുകയാണ്.

1986 ഫെബ്രുവരി എട്ടിന് പരി. പിതാവ് ജോൺപോൾ രണ്ടാമൻ മാർപ്പാപ്പാ ചാവറയച്ചനെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കുയർത്തി.

# പ്രവേശകം

ഹൃദയത്തിന്റെ തികവിലും നിറവിലും നിന്നാണല്ലോ അധരങ്ങൾ സംസാരിക്കുക. ഹൃദയം നിർമ്മലവും ഉദാത്തവുമാകുമ്പോൾ അലൗലികവും മഹത്തരവുമായ ആശയാദർശങ്ങൾക്ക് ഉറവിടവുമായിത്തീരും. ചില നിർണ്ണായക നിമിഷങ്ങളിലെയും അപൂർവ്വാവസരങ്ങളിലെയും വാക്കുകൾക്ക് തിളക്കമേറും, കാന്തസമാനം മാസ്മരശക്തിയുള്ളതുമാകും. വിശുദ്ധാത്മാക്കളുടെയും ദൈവിക മനുഷ്യരുടെയും ജീവിതത്തിൽ ഒളിമങ്ങാതെ കാന്തിപൂർണ്ണങ്ങളായി ശോഭിക്കുന്ന മൊഴിമുത്തുകൾ ഇതിനു സാക്ഷ്യം വഹിക്കുന്നു.

ജന്മംകൊണ്ടും കർമ്മംകൊണ്ടും ഒരു യുഗത്തിന്റെ ശില്പിയാകാൻ തെരഞ്ഞെടുക്കപ്പെട്ട പാത്രമായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചൻ. സാധുജനസംരക്ഷകൻ, തീഷ്ണതയേറിയ വചനപ്രഘോഷകൻ, വിദ്യാഭ്യാസപ്രവർത്തകൻ, സാഹിത്യകാരൻ, രണ്ടു സന്ന്യാസസഭകളുടെ സഹസ്ഥാപകൻ, ഒരു വിപൽ സന്ധിയിൽ കേരളസഭയെ ധീരമായിനയിച്ച സാരഥി സർവ്വോപരി ദൈവികമനുഷ്യൻ, എന്നിങ്ങനെ വിവിധനിലകളിൽ തനതായ വ്യക്തിമുദ്രപതിപ്പിച്ച ചാവറയച്ചന്റെ അധരങ്ങളിൽനിന്നും അടർന്നുവീണ അമൃതവചനങ്ങൾ അമൂല്യങ്ങൾതന്നെ. പല പുസ്തകങ്ങളിലായി ചിന്നിച്ചിതറിക്കിടക്കുന്നവയുടെ സമാഹാരമാണ് ചാവറോക്തികൾ. ഈ ശേഖരം സമ്പൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല.

''ഗാനേ ഗാനേമേ ലിഖേഹേ

ഗാനേവാലേ കാ നാം''

ഓരോ ഗാനത്തിലും ഗായകന്റെ പേരുണ്ട്. എന്ന് ഗായ

പ്രത്യക്ഷപ്പെടുന്ന സൂക്തങ്ങളിലും വാക്യങ്ങളിലും ചാവറയച്ചന്റെ വ്യക്തിത്വവും തനിമയും ദർശിക്കാൻ സാധിക്കും. ഒരു ദൈവികമനുഷ്യന്റെ അന്തരാത്മാവിന്റെ ആവിഷ്ക്കാരം.

ചാവറോക്തികൾ എന്ന ലഘുഗ്രന്ഥം പ്രസിദ്ധീകരിക്കാൻ സഹായിച്ച എല്ലാവർക്കും പ്രത്യേകം സാമ്പത്തിക സഹായം നല്കിയവർക്കും നന്ദിയുടെ നറുമലരുകൾ

എം. ജെ. കളപ്പുരയ്ക്കൽ

# താളുകളിലൂടെ


| | |
|---|---|
| ശൈശവം - ബാല്യം | 10 |
| ദൈവവിളി | 18 |
| ദൈവവിളിക്കെതിരെ കൊടുങ്കാററ് | 21 |
| സന്യാസ സഭാസ്ഥാപനം | 23 |
| ആശ്രമസ്ഥാപനം | 28 |
| അന്തിമോപദേശം | 30 |
| മരണപത്രിക | 32 |
| കത്തുകൾ | 36 |
| പ്രസംഗത്തിലെ നിമിഷങ്ങൾ | 48 |
| പ്രത്യേക പ്രാർത്ഥനകൾ | 50 |
| ക്രിസ്ത്യാനിക്കുടുംബം | 55 |
| അത്മാനുതാപം | 57 |
| കുരിശിനുവന്ദനം | 61 |
| ധ്യാനസല്ലാപങ്ങൾ | 67 |
| പീഡാനുഭവചിന്ത | 81 |
| മരിയദാസൻ | 92 |
| അന്തിമോപദേശം | 97 |

# സ്മൃതിപുഷ്പഹാരം

## സെഡ്. പ്ളാമ്മൂട്ടിൽ

ആർഷഭാരതത്തിന്റെ
    ചൈതന്യമുൾക്കൊണ്ടവൻ
ചാവറ മഹാചാര്യൻ
    കേരളത്തിൻ താപസൻ
കുട്ടനാടിന്നാതമീയ
    സംഗമം ശാന്തിസ്ഥാനം
ചാവറഗേഹം! അതിൽ-
    നിന്നുയർന്ന വിൺദീപം
മാന്നാനം കുന്നിലെത്തി-
    ച്ചേരും ഭക്താത്മാക്കളിൽ
ആത്മചൈതന്യം നൽകി
    പാലിക്കും ജീവന്മുക്തൻ.
    *    *    *    *    *
ഉത്തുംഗം തിളങ്ങി നി-
    ല്ക്കുന്നതാം മേടകളോ
കായലും കടന്നെത്തി
    വീശുന്ന കുളിർക്കാറ്റോ
നല്കാത്ത ശാന്തിനിന്നിൽ
    സംലഭ്യം സർവ്വോൽകൃഷ്ടം
സംപൂജ്യം തവസ്മൃതി
    കൊണ്ടീഹം നിത്യംതീർത്ഥം!
ചാവറപ്പിതാവുതൻ
    ജീവിതം സമസ്തവും
ത്യാഗത്തിൽ സ്ഫുടംചെയ്ത്
    കേരളസഭക്ക്യേകി
മിന്നുമപ്പൊന്നൊളിയിൽ
    കണ്ണഞ്ചിക്കലെമ്പുന്നോർ
കേരളമക്കൾ ഞങ്ങൾ (നമ്മൾ)
    വിസ്മരിക്കുന്നങ്ങളെ
    രാത്രികൾ പകലാക്കി
    *    *    *    *    *
ലാളിത്യമേറുമങ്ങേ
    ജീവിത സാക്ഷ്യമായി
കാണുന്നു ഞങ്ങൾ താതൻ
    വാസം ചെയ്തതാം മുറി.
ആ ദിവ്യ മുറിയ്ക്കുള്ളി—
    ലായ് ഞങ്ങൾ നില്ക്കുന്നേരം
ആയിരം ആത്മഹർഷ –
    നാളങ്ങൾ ഹൃദയത്തിൽ.
ദുഃഖത്തിൻ രുഗ്ണതയിൽ
    വിങ്ങുന്ന മനസുമായ്
നിൻ കബറിടത്തിങ്കൽ
    നില്ക്കവേയാശ്വാസത്തിൻ
പീയൂഷധാര കൊണ്ടീ—
    ഞങ്ങളെ കുളിർപ്പിക്കും
നിൻസ്നേഹം സീമാതീതം
    നിൻ കൃപയത്യുദാരം.
    *    *    *    *    *

എണ്ണിയാൽത്തീരാത്തെത്ര
    നവ്യമാം പരിഷ്ക്കാരം
സർവ്വവും വിശ്വാസത്തിൻ
    ദീപ്തിയിൽ നമ്മെ ചേർക്കാൻ
നാടിന്റെ നന്മയ്ക്കായി
    ചെയ്തവയ്ക്കളവില്ല
നാളയെ മുന്നിൽക്കണ്ടും
    വർത്തിക്കാൻ പഠിച്ചവൻ !
മാനസവ്രണങ്ങൾ തൻ

മത്സരിക്കുന്നന്യോന്യം !
മർത്ത്യമക്കളെ സർവ്വം
ദൈവമക്കളായ്ക്കണ്ടും
ഭാരതജനതയെ
ഭാരതീയരായ്ക്കണ്ടും
വിശ്വസാഹോദര്യത്തിൻ
വിപ്ലവം പ്രസംഗിച്ചും
ശത്രുഗണങ്ങളിലും
മിത്രഭാവം ദർശിച്ചും
കേരളത്തിൽ ക്രൈസ്തവ-
സ്നേഹമായ് വിളങ്ങി നീ
സേവന സരണിയിൽ
മാർഗ്ഗദീപവുമായി.
ആത്മീയപ്രഹർഷത്താൽ
നിദ്രയുണർന്നും താതൻ
ഈശ്വരസ്തവങ്ങളിൽ

സ്നേഹതാതാ താവക
ജീവിതമത്യുത്കൃഷ്ടം
ഭാവനയ്ക്കതിന്നോർമ്മ
മാധുര്യപ്രദായകം !
മാനസങ്ങൾക്കാത്മീയ
പീയുഷം തവനാമം
ജീവിതങ്ങൾക്കോ നിത്യം
ആശ്വാസം കൃപാതീർത്ഥം !
ഈ ദിവ്യ നിമിഷത്തിൽ
ചാവറോക്തിയ്ക്കാശംസാ
ഹാരമൊരുക്കീടട്ടെ—
യങ്ങേയോർമ്മപ്പൂക്കളാൽ.
ഇപ്പനിമലർമാല—
യർപ്പിച്ചുൾത്താരിൻ ശാന്തി—
മന്ത്രവുമായി ഞങ്ങൾ
നില്ക്കട്ടെ നിർവൃതിയിൽ...

1. കുട്ടനാട്ടിലെ കൈനകരിയിൽ ഇന്നും സംരക്ഷിച്ചു വരുന്ന ചാവറയച്ചന്റെ ജന്മഗൃഹം.
2. മാന്നാനത്ത് ഇന്നും പൂജ്യമായി സംരക്ഷിച്ചു വരുന്ന വാഴ്ത്തപ്പെട്ട ചാവറയച്ചൻ താമസിച്ചിരുന്ന മുറി.

# ചാവറോക്തികൾ

## ശൈശവം - ബാല്യം

### *മനുഷ്യനായി, പൂർണ്ണമനുഷ്യനായി സൃഷ്ടിച്ചതിന് നന്ദി*

ഇക്കാണായ പ്രപഞ്ചത്തിന്റെ ആദികാരണമായസർവ്വേശ്വരൻ എന്നെ ആദിമനുഷ്യനായ ആദത്തിന്റെ വംശത്തിൽ ഒരുവനായി സൃഷ്ടിച്ചു. അല്ലയോ ദൈവമേ ! ഈ മഹത്തായ പ്രവൃത്തിക്ക്കാരണം എന്താണ് ? ഞാൻ തന്നെ പറയട്ടെ. അനാദിയായ അങ്ങയുടെ ഔദാര്യം ഒന്നുമാത്രം.

ഈ പ്രപഞ്ചത്തിൽ എത്രയോ മൃഗങ്ങളേയും തിര്യക്കുകളേയും നാം കാണുന്നു. കൃമിസദൃശ്യനായ എന്നെ മേൽപ്പറഞ്ഞ ജീവികളിൽ ഒരെണ്ണമായി സൃഷ്ടിച്ചിരുന്നെങ്കിൽ എത്ര ദൗർഭാഗ്യം എനിക്കുണ്ടാകുമായിരുന്നു. അങ്ങനെയെങ്കിൽ ''എന്തുകൊണ്ട് എനിക്ക് നരജന്മം നൽകിയില്ല'' എന്നുചോദിക്കാൻ ഈ ലോകത്തിലോ, പരലോകത്തിലോ ആരെങ്കിലും കാണുമായിരുന്നോ !

വിസ്തൃതമായ പ്രപഞ്ചത്തിന്റെ പ്രജ്ഞ എന്ന കണക്കേ (വിശാലമനസ്കനായ ദൈവമേ അവിടുത്തെ മനസ്സു പോലെ എന്നും അർത്ഥം കല്പിക്കാം) ഈ മഹാ പാപിയായ എന്നെ അങ്ങേ മഹത്വത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. ഇതെല്ലാം, സകലത്തിന്റെയും അധീശനായ അങ്ങേ കാരുണ്യമൊന്നിനാലാണല്ലോ,

അല്ലയോ നല്ലവനായ ദൈവമേ ! അങ്ങയുടെ അഭീഷ്ടമനുസരിച്ച് എനിക്കു നരജന്മം പ്രദാനം ചെയ്തു. സ്വർഗ്ഗത്തിൽ പരമോന്നതനായ അങ്ങയുടെ സന്നിധിയിൽ എന്നെ

ഭൂമിയിൽ ഇഴഞ്ഞു നീങ്ങുന്ന ഒരു പുഴു കണക്കേ, പൂഴി മണ്ണുകൊണ്ട് എന്നെ സൃഷ്ടിച്ചുവെങ്കിലും യാതൊരു കുറവും കൂടാതെ ഈ ലോകത്തിൽ വസിക്കുവാൻ വേണ്ടി അന്യൂനമായ പരിപാലനയും അങ്ങു നൽകിയിട്ടുണ്ടല്ലോ. (കാവൽദൂതനെ നിയോഗിച്ചു എന്നും അർത്ഥം കല്പിക്കാം.)

ഞാൻ ജനിച്ച അന്നുമുതൽ എന്നെ കാത്തുപരിപാലിക്കുവാൻ സദാസമയവും എൻെറ സമീപം അങ്ങുണ്ടായിരുന്നു. അതുകൊണ്ടുമാത്രമാണ് ഇന്നോളം ഞാൻ ജീവിച്ചത്.

ഒന്നിനും കഴിവില്ലാത്തവളായ എൻെറ പെററമ്മയുടെ സംരക്ഷണം ഒന്നുകൊണ്ടുമാത്രം എല്ലാകാര്യവും സാധിക്കുമായിരുന്നോ ? എന്നെ ഉറക്കിക്കിടത്തിയിട്ട് എൻെറ അമ്മ പോകുമ്പോഠം ഉറക്കമില്ലാത്തവനായ ദൈവമേ, അങ്ങ് എന്നെ കാത്തുസൂക്ഷിച്ചുകൊണ്ടിരുന്നു.

കരുണ നിറഞ്ഞ സർവേശ്വരാ, കരകാണാത്ത കൃപാസമുദ്രമേ ! അങ്ങ് അതിയായ കാരുണ്യപൂർവ്വം അക്കാലമെല്ലാം നല്ല കരുതലോടെ എന്നെ സംരക്ഷിച്ചിരുന്നുവല്ലോ.

അല്ലയോ കാരുണ്യവാനേ! നിൻെറ ദയാവായ്പു മൂലം ഉത്ഭവപാപം നീക്കുന്ന ജലം കൊണ്ട് സ്നാനം നല്കി എൻെറ ഭയത്തേയും പാപങ്ങളേയും നിർമ്മാർജ്ജനം ചെയ്യുകയും ദൈവേഷ്ട പ്രസാദവും മററു ഗുണങ്ങളും അക്കാലത്തു നൽകി എന്നെ അനുഗ്രഹിക്കയും ചെയ്തല്ലോ !

## *പ്രായമേറിയപ്പോൾ തിന്മയുടെപിടിയിലായി*

അയ്യോ കഷ്ടം! ഞാൻ വളർന്നപ്പോഠം എൻെറ വിളക്കിൽ നെയ്യും അഗ്നിയും ഇല്ലാതായി. എൻെറ പന്തം പുകയുന്നതായി ഞാൻ കണ്ടു. ഇതുപോലെയുളള ഒരു ദൗർഭാഗ്യം മററാർക്കാണുണ്ടായത്. അല്പനും അഹങ്കാരിയുമായ ഞാൻ എൻെറ വെളിച്ചം കെടുത്തിക്കളഞ്ഞിരിക്കുന്നു!

എനിക്കും എൻെറ സഹജീവികഠക്കും പ്രകാശം പകരു

നായ എനിക്ക് പൈതലായിരിക്കേ നൽകിയ അനുഗ്രഹങ്ങളെല്ലാം ഞാൻ കളഞ്ഞു കുളിച്ചു. അയ്യയ്യോ! മഹാദുഃഖം എനിക്കു വന്നു ചേർന്നിരിക്കുന്നു !

എന്റെ രക്ഷകനും നാഥനുമായ ദൈവമേ! നിന്റെ തിരുവവതാരനാളുകളിൽ പൈതലായ നിന്റെ ശോഭാവഹമായ കണ്ണുകളിൽനിന്ന് ഉറന്നൊഴുകിയ കണ്ണുനീരിനെ ഓർത്ത് പാപിയായ ഞാൻ എന്റെ പൈതൽ പ്രായത്തിൽ ചെയ്തുപോയ പാപങ്ങളെ പൊറുക്കേണമേ എന്ന് ഹൃദയതാപത്തോടുകൂടി പ്രാർത്ഥിക്കുന്നു.

അമ്മാനുവേലായ നാഥാ (ദൈവം നമ്മോടുകൂടെ എന്നർത്ഥം) 'അങ്ങേയ്ക്കു പരമോന്നതമായ സ്തോത്രം, ആമ്മേൻ' എന്ന് പറഞ്ഞു ഞാൻ സ്തുതിക്കുന്നു.

## കണ്ണുകളെയും കാതുകളെയും ദുരുപയോഗിച്ചതിൽ ഖേദം

നല്ല കാഴ്ചകളെ കണ്ട് അർത്ഥം മനസ്സിലാക്കാനും അതുവഴിയായി ദൈവമേ, നിന്നെ സേവിച്ചാരാധിപ്പാനും വേണ്ടിയാണല്ലോ എനിക്കു കണ്ണുകൾ നൽകിയത്. പക്ഷേ, ഞാൻ എന്താണു ചെയ്തത്. നീ തന്ന കണ്ണുകളെ തിന്മ ചെയ്യുന്നതിന് ഉപകരണമാക്കി ഞാൻ മാററി.

അല്ലയോ, ദൈവമേ, നല്ല കാര്യങ്ങൾ കേൾക്കുവാൻ വേണ്ടിയാണല്ലോ എനിക്കു നീ കാതുകൾ തന്നത്! പക്ഷേ, ഞാൻ എന്റെ കർണ്ണങ്ങൾ വഴിയായി ഹൃദയത്തിന് ദുഃഖമാണ് വരുത്തിയിട്ടുള്ളത്. നന്മയുടെ സമുദ്രമായ സർവ്വേശ്വരാ, അങ്ങയെ ദേവാലയത്തിൽ ചെന്ന് കണ്ട് ആരാധിക്കുവാനായി എനിക്ക് കാലും കരങ്ങളും അങ്ങ് പ്രദാനം ചെയ്തു.

അങ്ങ് എന്നെ പുത്രനായി സ്വീകരിച്ചുവല്ലോ. ആ ഉന്നതമായ പദവി ഞാൻ നഷ്ടമാക്കികൊണ്ട് പിശാചിന്റെ ദാസനായിരിക്കുന്നു.

വെണ്മയുള്ള ആത്മാവോടെ നടക്കുവാൻ നിന്റെ യത്നത്തിന്റെ പ്രതീകമായി നീ തന്ന വെള്ളവസ്ത്രവും നന്മകളും ശുദ്ധിയുമുണ്ടായിരുന്നു. പാപിയുമായ ഞാൻ നഷ്ടമാക്കി. എന്നെ കാണുന്ന ആളുകൾ എന്റെ സന്മാതൃകകണ്ട് നിന്നെ സേവിക്കുന്നതിനു മാർഗ്ഗദീപമായി പ്രകാശം എനിക്കുതന്നു.

## സ്നേഹമയിയായ അമ്മ ആദ്യഗുരുനാഥ

ഉത്ഭവപാപം നീക്കുന്ന ജലം കൊണ്ട് സ്നാനം നല്കി എന്റെ ദോഷങ്ങളെയും പാപത്തെയും നിർമ്മാർജ്ജനം ചെയ്ത് ദൈവിക പ്രസാദവും നൽകിയെന്നെ അനുഗ്രഹിച്ചു. സ്വർഗ്ഗത്തിനവകാശിയാക്കി. മാതാപിതാക്കന്മാർവഴി എന്നെ വിശ്വാസികളുടെ സ്നേഹമയിയായ അമ്മ ആദ്യഗുരുനാഥ എന്നെ പരിപാലിക്കാൻ ഒരമ്മയെയും എനിക്കുനല്കി. അമ്മയ്ക്കു അങ്ങുനൽകിയ സ്നേഹം അവരെ എന്നിലേക്കു പകർന്നു. മുലപ്പാലിനോടൊപ്പം പ്രാർത്ഥനയുടെ മാധുര്യവും ഞാൻ ആസ്വദിച്ചു. അർത്ഥം ഗ്രഹിക്കാൻ പ്രായമായപ്പോൾ അതെല്ലാം പറഞ്ഞുതന്ന് അവർ എന്നെ പഠിപ്പിച്ചു. എന്റെ അമ്മയുടെ പാദത്തിലിരുന്നാണ് എന്റെ ദൈവത്തെ ഞാൻ അറിഞ്ഞത്. പാതിരാത്രിയിൽ ഉറക്കമുണർന്ന എന്റെ അമ്മ മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുമായിരുന്നു. അപ്പോൾ ഞാൻ അതിനോട് കൂടുമായിരുന്നു. നിശബ്ദപ്രാർത്ഥനകൾ മാതാവിനോടും ഈശോയോടുമുള്ള പ്രാർത്ഥനകളെല്ലാം കേട്ടാണ് ഞാൻ ഉറങ്ങിയിരുന്നത്.

വാക്കുകൾ ഉച്ചരിക്കാറായപ്പോൾ ദൈവനാമവും പ. കന്യകാമറിയത്തിന്റെയും വി. യൗസേപ്പ് പിതാവിന്റെയും നാമവും പറഞ്ഞുതന്ന് എന്റെയമ്മ എന്നെ പഠിപ്പിച്ചു. തിരുഹൃദയത്തെയും ഈശോയുടെ പീഡാസഹനങ്ങളെയും കുറി

ശ്രദ്ധയോടെ എന്റെയമ്മ എന്നെ പഠിപ്പിച്ചു. എന്റെയമ്മ എന്നെ ഒരിക്കലും വടികൊണ്ടോ കൈകൊണ്ടോ ശിക്ഷിച്ചിട്ടില്ല. എന്നെ സന്തോഷിപ്പിക്കാനും ശിക്ഷിക്കാനും അമ്മയുടെ നോട്ടം മാത്രം മതിയായിരുന്നു. അങ്ങനെ ഞാൻ ദൈവത്തിനു പ്രിയങ്കരനായി വളർന്നു വന്നു. അഞ്ചുവയസായിരിക്കയിൽ അലെക്സന്ത്രിയനായ ഒരു അദ്ധ്യാപകൻ എന്നെ പഠിപ്പിക്കാൻ വന്നു. കളരിയാശാന്റെ കീഴിൽപഠിച്ചു. കൂട്ടുകാരിൽ പലരും അലെക്സന്ത്രിയരായിരുന്നു. അവരുടെ കൂടെ ഞാൻ അറിവില്ലാത്ത പലതും കുറ്റകരമായി ചെയ്തുപോയി. അന്നുമുതൽ എനിക്കു ദുഃഖം പകരുന്നകാലവും തുടങ്ങി, ആ കൂട്ടുകാരുമായുള്ള സംസർഗ്ഗം കൊണ്ട് അമ്മയോടുണ്ടാകേണ്ട കൃതജ്ഞതയെല്ലാം ഞാൻ മറന്നുപോയി.

കണ്ണുതുറന്നുകാണുന്നതും ചെവികളിൽ പറയുന്നതും പാപഹേതുക്കളും മാത്രം. അടക്കവും ഒതുക്കവുമില്ലാത്ത കളി വിനോദങ്ങളും അശുദ്ധചേഷ്ടകൾ നഗ്നരൂപങ്ങളിലുള്ള നടപ്പും. സംസാരം ദുഷിച്ചവാക്കുകളിൽ.

എനിക്ക് പത്തുവയസായപ്പോൾ ദൈവം അവിടുത്തെ ദയാവായ്പിനാൽ എന്നെ വിളിച്ചു. ഇക്കാര്യം സംശയലേശമെന്യേ എനിക്കു പറയാൻ സാധിക്കും. ഞങ്ങളുടെ കുടുംബത്തിൽ പുരോഹിതവൃത്തിതെരഞ്ഞെടുത്ത ഒരാൾ പോലും ഉണ്ടായിരുന്നില്ല. ഈ മാർഗ്ഗത്തിലേക്കു എന്നെ നയിക്കുവാൻ ഒരു ഗുരുഭൂതൻ തികച്ചും യാദൃച്ഛികമായി വന്നു.

ദൈവമേ അവിടുത്തെ കുമാരന്റെ വളർത്തു പിതാവായ യൗസേപ്പിതാവിന്റെ നാമത്തിലുള്ള ദേവാലയത്തിൽ വസിക്കുവാൻ അനുഗ്രഹം കിട്ടിയതും അങ്ങേ കൃപാതിരേകം കൊണ്ടു മാത്രം. അന്ന് അവിടെയുണ്ടായിരുന്ന ഗുരുശ്രേഷ്ഠൻ എന്നെ പരിപാലിച്ചു വളർത്തി. പൂജയിൽ പങ്കു കൊള്ളാനും അന്യമാർഗ്ഗങ്ങൾ വെടിഞ്ഞ് പുണ്യമായി ജീവിക്കാനും എന്നെ പഠിപ്പിക്കുകയും ചെയ്തു.

## മരിയദാസൻ

കാരുണ്യവാനായ ദൈവം ആദ്യം മുതൽ എന്നിൽ കരുണാകടാക്ഷമേകി. പൈതലായ എന്നെ മുലപ്പാലേകി വളർത്തിയ നാളിൽത്തന്നെ എൻെറ അമ്മ ദൈവമാതാവിൻെറ തൃപ്പാദത്തിങ്കൽ സമർപ്പിച്ച് ഇങ്ങനെ പ്രാർത്ഥിച്ചു. ദൈവജനനിയായ പ. കന്യകാമറിയമേ പാപിയായ എൻെറ ഉദരഫലമായ ഈ കുഞ്ഞിനെ നിൻെറ തൃപ്പാദത്തിൽ ഞാൻ കാഴ്ചവയ്ക്കുന്നു. നിൻെറ ദാസനായി ഇവനെ നീ കാത്തു പരിപാലിക്കണമെ. ആ സമയത്ത് അവിടെയുള്ള പുരോഹിതൻ ഇങ്ങനെ പറഞ്ഞു. ''ദൈവമാതാവിൻെറ ദാസനായി ഇവനെ പരിപാലിച്ചു വളർത്തുക. ഇവൻ സാക്ഷാൽ നിൻെറ പുത്രനല്ല മാതാവിൻെറ ദാസനെന്നു കരുതുക.'' ഇതെല്ലാം എൻെറ അമ്മ എനിക്കു പറഞ്ഞുതന്നതാണ്.

അപ്പനും അമ്മയും മക്കളുമൊരുമിച്ച് മാവിൻെറ ഇല പൊഴിയുന്നതുപോലെ വീണുപോകുന്നു. എന്നെ ശിക്ഷിക്കുവാൻ അങ്ങുയർത്തിയ കരം എന്നിൽ നിന്ന് അന്യരിലേയ്ക്കു തിരിച്ചതിൻെറ കാരണം എന്തെന്ന് നാഥാ ഞാൻ അറിയുന്നില്ല. അങ്ങ് എന്നെ പരിപാലിക്കുന്ന സമയത്ത് എന്നേക്കാൾ സുകൃതികളായ പലരും മരണമടഞ്ഞിരുന്നു.

എന്നെ സൃഷ്ടിച്ച ഈ ലോകത്തിൽ എത്ര മനുഷ്യരെ അങ്ങു സൃഷ്ടിച്ചു. അവരിൽ ചിലർ സത്യമറിയാത്തവരായി ജനിച്ചു. ഇപ്പോഴും അങ്ങനെ കഴിയുന്നു. എന്നെ അവരിൽനിന്നൊക്കെ നീക്കി നിന്നെ സ്നേഹിച്ചാദരിക്കുന്ന ജനങ്ങളിൽപ്പെടുത്തി. അതിനെല്ലാം കാരണം അങ്ങയുടെ കൃപാതിരേകം തന്നെ. എന്നുമാത്രമല്ല ഈ ലോകത്തിൽ ജനിക്കുന്ന ജനങ്ങളിൽ ചിലർക്ക് കാൽ സ്വാധീനമില്ല. ചിലർക്ക് കൈയില്ല, കണ്ണില്ല ചിലർക്ക് കേൾവിയില്ല. ഇപ്രകാരം ജനിക്കുകയും ജീവിക്കുകയും ചെയ്യുന്നു. രോഗം കൊണ്ടും ദാരിദ്ര്യം കൊണ്ടും കഷ്ടപ്പെടുന്നവർ. ഇങ്ങനെയുള്ളവരിൽ

രുന്നുവെങ്കിൽ എന്റെ വിധി എന്താകുമായിരുന്നു. ഈ ലോകത്ത് എനിക്ക് ഒട്ടും കുറവു വരുത്തിയില്ല. എന്നെ വലിയ ധനവാനാക്കിയുമില്ല, അമ്മയുടെ ഉദരത്തിൽ എന്നെ അങ്ങു കാത്ത് രക്ഷിച്ചു ജനനശേഷവും അങ്ങയുടെ കൃപ എന്നെ തുടർന്നു. അവിടുത്തെ പരിശുദ്ധഗ്രന്ഥത്തിൽ എന്റെ നാമം എഴുതി വയ്ക്കുകയും ചെയ്തു. അക്കാലത്ത് എന്റെ പാപങ്ങൾ എന്റെ കൺമുമ്പിൽ എനിക്കുണ്ടായിരുന്ന പരിശുദ്ധിയും ഹൃദയ പരമാർത്ഥതയും എല്ലാം ഞാൻ നിഷ്ഫലമാക്കിക്കളഞ്ഞല്ലോ. ഇത് എത്രയോ ദുഃഖകരമായ കാര്യമാണ്. എന്റെ ബോധം വളർന്നതോടുകൂടി എന്റെ പാപങ്ങളും വളർന്നു. ക്രോധം, അഹങ്കാരം, ശേഷം ദുർഗുണങ്ങളും എന്നിൽ തഴച്ചു. എന്നെ കണ്ട് മററുള്ളവർ നിഷ്കളങ്കനായ ഓമന പൈതൽ എന്നു കരുതി. കുമ്മായം പൂശിയ കല്ലറ പോലെയായിരുന്നു ഞാൻ. എന്റെ ഹൃദയവും എത്രയൊവെടിപ്പില്ലാത്തതായിരുന്നു.

## ദൈവം എന്റെ പ്രാണവായു

ദൈവമേ ജ്ഞാനസ്നാനം വഴി എന്നെ പുത്രനായി അങ്ങു സ്വീകരിച്ചു എന്നാൽ അറിവില്ലായ്മകൊണ്ട് ഞാൻ എന്റെ ഭാഗ്യം നഷ്ടമാക്കി. എന്റെ ദുഃഖം ഞാൻ പിശാചിന്റെ ദാസനായല്ലോ എന്നുള്ളതാണ് പാപം കാരണം എനിക്ക് വലിയ ദുഃഖം. ലജ്ജകൊണ്ട് എന്റെ നയനങ്ങൾ താഴ്ന്നു പോകുന്നു. ദൈവമേ അങ്ങാണെന്റെ പിതാവ്, എന്റെഅമ്മയും അങ്ങു തന്നെ. അങ്ങിലല്ലാതെ എനിക്ക് എവിടെ ആശ്വാസം ലഭിക്കും. എന്റെ സ്നേഹവും ഭാഗ്യവും അങ്ങു മാത്രം എന്റെ പ്രാണവായു അങ്ങാണ്. ഭക്ഷണ പാനീയങ്ങളും അങ്ങു തന്നെ. നിന്നിലല്ലാതെവിടെയാണെനിക്കാശ്വാസം. മാമ്മോദീസയിൽ വെള്ള വസ്ത്രം എന്നെ ധരിപ്പിച്ചു. സന്മാതൃക കാട്ടിക്കൊടുക്കാൻ ദീപം കാണിച്ചു തന്നു. പാപത്തിൽ ചീഞ്ഞഴുകാതിരിക്കാൻ നിന്റെനാമമാകുന്ന ലവണം ഞാൻ സ്വീകരിച്ചു. എന്റെ ആദ്യപിതാവായ ആദം ചെയ്ത

അങ്ങ് വാഗ്ദാനം ചെയ്തതു പോലെ സ്വന്തം സുതനെ അയച്ചു. കാരുണ്യം കൊണ്ട് ഭുവനവാസികൾക്ക് എല്ലാം ജ്യേഷ്ഠ സഹോദരനുമായി. അമ്മേ ! മനോഹരിയായ മാതാവേ, മാതൃദാസനായ എന്നിൽ കൃപാകടാക്ഷം ഉണ്ടാകണമേ. കന്യകയായ മാതാവേ എന്റെ അമ്മേ അങ്ങാണെന്റെ ആശ്രയം. ഭിന്നമാർഗ്ഗങ്ങളിൽ ചരിച്ചഎന്നെ എന്റെയമ്മേ ഉപേക്ഷിക്കരുതേ നിന്റെ ഹൃദയത്തിൽ എനിക്കു സ്ഥാനം തരണമേ. ചെറുപ്പം മുതൽതന്നെ നിന്റെ ദാസനായി എന്നെ സ്വീകരിച്ചു. അന്നു മുതൽപരിപാലിച്ചു.

ഈ പ്രപഞ്ചത്തിലുള്ള ചെറുതും വലുതുമായ വസ്തുവകകൾ മിന്നൽ വെളിച്ചം പോലെ കടന്നുപോകുന്നു. ഈ സത്യം ഞാൻ ഗ്രഹിച്ചില്ല. കണ്ണിന് ഇമ്പകരമായ കാഴ്ചകളെ ഞാൻ കാര്യമായിക്കരുതി നശ്വരമായ പ്രപഞ്ചമാണിതെന്ന് ധരിക്കാതെ അവയിൽ ഞാൻ മനസൂന്നുകയും ചെയ്തു. സ്വന്തം കണ്ണുകൊണ്ടുതന്നെ എന്റെ നാഥനായ ദൈവത്തെ നിന്ദിച്ചു. എന്റെ നിർഭാഗ്യമായിപ്പോയി, എന്റെ രക്ഷകനും നാഥനുമായ ദൈവമേ പൈതലായനിന്റെ ശോഭയേറിയ കണ്ണുകളിൽ നിന്നൊഴുകിയ കണ്ണുനീരിനെ ഓർത്ത് ഞാൻ എന്റെ പൈതൽ പ്രായത്തിൽ ചെയ്തുപോയ പാപങ്ങൾ പൊറുക്കണമേ. അമ്മാനുവേലായ നാഥാ അങ്ങേക്ക് പരമോന്നതമായ സ്തോത്രം.



# II. ദൈവവിളി

അഞ്ചാമത്തെ വയസിൽ എഴുത്തിനിരുത്തി. അഞ്ചുവർഷംകൊണ്ട് ആശാന്മാരിൽനിന്നും തമിഴ്മലയാളവും തെക്കൻമലയാളവും പഠിച്ചു. അങ്ങനെ എഴുത്തും വായനയും വശമാക്കി.

## അൾത്താര ബാലൻ

"ദിവസവും സന്ധ്യാസമയം പൈതങ്ങൾ പള്ളിയിൽ വരുന്നതിനും ശട്ടമിട്ട പാട്ടായിട്ട പ്രാർത്ഥന നമസ്ക്കരിക്കയും, കുമ്പസാരിപ്പാൻ വരുന്നവർക്കു ആയത്തപ്പാടു ചൊല്ലിക്കൊടുത്ത് കുമ്പസാരിപ്പിക്കയും തലെദിവസം കുമ്പസാരിപ്പിച്ചും പിറെറദിവസം ആവശ്യപ്പെട്ടാൽ കുമ്പസാരിപ്പിച്ചും ശുദ്ധ കുർബാന കൈക്കൊള്ളുന്ന ക്രമം തന്നാൽ അവിടെപുത്തനായിട്ട കണ്ടതായി തോന്നുന്നു. കുമ്പസാരം കൊടുക്കുന്നതിനുമുമ്പിൽ വിശ്വാസരഹസ്യവും നമസ്ക്കാരവും ചോദിക്കുന്ന മര്യാദയും കുമ്പസാരം ചെയ്യുന്നതിൽ ദീർഘമായ താമസവും ചിലപ്പോൾ മറിച്ചും പിന്നീടും ചെയ്യുന്ന മര്യാദയും തന്നിൽനിന്ന് പുറപ്പെട്ടതുപോലെയും തോന്നുന്നു. അപ്രകാരം അടുക്കെയടുക്കെ ഭക്തിയായിട്ട കുമ്പസാരിച്ചു വരുന്ന മുറയും. ഇതൊക്കെയും അവിടെ തുടങ്ങിയതുപോലെ തോന്നുന്നു. അതെന്ത്യെ ? ഈ എഴുത്തുകാരൻ– പുസ്തകമെടുത്ത് മാററിവെയ്പാൻ പാടില്ലാത്ത ചെറിയ പ്രായത്തിൽ കുർബാനക്കു കൂടുന്നതും പഠിച്ചു. അപ്പോൾ ഈ വേലയ്ക്കായിട്ട അവിടെ പാർത്തിരുന്നു. കണ്ണാലെ ഇതൊക്കയും ആദ്യം കണ്ടതുപോലെ ആയിരിക്കുന്നു. തന്റെ ഹൃദയത്തിൽ കത്തിയെരിയുന്ന ദൈവസ്നേഹത്തിന്റെ ശക്തിയാലെ ഞായറാഴ്ചകളിലും തിരുനാളുകളിലും മഹാ എരിവോടുകൂടെ പറഞ്ഞുവന്നിരുന്ന ജ്ഞാനപാഠർത്ഥകളാലും പുണ്യജീവിതത്താലും പുർത്തുഗേസ്പേച്ച് സിമ്മനാരിയിൽ വച്ച പഠിച്ചിരുന്നതുമല്ലാതെ കുർബാന ഒഴികെ

തന്റെ ഭരിപ്പാലും ആ ദിക്കുകാരക്കൊക്കെക്കും ബഹുസമ്മതമായിരുന്നു. '(സുറിയാനിക്കുർബാന നടപ്പിലായിരുന്ന കാലത്ത് ഉപയോഗിച്ചിരുന്ന വലുപ്പവും ഭാരവുമുള്ള തക്സായെപ്പററിയാണിവിടെ പറയുന്നത്. സുവിശേഷവായനയ്ക്കുമുമ്പായി തക്സാ സ്ററാൻഡോടുകൂടി ഇടത്തുവശത്തേക്കു സഹായി മാററിവയ്ക്കണം.)

## *സെമിനാരി പ്രവേശനം*

'എന്റെ പതിനൊന്നാമത്തെ വയസിൽ പഠിക്കണമെന്നുള്ള മനസും ഉണ്ടായിരുന്നതിനാലും കാരണവന്മാരായ അപ്പനും അമ്മയ്ക്കും മനസില്ലാഞ്ഞു എങ്കിലും അമ്മാച്ചനായ തോപ്പിൽ ഗീവറുഗീസ് കത്തനാരച്ചന്റെ അപ്പന്റെയും എന്റെ ഇളയപ്പന്റെയും മനസാൽ കാരണവന്മാരും സമ്മതിച്ചു. അപ്പോൾ ഈ ദേഹത്തിന്റെ ഇളയമ്മ എന്നെ മുമ്പ് ഓർപ്പിച്ചിരിക്കുന്നവരുടെ മകന്റെയും വചനത്താൽ എന്നെയും ചേർത്തു ഞാനും കൂടി.;

ഇങ്ങനെ ചെമ്മാച്ചൻമാരായതിന്റെ ശേഷം മററുള്ള സെമിനാരികളിൽ ചെമ്മാച്ചന്മാർക്ക് പുത്തൻകുർബാന ചൊല്ലും വരെയും തനിച്ച് ളോവ ഉണ്ടാക്കുക ശട്ടമില്ലാഞ്ഞു. എന്നാൽ പെരുന്നാൾ അടിയന്തിരം ശാവു പുല മുതലായ സംഗതികൾക്ക് റാസ, തപസുകുർബാന ഇങ്ങനെയുള്ളതിനും ദൽമത്തി, കാപ്പ മുതലായവ ഉടുക്കേണ്ടിവന്നാൽ മററു പട്ടക്കാർക്ക് ഉണ്ടാക്കിയിരിക്കുന്ന ളോവകളെ വാങ്ങിച്ച് ഉടുത്തുംകൊണ്ട് മേലെഴുതിയ ചിററായ്മകൾ നടത്തിവരുമാറാകുന്നു.'

## *സെമിനാരി പഠനം*

''ഇങ്ങനെ പഠിപ്പിച്ചുവരുമ്പോൾ സുറിയാനിപേച്ചിൽ ശാസ്ത്രപുസ്തകങ്ങളും തെഒലൊജിയാ മൊറാൾ ഇങ്ങനെയുള്ള പുസ്തകങ്ങൾ ഇല്ലായ്കയാൽ പട്ടക്കാരുടെ അറിവിന്റെയും പഠിനത്തിന്റെയും ചുരുക്കത്താലുള്ള മോശങ്ങൾ

പേച്ചിൽ ഉണ്ടാക്കിയിട്ടുണ്ടെന്നുള്ള കേൾവിയാൽ ആയ്ത അന്വേഷിച്ച ചില പുസ്തകങ്ങൾ വരുത്തി അപ്രകാരംത ന്നെയിവിടങ്ങളിലും ചില മിസ്യോണരിമാരാൽ ചില മല യാഴ്മ പുസ്തകങ്ങൾ ഉണ്ടാക്കിയിരുന്നതും അന്വേഷിച്ചു വരുത്തി ഞങ്ങൾക്ക് വായിപ്പാനും ഈ ദെഹത്തിനും അതെ ന്റെ അക്കാലങ്ങളിൽ പട്ടക്കാരക്കും മല്പാന്മാരായാൽ ശുദ്ധമാന പുസ്തകം വായിക്കയും പഠിപ്പിക്കയും ചൊല്ലി കൊടുക്കുകയും ചെയ്യും. ആയ്തും പുത്തൻഅനന്ത്രപ്പാട എന്നതല്ലാതെ ഒരു ജ്ഞാനപുസ്തകവായനയില്ലാഞ്ഞു ചട്ട മായിട്ടു. കുർബാന കാനൊ. യിതകഴിച്ച ശംശാരികളെപ്പോൽ ലോകവാഴ്ചയുടെ അന്വേഷണം തന്നെ ആയിരുന്നു. ഈ ദെഹം ഇതിനായി തമൂറ പഠിച്ചു' ആ പുസ്തകങ്ങൾ വായിച്ചു വന്നു.''

## സെമിനാരി അനുഭവം

''കന്നിമാസം 13നു മാർ സ്ലീവായുടെശേഷം ഉള്ള പട്ടത്തിന്റെ അവധിയ്ക്കു പട്ടമെൾപ്പാൻ ചെമ്മാച്ചൻമ്മാരെ അയക്കണമെന്നും ഞങ്ങളുടെ മല്പാനച്ചന്നു എഴുതികൊടു ത്തയച്ചിരുന്ന കല്പനപ്രകാരം പട്ടമേൾക്കുന്നതിന്നായിട്ട ഞങ്ങൾ പലരും പട്ടം തരുവിപ്പാൻ ഞങ്ങളുടെ അച്ചനും ഇങ്ങനെ ഞങ്ങൾ കന്നിമാസം 10നു 10 മണി രാത്രിയാ യപ്പോൾ വരാപ്പുഴെ കടവിലടുത്തിറങ്ങിയപ്പോൾ പട്ടമി ല്ലന്നും മെത്ത്റാനച്ചൻ പോകുന്നുവെന്നും ഇങ്ങനെയൊരു വർത്തമാനം കേൾക്കയാൽ ഞങ്ങളൊക്കെക്കും ഏറിയ ഖേദമുണ്ടായി. അവിടെനിന്നും ബ. മെത്ത്റാനച്ചന്റെ സെക്രത്താരിയായിരുന്ന പോരുക്കരെ അച്ചന്റെ മുറിയിൽ ഞങ്ങൾ കയറിയപ്പോൾ ഈ വർത്തമാനങ്ങൾ ഒക്കെയും പരമാർത്തമായിട്ടറിയുകയും ചെയ്തു. പിറെറദിവസം ബ. അച്ചനെ കാണ്മാൻ ഞങ്ങൾ പോയി. കൈയ്യും മുത്തിയപ്പോൾ ഇനിക്കു ബോധത്തിന്നു സൌഖ്യക്കെടെന്നും ആയതുകൊണ്ടീ ദിവസങ്ങളിൽ ഞാൻ കുർബാന ചൊല്ലു വാൻ പാടില്ലാ യെന്നതിനെക്കൊണ്ടു പട്ടമേൽപ്പാൻ വന്ന

## ആസ്തപ്പാട് പട്ടം

1817-ൽ വരാപ്പുഴ വികാരിഅപ്പസ്തോലിക്ക ആയിരുന്ന പത്രോസ് ദെ അൽക്കാന്ത്രാ മെത്രാനിൽ നിന്ന് ആസ്തപ്പാട്പട്ടം സ്വീകരിച്ചു. എൻെറ അവകാശത്തിൻെറ ഭാഗം കർത്താവാകുന്നു എന്നു തദവസരത്തിൽ ഉച്ചരിച്ച പ്രതിജ്ഞാവാക്യത്തിന് അനുയോജ്യമായ ജീവിതമാണ് നയിച്ചത്.

## ദൈവവിളിക്കെതിരായി ആഞ്ഞടിച്ച കൊടുങ്കാററ്

നാളാഗമത്തിൽ അദ്ദേഹം ഇങ്ങനെ എഴുതുന്നു. "സെമിനാരിയിൽ ആയിരിക്കുമ്പോഴംതന്നെ അപ്പനും അമ്മയും, ഉണ്ടായിരുന്ന ഒരു ജ്യേഷ്ഠസഹോദരനും മരിച്ചു. ജ്യേഷ്ഠത്തിയും ഒരു പെൺ പൈതലുമായി. ദുഃഖസന്താപങ്ങളൊക്കെയും ദൈവതിരുമനസ്സിനു കീഴ്വഴങ്ങികൊണ്ട് സഹിക്കയും, പഠിച്ച പഠനത്തിനൊത്തവണ്ണം ദൈവമാതാവിന് അടിമയായി കയ്യാളിച്ച്, വിശേഷഭക്തിക്കാരനായിത്തീരുകയും ചെയ്തു."
(നാളാ. p. 350)

## പുത്തൻ കുർബാനയ്ക്കു മുമ്പുള്ള വീടുകയററം

പുത്തൻകുർബാന ചൊല്ലുന്ന തലേവ്യാഴാഴ്ച വീടുകയറുക എന്ന ഒരു ക്രമം നടപ്പുണ്ടായിരുന്നു. ഇത് ആസ്തപ്പാട് ഏററാലുടൻ ചെയ്യേണ്ടതായിരുന്നു മുമ്പ്. ക്രമം. അതിചെലവിനെ വിചാരിച്ച് ചില സ്ഥലങ്ങളിൽ അത് അശേഷം ഇല്ലാതായി. ചിലയിടത്ത് മേൽപറഞ്ഞതുപോലെ വ്യാഴാഴ്ചനാഠം ശമ്മാശിനടുത്ത ശുർശ്രൂഷുമാത്രം ഇട്ടുകൊണ്ട് യോഗക്കാരോടും പട്ടക്കാരോടും കൂടെ വീട്ടിൽ ചെന്ന് പെണ്ണു കെട്ടുന്ന മണവാളന് മധുരംവച്ച് നുള്ളിതിന്നുന്നതുപോലെ എല്ലാവരോടും ചോദിച്ചുകൊണ്ട് മധുരംവയ്ക്കുകയും പുത്തൻപട്ടക്കാരൻ നുള്ളിതിന്നതിൻെറ ശേഷം പട്ടക്കാർക്കും യോഗക്കാർക്കും ഒരു തിൻ

അനുസരിക്കുന്നതുമല്ല:— (ഒരു പുത്തൻ കുർബാന കഴിയുമ്പോഴും ചില പട്ടക്കാർക്ക് പതിനായിരം ചക്രംവരെ കടവും ഉണ്ടാകുമായിരുന്നു)

## പൗരോഹിത്യ സ്വീകരണം

''1829-ാം കാലം കുർബാന പട്ടമേററ അന്നത്തെ മര്യാദ പോലെ ചേന്നൻകരിപ്പള്ളിയിൽ പുത്തൻ കുർബാനയും ചൊല്ലി''.*

പട്ടമേററതിനുശേഷമുള്ള കാര്യങ്ങളെക്കുറിച്ച് നാളാഗമത്തിൽ ചാവറയച്ചൻതന്നെ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ''വീണ്ടും പള്ളിപ്പുറത്തുവന്നു മല്പാനച്ചനെ കണ്ട് തിരികെ ഇടവകയിൽ ഏകദേശം ഒരുമാസം താമസിച്ചു. അവിടെനിന്നും പുളിങ്കുന്നിൽ ഒന്നു ചുററി. അതിനാൽ അവിടെ ഒരു പററുതൽ തോന്നി. കുറെ താമസിച്ച് വലിയ നോയമ്പിന്റെ തുടക്കം അവരുടെ തെക്കേ അങ്ങാടി അററത്തുള്ള കുരിശുപള്ളിയിൽ ഒരു ധ്യാനവും കഴിപ്പിച്ചു. ഇതിനാൽ ഒരു പിടിത്തം അവിടെയുമുണ്ടായി. ഈ താമസവും ചുററി നടപ്പും മല്പാനച്ചന് ഒട്ടും തെളിഞ്ഞില്ല. ആയതിനാൽ ഭയപ്പെട്ട് വീണ്ടും പള്ളിപ്പുറത്തു വന്നു'' (നാളാഗമം I A p 351)

(തെഒളൊജിയ = ദൈവശാസ്ത്രം)

(മൊരാന = സന്മാർഗ്ഗശാസ്ത്രം)

# III. സന്യാസസഭാ സ്ഥാപനം

## ബേസ്‌റൗമ്മായിൽ

(മാന്നാനത്ത്)

ചാവറയച്ചൻ അന്നത്തെ സംഭവങ്ങൾ വിശദമായി എഴുതി യിട്ടുള്ളതു നോക്കുക. ''മലയാററൂരച്ചനും ഞാനും കൂടി അതിരമ്പുഴ എത്തി ഉത്തരവിന്റെ മറുപടി അനുവാദം പുണ്യവാളച്ചന്റെ സഹായത്താൽ കിട്ടേണ്ടതിന് സ്തപസു കുർബ്ബാന ചൊല്ലി. പെരുന്നാൾ കൊണ്ടാടി. പോരൂക്കര അച്ചൻ കുടമാളൂർ ചെന്നുകൊണ്ട് മുതൽപിടിക്കാരന്റെ പക്കൽ യാക്കോബിനെ അയപ്പാൻ ഒരു കടലാസ് എഴുതുവാൻ തുടങ്ങി. അത് മെത്രാനച്ചൻ കണ്ട് സന്തോഷത്തിന്റെ ഏററി പ്പാലും മലയാളം എഴുതുവാനുള്ള ആഗ്രഹത്താലും ആ കട ലാസു വാങ്ങിച്ച് എഴുതുകയും ചെയ്തു. യാക്കോബ് മുതൽപിടിക്കാരനെ ചെന്നു കണ്ടാറെ ഇപ്പോൾ തന്നെ സാധി ക്കാമെന്നും ആയതിന് വല്ലതും കൊടുപ്പാനുണ്ടോയെന്നും ചോദിക്കയിൽ വീണ്ടും വന്ന് നൂറു കലിയൻകൊണ്ട് ഏററു മാനൂർക്ക് പോയി. ഞങ്ങൾ കുരിശുവയ്പാനുള്ള ഇടം വിധയം വരുത്തി കല്ലും വെട്ടിച്ച് മരപ്പണിയും തുടങ്ങിയി രിക്കുന്നു. കല്ലുവയ്പാനുള്ള അനുവാദം വന്നിട്ടു വേണ മെന്നുവെച്ച് താമസിച്ചിരിക്കയിൽ മൂന്നാം ദിവസം രാത്രി യിൽ കാര്യക്കാരന്റെ ചീട്ട് പ്രവർത്തിയാരന്നു കൊടുത്തു. പ്രവർത്തിയാരന്റെ ചീട്ട് കരക്കാരു വന്നുനിന്ന് പള്ളിക്കു കല്ലിടുവിച്ച് കൊടുക്കത്തക്കവണ്ണമായിരുന്നു. ഇങ്ങനെ ഈ ചീട്ടും ദൈവസഹായത്താലും മുതൽ പിടിക്കാരന്റെ വേല യാലും യാക്കോബ് ഒരു കാശും ചിലവിടാതെ വാങ്ങി ക്കൊണ്ടു വന്നു. വെളുത്തപ്പോൾ പോരൂക്കരയച്ചനും വന്നു. ചീട്ടു കണ്ടപ്പോൾ സന്തോഷമായി. പോരൂക്കര അച്ചൻ കുട മാളൂർ ചെന്ന് ബ. മെത്രാനച്ചനെ ഈ വിവരങ്ങൾ ബോധിപ്പി ച്ചാറെ ഇപ്പോൾതന്നെ മരം കൊണ്ട് ഒരു കുരിശു തീർത്ത്

പിച്ചു. അപ്രകാരം പോരൂക്കര അച്ചൻ വന്നു പറഞ്ഞയുടൻ മലയാററൂരച്ചൻ തയ്യിൽ ചെന്ന് മരം വാങ്ങിച്ച് ഒരു കുരിശും തീർപ്പിച്ച്, കോരപ്പണിക്കരേയും വരുത്തി സന്ധ്യ ആയ ഉടൻ കരക്കാർ തരകൻെറയും കൊച്ചുപോത്തൻമാപ്പിളയുടേയും കൃഷിക്കാരും ഉപകാരം കൈക്കൊള്ളുന്നവരുമായതുകൊണ്ട്, പറഞ്ഞുകൊണ്ടു പോകണമെന്ന് ഒരാളെ തരകൻ പറഞ്ഞയച്ചു വരുത്തി.''

(കുരിശു സ്ഥാപിച്ച ദിവസം നടന്ന അത്ഭുതകരമായ ഒരു സംഭവം ചാവറയച്ചൻ തൻെറ നാളാഗമത്തിൽ എഴുതിയിട്ടുണ്ട്. പോരൂക്കരയച്ചൻ കളപ്പുരയിൽ വച്ച് കുരിശ് റൂശ്മാ ചെയ്തു. കൊട്ടും ഘോഷവും നടത്തി മേടമാസം 28-ാം തീയതി രാത്രിയിൽ കുരിശു സ്ഥാപിച്ചു. അവിടെവച്ചു പുണ്യവാളന്മാരുടെ ലുത്തിനിയ ചൊല്ലി. പാലായിലെ ഉള്ളാട്ടുതറ കുടുംബത്തിലെ ഒരു ശെമ്മാശനും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. അയാളുടെ അനുജനായ ഒരു ബാലനും ഈ ആഘോഷങ്ങളിൽ പങ്കു കൊണ്ടു. ലുത്തിനിയാ കഴിഞ്ഞയുടൻ മേല്പറഞ്ഞ ബാലൻ എൻെറ കാലിന്മേൽ എന്തോ കടിച്ചു എന്നു പറഞ്ഞ് നിലവിളിച്ചു. ഭയങ്കരമായ ഉഷ്ണവും. തളർച്ചയും അയാൾക്ക് അനുഭവപ്പെട്ടു. ഒരു വിധത്തിൽ ആ ബാലനെ മററുള്ളവർ താങ്ങിയെടുത്തു കൊണ്ടുപോയി. പോരൂക്കര അച്ചൻ അവൻെറ മുഖത്ത് ഹന്നാൻ വെള്ളം തളിച്ചു എല്ലാവരോടും പ്രാർത്ഥിക്കുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. വൈദ്യന്മാരെ വിളിക്കുകയോ, ചികിത്സിക്കുകയോ വേണ്ടെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിൻെറ ഉറച്ച വിശ്വാസത്തിന് ഫലമുണ്ടായി. പ്രതിവിധികൾ ഒന്നും ചെയ്യാതെ തന്നെ നേരം വെളുത്തപ്പോൾ രോഗം സൗഖ്യമായി. ദൈവപരിപാലനയുടെ അദൃശ്യകരങ്ങൾ എല്ലാവർക്കും പ്രത്യക്ഷമാവുകയും ചെയ്തു.)

## *ദർശന വീടിനായുള്ള ശ്രമം*

''എന്നാൽ ഇതിനുള്ള പ്രധാനികളും വേലക്കാരും മനസ്

അഭിപ്രായത്താൽ ചെറുപ്പം തുടങ്ങി നിശ്ചയിച്ച ചാവറ കുര്യാക്കോസെന്ന ഈ എഴുത്തുകാരനും ഈ അച്ചന്മാരുടെ ബുദ്ധി ചൊല്ലാൽ അർത്തുങ്കൽവച്ച് കുർബ്ബാനപ്പട്ടം ഏററപ്പോൾ മെത്രാനച്ചനോടുകൂടെയുള്ള ഒന്നാമത്തെ കുർബ്ബാനയിൽ ഈ സ്ഥലവും വേലയും നടന്നു നിറവേററാനുള്ള ദൈവാനുകൂല്യം ഉണ്ടാകണമെന്നുള്ള നിരൂപണയാൽതന്നെ ആ ഒന്നാമത്തെ പൂജ അണച്ചു''

## *മാന്നാനം ആശ്രമത്തിലെ ദിനചര്യ*

ആശ്രമത്തിന്റെ പണികൾ നടക്കുന്നതോടൊപ്പം ആശ്രമ മുറകളനുസരിച്ചുള്ള വ്രതനിഷ്ഠമായ ജീവിതക്രമം പാലിക്കുവാനും അവിടെ താമസിക്കുന്നവർ ശ്രദ്ധിച്ചു. മാന്നാനത്തെ സന്യാസാർത്ഥികൾ പിന്തുടർന്നിരുന്ന ഭക്താഭ്യാസങ്ങളെക്കുറിച്ച് ചാവറയച്ചൻ നാളാഗമത്തിൽ ഇങ്ങനെ വിവരിക്കുന്നു.

''പോരൂക്കര അച്ചന്റെ അധികമായ എരിവാൽ മൂന്നുനേരമായിട്ട് നൂററിഅൻപത്തിമൂന്നുമണി ജപവും, വ്യാകുലം, യൗസേപ്പു പുണ്യജപം, വെന്തിങ്ങാ തുടങ്ങിയ ജപങ്ങളും, ഞായറാഴ്ച ഉച്ചയിൽ പാട്ടു പൂജയും പിന്നെ പടാർത്ഥ (പ്രസംഗം), പിന്നീടു കൊന്ത ഇങ്ങനെ മുഴുവൻ ശുദ്ധമായി കൊള്ളിപ്പാനായിട്ട് ഇടകൊടുക്കാതെയുള്ള ഈ വേലയും വല്യ നോമ്പിൽ 'ഹുദറ' നാമസ്കാരവും വെള്ളിയാഴ്ച മൂന്നുമണി കഴിഞ്ഞാൽ മലയുടെ താഴെ തുടങ്ങി പതിനാലു പാസ്സിന് (കുരിശിന്റെ വഴി) പതിനാലു കുരിശുനാട്ടി ഏവരും കൂടിട്ടുള്ള വിയാസാക്ര. ഈ വിയാസാക്രകേട്ട് അതിരമ്പുഴ, പുന്നത്ര, കുടമാളൂർ, കൈപ്പുഴ ഇങ്ങനെയുള്ള എടവകകളിൽ നിന്നും ഭക്തിക്കാര് എത്തും.''

## *വന്ദ്യഗുരുവായ പാലയ്ക്കൽ മല്പാനച്ചന്റെ അന്തിമരംഗം*

നമ്മുടെ വന്ദ്യപിതാവായ പാലയ്ക്കൽ തോമ്മാച്ചനുണ്ടായിരുന്ന ദൈവഭക്തി, വിശ്വാസം, ശരണം, ദൈവ തിരുച്ചിത്തത്തോടുള്ള പൂർണ്ണ യോജിപ്പ് എന്നിത്യാദി പുണ്യങ്ങളുടെ പ്രവൃത്തികൾ ദിനത്തിൽ അധികമായി ഇദ്ദേഹത്തിൽ ശോഭിക്കുകയും ആ പുണ്യങ്ങളുടെ പ്രകരണങ്ങൾ ചെയ്യുകയും ചെയ്തിരുന്നു.) ദിനത്തിന്റെ കഠിനവേദനകൾ മഹാക്ഷമയോടെ അനുഭവിച്ചും അന്ത്യകൂദാശകൾ ഒക്കെയും ബോധത്തെളിവോടെ കൈക്കൊണ്ടും 1841-ാം കാലം മകരം 16-ാം തിയതി ശനിയാഴ്ച അതായത് വെള്ളിയാഴ്ച പാതിരാവു കഴിഞ്ഞ് മരിച്ചു. 41 വരെ ദിവസേന റാസചൊല്ലി. പിന്നെയും 28 തോറും ചൊല്ലി. അവരവരു പാർക്കുന്ന ഇടങ്ങളിൽ തിങ്കളാഴ്ചതോറും ഓരോ റാസയും 365 കുർബ്ബാനയും ഒരോരുത്തര് ഏററു നിറവേററി. നാല്പത്തൊന്നും ശിഷ്യരുടെ പേർക്കു കഴിച്ചു. ആയതിന് പട്ടക്കാരുടെ പേർക്ക് 120 ചക്രവും ശെമ്മാശന്മാര് .....ചക്രവും വീതം എടുത്ത് ഇതുകൊണ്ടു നാല്പത്തൊന്നും കഴിച്ച്മൂവായിരം ചക്രം കുർബ്ബാനയും ധർമ്മവും വകയ്ക്ക് കൊവേന്തയിൽ ഇട്ടിരുന്നു.

## പോരുക്കര തോമ്മാമല്പാനച്ചനെപ്പററി

ചാവറയച്ചൻ നാളാഗമത്തിൽ പ്രസ്താവിക്കുന്നതുപോലെ പോരുക്കര അച്ചന്റെ ഭരണംകൊണ്ട് "ഇടിയാലെ ഭൂമിയെയിളക്കി പഞ്ചഫലാദികളെ മുളപ്പിക്കുന്നതുപോലെ ഏറിയകാലമായിട്ട് കുമ്പസാരിക്കാതെയും മററും നടന്നവരെയും വലിയ ദുർന്നടപ്പുകാരെയും- വല്യവരായിട്ടും ചെറിയവരായിട്ടുള്ളവരെ- ദൈവഭയത്താൽ ഇളക്കി പലരെയും ഭക്തിക്കാരാക്കി. ഇന്നും ആ ഓർമ്മ വിടാതെ ഭക്തിക്കാരാക്കിയിരിക്കുന്നവരുമുണ്ട്.

## പോരുക്കര തോമ്മാമല്പാനച്ചന്റെ സംസ്ക്കാരാവസരത്തിൽ

"ഈ വന്ദ്യപിതാവിന്റെ പറഞ്ഞറിയിപ്പാൻ സാധിക്കാത്ത ബുദ്ധിമുട്ടുകളുടെയും വേലകളുടെയും ഫലമായ ഈ ചുരു

വുണ്ടാക്കിയ ഈ ദേവാലയവും ഈ സന്യാസഭവനവും അതിനോട് ചേർന്നിരിക്കുന്ന സകല സംഗതികളും തൻെറ പിൻഗാമികളും ജ്ഞാനമക്കളുമായിരിക്കുന്ന നമ്മുക്കേവർക്കും ഈ വന്ദ്യ പിതാവിൻെറ നിത്യ ഓർമ്മ ആയിരിക്കട്ടെ. ഇവകളെ നാം കണ്ട് വന്ദ്യപിതാവിൻെറമേൽ നന്ദിയും സ്നേഹവും എന്നേയ്ക്കും കാണിപ്പാൻ കടപ്പെട്ടിരിക്കുന്നു. ദൈവസ്തുതിക്കും ആത്മാവുകളുടെ രക്ഷയ്ക്കുമായി തൻെറ ചുരുങ്ങിയ ആയുഷ്ക്കാലം ചെലവഴിച്ച് നീതിമാന്മാർക്കു കിട്ടുന്ന ഭാഗ്യമരണം പ്രാപിച്ച് നിത്യഭാഗ്യം അനുഭവിപ്പാൻ പോയിരിക്കുന്നുവെന്ന് നമുക്ക് ശരണപ്പെടാം.''

## അധികാര വിധേയത്വം

''മെത്രാനച്ചനും ലെയോപോൾഡച്ചനും ഞാൻ ഇവിടെ താമസിക്കണമെന്നു താല്പര്യമായി എന്നെ ചുമതലപ്പെടുത്തിയിരിക്കകൊണ്ട് അവർ ഇവിടില്ലാത്ത സമയം ഞാൻ മന്നാനത്തേക്കു പോകുന്നതിന് എൻെറ മനസ്സാക്ഷി സമ്മതിക്കുന്നില്ല.'' സ്വന്തം ആരോഗ്യസൗഖ്യത്തെ അപകടപ്പെടുത്തിക്കൊണ്ടു പോലും മേലധികാരികളെ അനുസരിക്കുന്നതിൽ പ്രിയോരച്ചൻ പ്രദർശിപ്പിച്ച വിനയാതിരേകം അന്യാദൃശ്യം തന്നെ.

## ആശ്രമങ്ങളുടെ ഭദ്രത എന്തിൽ?

രോഗാലസ്യം വർദ്ധിച്ചതുകൊണ്ട് പൊതുക്രമത്തിനു വിരുദ്ധമായി ശയ്യയെ അഭയം പ്രാപിക്കാതെ ഗത്യന്തരമില്ലെന്നുവന്നപ്പോഴും വളരെ ബദ്ധപ്പെട്ട്, ''അടുത്തമുറിവരെ നടന്നുചെന്ന് മൂപ്പച്ചനോട് അനുവാദം ചോദിച്ചു വാങ്ങിയശേഷം മാത്രമേ കിടക്കുന്നതിനു മനസ്സായുള്ളു'' എന്നു കൂനമ്മാവു കൊവേന്തയിലെ നാളാഗമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

കൊവേന്തകളുടെ ഉറപ്പ് ചുമരുകളുടെ കനമല്ല— പിന്നെയോ അതിൽ പാർക്കുന്നവരുടെ എരിവും പുണ്യവു

ത്മാവ്. സഭാംഗങ്ങളെ ക്രമാനുഷ്ഠാന നിഷ്ഠരാക്കുവാൻ മാതൃകപോലെതന്നെ അദ്ദേഹത്തിന്റെ ഉപദേശവും എത്ര ഹൃദയസ്പർശകമാണെന്നു നോക്കുക:

''നമ്മുടെ സമ്പത്തുകളും കാരണവന്മാരെയും തമ്പുരാനെക്കുറിച്ച് നമ്മൾ ഉപേക്ഷിച്ചു. ഇനി നമ്മുടെ മടി ഉപേക്ഷയാലെ നമ്മൾ തമ്പുരാനെയും ഉപേക്ഷിക്കുമെങ്കിൽ അത് എത്രയോ അബദ്ധം, എത്രയോ ഭ്രാന്ത്.''

## മേല്പട്ടക്കാരന്റെ താക്കീത്

ആ രംഗം ചാവറയച്ചൻ ഇങ്ങനെയാണ് വിവരിച്ചിരിക്കുന്നത്.

അപ്പോൾ പിതാവിനടുത്ത ഉപവിഷ്ടയോടുകൂടി കല്പിച്ചു. ''താൻ ചെറുപ്പം, ഇങ്ങനെയോ മേല്പട്ടക്കാരുടെ മുൻപിൽ ഉത്തരിക്കേണ്ടത്. തന്റെ മനസ്സുപോലെ നടക്കണം, ആഹാ! ഇതിനോ പട്ടമേററത്? ഇപ്പോൾ തന്നെ മുടക്കുവാൻ ആവശ്യം പോ, പോ'' എന്നുള്ള കല്പന കേട്ട് ഞാൻ ഭയപ്പെട്ടു മുട്ടുകുത്തി കൈമുത്തി ഇറങ്ങുകയും ചെയ്തു.

## ആശ്രമസ്ഥാപനം

''ബഹുമാനപ്പെട്ട ഞങ്ങളുടെ മല്പാനച്ചൻ ഞങ്ങളെ പടിപ്പിച്ചിരിക്കുമ്പോൾ ആ ദേഹത്തിന്റെ ഏറിയ പ്രയാസത്താൽ എജമാനന്മാരെ ബോധിപ്പിച്ച് ആ പള്ളിയിലും പിന്നെയും ചില പള്ളികളിലും കൊഗ്രഗസ്യാം എന്ന കർമ്മലമാതാവിന്റെ ദർശന പെരുന്നാൾ ഉണ്ടാക്കി ഘോഷിച്ചിരിക്കയിൽ ആ ദേഹത്തിന്ന ഏററിയ്ക്കപ്പെട്ട സ്നേഹക്കാരനായി ബഹുമാനപ്പെട്ട പോരൂക്കരെ തോമ്മാകത്തനാരച്ചനും കൂടിയിരുവരുംകൂടെ ഈ മലയാളത്തിൽ പട്ടക്കാർക്കപോലും ഒരു തപസ്സുഭവനമില്ലായ്കയാൽ ഏറിയ നന്മകൾക്ക വീഴ്ചയായിരിയ്ക്കകൊണ്ട വല്ലപ്രകാരത്തിലും

[illegible]

ത്താൽ ബഹുമാനപ്പെട്ട ബോമ്പയുടെ വീഗാരി അപ്പസ്തോ ലിക്ക ആയ മാർ മൌറെലിയോസ് ദൊലിയ്ക്ക എന്ന മെത്രാനച്ചൻ യിവിടെയ്ക്ക വന്നു.

## "നിഷ്കളങ്കനായ ഇസ്രയേൽക്കാരൻ"

"ഭോഷനായ എനിക്ക് രണ്ടിലും സന്തോഷം ഒരുപോലെ തോന്നിയിരുന്നു. പോരൂക്കരയുടെ അഭിപ്രായത്തിനു സന്തോഷം, അച്ചന്റെ അഭിപ്രായത്തിനു ഉള്ളിൽ സന്തോഷ ക്കേടുമില്ല. പുറമേ സന്തോഷം തന്നെയായിരുന്നു. എങ്കിലു അച്ചന്റെ അഭിപ്രായത്തിനും മനസ്സിനും ചേർന്നു നടക്ക ണമെന്നുംവെച്ച് പോരൂക്കരയച്ചൻ അദ്ദേഹത്തിന്റെ മല്പ നച്ചനെക്കായിൽ ഇദ്ദേഹത്ത സ്നേഹിച്ചു ചേർന്നിരിക്ക യാൽ അച്ചന്റെ മനസ്സുപോലെ എന്നും കീഴ്പടിഞ്ഞു".

## മാന്നാനത്തു സെമിനാരി സ്ഥാപിക്കുന്നതിന് ഭിന്നാഭിപ്രായം ഉണ്ടായ സാഹചര്യം

"ഇതിനെ കേട്ടപ്പോഠ മാത്രമെ ഭോഷന്റെ ഹൃദയത്തിൽ ഈ ന്യായം കടന്നൊള്ളു. ഉള്ളതുതന്നെ" എന്നായിരുന്ന ചാവറയച്ചന്റെ പ്രതികരണം. എത്ര ആർജ്ജവതം- തികഞ്ഞ ഹൃദയ പരമാർത്ഥത !

"പോരൂക്കരയച്ചൻ വരട്ടെ, അതുവരെ അങ്ങനെതന്നെ ഇരിക്കട്ടെ; താഴത്തുകാരു താഴെത്തന്നെ പോയി പഠിപ്പിൻ എന്നു യാതൊരു പിടിവാശിയും കൂടാതെ ചാവറയച്ചൻ പഠ തിക്കാരെ അറിയിക്കുകയും ചെയ്തു.

പോരൂക്കരയച്ചൻ സ്ഥലത്തെത്തിയപ്പോഠ പിന്നെയു ദിവസങ്ങഠ പലതുകടന്നുപോയിരുന്നു. അപ്പോഴേക്കും വി ജനക്രമം നടപ്പായി ഒരു രീതിയിലെത്തിക്കഴിഞ്ഞിരിക്കുന്നത കൊണ്ടു ഇനി മാററി മറിക്കുന്നതു ശരിയല്ല എന്നാണു പെ

രുന്ന കുടക്കച്ചിറ അന്തോനിശെമ്മാശൻ സെമ്മിനാരി വിട്ടു പോയതോടെ ആ വിവാദ പ്രശ്നത്തിനു തിരശ്ശീലയും വീണു.

## അന്തിമോപദേശം

''നിങ്ങൾ എന്തിനു ദുഃഖിക്കുന്നു? മനുഷ്യൻ ആരുതന്നെ ആയാലും എപ്പോഴെങ്കിലും മരിക്കണം. എനിക്കായിട്ടുള്ള സമയം ഇപ്പോൾ ആകുന്നു. ദൈവാനുഗ്രഹത്താൽ ഈ സമയം ഓർത്തു എന്നാൽ പാടുള്ള ഒരുക്കങ്ങൾ കുറേനാൾ മുൻപു തുടങ്ങി ഞാൻ ചെയ്തുവന്നു. ഭക്തിയുള്ള എന്റെ മാതാപിതാക്കന്മാർ ഈശോ മറിയം യൗസേപ്പ് എന്ന മഹാകുടുംബത്തെ പല വിധത്തിൽ എന്നെ ഓർപ്പിക്കുകയും ഞാൻ തിരുക്കുടുംബത്തെ ഇതുപോലെ (മേശയിൽ വച്ചിരുന്ന തിരുസ്വരൂപത്തെ കാണിച്ചുകൊണ്ട്) എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ കാർക്കയും ഓർക്കുകയും വണങ്ങുകയും ചെയ്തിരുന്നതിനാൽ അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിക്കകൊണ്ട് മാമ്മോദീസായിൽ എനിക്കു കിട്ടിയ ദൈവേഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ല എന്നു പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്. നമ്മുടെ പാവപ്പെട്ട സഭയേയും അംഗങ്ങളായ നിങ്ങളെല്ലാവരേയും ഈ തിരുക്കുടുംബത്തിന് ഞാൻ പ്രതിഷ്ഠിക്കുന്നു. തിരുക്കുടുംബത്തെ നിങ്ങൾ ആശ്രയിക്കുവിൻ. നിങ്ങളുടെ ഹൃദയങ്ങളിൽ ആ തിരുക്കുടുംബം അധികാരം നടത്തട്ടെ. ഞാൻ മരിക്കുന്നതിനെക്കുറിച്ചു നിങ്ങൾ ദുഃഖിച്ചു കലങ്ങേണ്ടാ. ദൈവതിരുമനസ്സിന്നു സന്തോഷത്തോടുകൂടി കീഴ്‌വഴങ്ങുവിൻ. ദൈവം സർവ്വവല്ലഭനും അറുതിയില്ലാത്ത അനുഗ്രഹക്കാരനുമാകുന്നു. സഭയ്ക്കും നിങ്ങൾ ഒരോരുത്തർക്കും എന്നേക്കാൾ കൂടുതൽ നന്മചെയ്യുവാൻ കഴിയുന്ന ഒരു പ്രിയോരച്ചനെ ദൈവം ഉടനെ തരും. നിങ്ങൾ എല്ലാവരും റേഗുലയും ന്യായപ്രമാണങ്ങളും ശ്രേഷ്ഠന്മാരുടെ കല്പനകളും സൂക്ഷ്മമായി അനുസരിച്ചു കാർക്കണം. ദിവ്യകാരു

കോരിയെടുപ്പിൻ. സഭയുടെ അംഗങ്ങളായിരിക്കുന്ന എല്ലാവരും പ്രത്യേകം ശ്രേഷ്ഠന്മാരും തമ്മിൽതമ്മിൽ പരമാർത്ഥ ഉപവിയുള്ളവരായിരിക്കണം. ഇപ്രകാരം നിങ്ങൾ ചെയ്യുമെങ്കിൽ ഈ സഭ വഴിയായിട്ടും ദൈവസ്തുതിയും ആത്മരക്ഷയും ഉണ്ടാകയും സഭ ഒന്നിനൊന്ന് അഭിവൃദ്ധി പ്രാപിക്കയും ചെയ്യും:'')

## *ജീവിത സായാഹ്നത്തിൽ*

(ഹംസഗാനം)

നാഥാ നീ മാത്രമാണെന്റെ ശരണം
എന്റെ മരണം സമീപിച്ചിരിക്കുന്നു.

നിന്നെ സ്മരിക്കുകയല്ലാതെ പ്രതീക്ഷകൾ മറ്റൊന്നില്ല.

കാണാതെപോയ ആടിനെ നീ തേടി വന്നെന്നും
രോഗമുള്ള വർക്കെല്ലാം നീ വൈദ്യനാണെന്നും
സത്യമായും ഞാൻ വിശ്വസിക്കുന്നു.

മഹാതപസനുഷ്ഠിച്ചവരെല്ലാം
നിസ്സംശയം നിന്റെ സന്നിധിയിൽ എത്തിച്ചേർന്നിട്ടുണ്ട്.

പാപിയായ ഞാൻ
എന്റെ പാപങ്ങളുടെ സമുദ്രം ദർശിക്കുന്നു.

നിന്റെ തിരുമുറിവുകളെ ഓർത്ത് ധ്യാനിക്കാനും
നിന്റെ തിരുരക്തം വഴിയായി ശരണം തേടാനുമല്ലാതെ
മററു തപക്രിയകൾ നടത്താൻ എനിക്കു കെല്പില്ല എന്നത്
തീർച്ചയാണ്.

എനിക്കു പ്രതീക്ഷ നല്കുന്നത്
നിന്റെ നിർമ്മല നിണമാണ്.

# IV. മരണപത്രിക

ബ. എൻെറ കൂടപ്പിറപ്പുകളായ കൊവേന്ത അച്ചന്മാരും സ്നേഹിക്കപ്പെട്ട മക്കളായ പുതു സന്യാസികം, അൽമേനി ദർശനക്കാർ ഏവരോടുംകൂടെ കർത്താവിൽ സ്തുതി ചൊല്ലി, നിങ്ങളുടെ ശുശ്രൂഷിയായ ആഹാ കുറിയാക്കോസ് ഏലിയാ എന്ന ഞാൻ നിങ്ങളോടുള്ള എൻെറ കഴിവ് ഉപദേശവും ഒടുവിലത്തെ ഗുണദോഷവാക്കും പാവരുളുമായി ഇതിനെ അറിയിക്കുന്നു.

1. പ്രിയ കുഞ്ഞുങ്ങളെ, നാം സർവ്വേശ്വരൻെറ വിശേഷ കൃപയാൽ ദേവമാതാവിന് എത്രയും ഇഷ്ടപ്പെട്ടവരായ കർമ്മലിത്താ സഭക്കാരായി വിളിക്കപ്പെട്ടു. എന്നാൽ ഇത് ദൈവാലോചനയാൽ അല്ലാതെ മനുഷ്യനടുത്ത വിചാരത്താലല്ലായെന്ന്... കണ്ടുറച്ചിരിക്കുന്നു. അതെങ്ങനെയെന്നാൽ, ഇതിൻെറ അടിസ്ഥാനക്കാരനായ പെ. ബ. പാലയ്ക്കൽ, പോരൂക്കര എന്ന തോമ്മാച്ചന്മാർ അപേക്ഷിച്ചതും ക്രമപ്പെടുത്തി വന്നതും ശുദ്ധ: ദുമ്മനിക്കോസിൻെറ സഭക്കാരാകണമെന്നത്രെ. ഇതിനായിട്ടത്രെ അതുവരെ ഇവിടെ നടപ്പില്ലാത്ത വെള്ളളോവ ധരിച്ചു തുടങ്ങിയതും മററും. ഇതിനാൽ നമ്മുടെ ബലക്ഷയം കണ്ടിട്ട് ഈ അമ്മ തൻെറ വിശേഷസ്നേഹത്തിൽ ചേർത്തു. എന്നാൽ കുഞ്ഞുങ്ങളേ, ഞാനും നിങ്ങളും ഇതുവരെ യഥാർത്ഥത്തിലുള്ള സന്യാസികളായില്ല. സന്യാസിയുടെ ഏക അടയാളം സ്വന്തമനസ്സിനെ മുഴുവൻ ഉപേക്ഷിച്ച് കണ്ണും ചെവിയും പൂട്ടിയുള്ള അനുസരണയത്രെ. ഇതുള്ളവൻ സന്യാസി. ഇത് പ്രയാസമില്ലാത്ത ഒരു കാര്യമാണെങ്കിലും മുഴുവനായി ആയില്ല എന്നോർത്ത് ഉത്സാഹിക്കണം ......... തുടക്കത്തിൽ വിഷമവും മനസുകേടും ആയിട്ടു തോന്നിയാലും കുറെക്കഴിയുമ്പോഠം നന്നായി

2. പ്രിയമുള്ള കൂടപ്പിറപ്പുകളായ പെ. ബ. ഓരോരോ കൊവേന്തകളുടെ മേലധികാരികൾ യഥാർത്ഥമായ ഉപവി യും കെട്ടുപാടും എത്ര കൊവേന്തകൾ ഉണ്ടായാലും ഒരു വീട്, ഒരമ്മയുടെ ഉദരത്തിൽനിന്നു പിറന്ന് ആ തള്ളയുടെ പാൽകുടിച്ച് വളർന്നവൻ എന്നതിൻ വണ്ണമുള്ള, യഥാർത്ഥ മായ സ്നേഹത്തിന് ഒരിക്കലും ഭേദം വരുത്താതെ മേല്ക്കു മേൽ വർദ്ധിച്ചു വരികയും വേണം ... ഈ സ്നേഹം എപ്പോഴും കുറഞ്ഞുപോവാതിരിപ്പാനായി ഓരോരോ കൊവേ ന്തകളുടെ ആവശ്യങ്ങൾ അതതു മേലധികാരികൾ സ്വന്തം കൊവേന്തയുടെ ആവശ്യങ്ങൾ അന്വേഷിച്ചു നടത്തുന്നതിനെ ക്കാൾ താല്പര്യത്തോടെ മററു കൊവേന്തയുടെ തലവന്മാർ അപേക്ഷിക്കുന്ന കാര്യങ്ങൾ നടത്തിക്കൊടുപ്പാൻ ശ്രമിക്ക ണം. അതിന്റെ കണക്കുകൾ തമ്മിൽ തമ്മിലുള്ള ആണ്ടാലോ ചനയ്ക്ക് കൂടുമ്പോൾ അതുവരെയും ഉള്ളതു തീർക്കുവാൻ ജാഗ്രത വയ്ക്കണം. കൂടാതെ ഈ ഉപവി ആറിപ്പോകാതിരി ക്കുവാൻ ആണ്ടുവട്ടത്തിൽ പലപ്പോഴും തക്ക ആവശ്യമില്ലെങ്കി ലും കൊവേന്തത്തലവന്മാർ തമ്മിൽ എഴുത്തുകൾ കൈമാറി അതതു കൊവേന്തകളിലെ കൂടപ്പിറപ്പുകളുടെ ക്ഷേമകാര്യ ങ്ങൾ അറിയുകയും അറിയിക്കുകയും ആവശ്യങ്ങൾ ഉണ്ടായി രുന്നാൽ നടത്തിക്കൊടുക്കുകയും വേണം.

3. കൂടപ്പിറപ്പുകളായ ക്രിസ്ത്യാനികളുടെ ആത്മ രക്ഷയ്ക്കായി സർവ്വേശ്വരൻ ഈ സഭ സ്ഥാപിക്കാൻ തിരു മനസ്സായിരിക്കയാൽ, അംഗങ്ങളുടെ ചുരുക്കം കൊണ്ട് അവർക്കു ലഭിക്കേണ്ട ഈ സഹായം ലഭിക്കുന്നില്ല. എന്നതു കൊണ്ട് ഈ അപേക്ഷ നിങ്ങൾ നമ്മുടെ പെ. ബ. പിതാവാ യ മെത്രാപ്പോലീത്താച്ചനോട് ഉണർത്തിച്ച് നിറവേററണം; അതായത് ഒരു നൊവിസ്യാത്തും ഒരു ആത്മീയപിതാവിനെ യും കൂടെ 'കല്പിച്ചു തരണമെന്ന്;' ഇത് എന്റെ ആഗ്രഹം ... ഇതിനൊക്കെയ്ക്കും നിങ്ങളുടെ അല്പമായ ബുദ്ധിമു ട്ടും ഉത്സാഹവും മതിയായിരിക്കുകയും ചെയ്യും ........

രിക്കാൻ സൂക്ഷിക്കണം. എനിക്ക് പെരുമാറുവാൻ പെ. ബ. ജരാർദുമൂപ്പച്ചൻ തന്ന റെലിക്കാ നിങ്ങൾക്കു സമ്മതമെങ്കിൽ കൈനകരിയിൽ തുടങ്ങിയിരിക്കുന്ന നന്മരണ സഭയുടെ ഉപവിശാലയ്ക്കു കൊടുത്താൽ ആ പാവപ്പെട്ട പുതുക്രിസ്തവർ 'മുതലായവർക്കു വലിയ കാവലും രക്ഷയുമായിരിക്കും എന്നുതോന്നുന്നു.

5. മാന്നാനത്തു കൊവേന്തക്കാർ മുട്ടുചിറ ഇടവകയിൽ മാഞ്ഞൂർ കളപ്പുരയ്ക്കൽ മാത്തൻ എന്ന ആളിന്റെ തറവാട്ടിന്, കഴിയുന്ന ഉപകാരസഹായം ചെയ്യണം. ഇതിനാൽ കർത്താവിന്റെ ശിഷ്യർക്കടുത്ത ഒന്നാമത്തെ മാതൃകയാവും. രണ്ടാമത്തേത് തയ്യിൽ, പെരുമാലിൽ ഈ രണ്ടു വീട്ടുകാർ ഇതിന് ഇരിപ്പിടം തന്നവരാകയാൽ ഇവരോടും കർത്താവിങ്കൽ എന്നും അരൂപിക്കടുത്ത ഉപവിയാൽ തന്നെകടപ്പെട്ടിരിക്കുന്നു. അപ്രകാരം തന്നെ കർമ്മലക്കാർ പാറായിയെയും എൽത്തുരുത്തുകാർ താരകനെയും കല്ലൂക്കാരനെയും, അമ്പഴക്കാട്ടുകാർ അമ്മയ്ക്കായി തന്ന ഇട്ടൂപ്പിന്റെയും ഓർമ്മക്കാരാകണം.

ഒടുവിലായി എ. പെ. ബ. വികാരി അപ്പസ്തോലിക്കാച്ചനോടും പെ. ബ. ദെലകാദച്ചനോടും പെ. ബ. മിഷനറി അപ്പസ്തോലിക്കാ അച്ചന്മാരോടും എല്ലാ കൊവേന്തക്കാരോടും ഞാൻ പൊറുതി അപേക്ഷിക്കുന്നു. എന്റെ കടമയ്ക്കു തക്കവണ്ണം ഓരോരുത്തരോട് ചെയ്യേണ്ട ശുശ്രൂഷകളിലും മററു സകലതിലും ഞാൻ കാണിച്ചിരിക്കുന്ന കുറവുകൾ എന്നോട് പൊറുക്കണമെന്ന് ദൈവതിരുമുമ്പിൽ ഞാൻ പൊറുതി അപേക്ഷിക്കുന്നു. ബ. കൂടപ്പിറപ്പുകളായ കൊവേന്തക്കാരോട് ഞാൻ അപേക്ഷിക്കുന്നു: ഇവിടെ ഈ സഭയിൽ ഒന്നാമനായി ഞാൻ പറഞ്ഞൊപ്പു ചെയ്തു. ഒന്നാംപ്രിയോരുമായി. എന്നാൽ നമ്മുടെ ന്യായപ്രമാണം കാത്തുപാലിക്കാനും മററുള്ളവരെക്കൊണ്ട് പാലിപ്പിക്കുവാനുമുള്ള എന്റെ കടമ ഞാൻ മുഴുവനായി നിറവേററിയില്ല. നല്ല മാതൃക ഞാൻ

പ്രത്യേകം തീക്ഷ്ണതയുള്ളവരാകണമെന്നും അപേക്ഷിക്കുന്നു.

## ലൊയോപ്പോൾദ് മിഷനറിയും, ചാവറയച്ചനും കൂടി സംയുക്തമായി ഇറക്കിയ സർക്കുലർ.

1. അറംമേനിക്കാരോടുള്ള സംസർഗ്ഗത്താലും. വർത്തമാനത്താലും സന്യാസികറംക്കുണ്ടാകുന്ന നാശം എത്രയോ ഏററിക്കപ്പെട്ടത്. വികാരിയുടെ അനുവാദം കൂടാതെ യാതൊരുത്തരോടും സംസാരിക്കരുത്.

2. എളിമയ്ക്കടുത്ത തൊഴിലായി ശൊവേന്ത അടിച്ചു വെടിപ്പാക്കുക എന്ന ക്രമത്തിന് എല്ലാവരും തയ്യാറാകണം. ഒരുത്തരും ഒഴിയാതിരിക്കുവാൻ സൂക്ഷിക്കുക.

3. ആവശ്യം നിർബന്ധിക്കുന്നു എങ്കിലല്ലാതെ സ്വന്ത മുറിയിൽ നിന്നും പുറപ്പെടാതിരിക്കുവിൻ സൂക്ഷിക്കുക.

4. ഉപവി, എളിമ, വെടിപ്പ്, ചുറുചുറുപ്പ്, ഇതു നാലും സുഖമായിരിക്കുമ്പോറം പോലും നാലുദിക്കിലും സുഖമായാൽ ലോകമൊക്കെയും സുഖമായതിൻ വണ്ണം ആകുകയും ചെയ്യും.

## ചങ്ങനാശേരി കൊവേന്ത സ്ഥാപനത്തെപ്പററി.

1. സ്ഥലം പതിപ്പിക്കുന്ന പേര്, മാന്നാനം മുതലായ കൊവേന്തകളുടെ പ്രിയോരിന്റെ പേരിൽ പതിപ്പിക്കണം.

2. ചന്തയിൽ ഉണ്ടാകുന്ന ആരവം കേറംക്കാതിരിക്കത്തക്കവിധം ചന്തയിൽ നിന്നും അകന്നിരിക്കണം.

3. വെള്ളം നന്നായിരിക്കണം. പുഴ ഇതായത് വള്ളം അടുക്കുന്നതിനു സമീപമായിരിക്കണം.

4. മൈതാനവും ഉഷ്ണക്കുറച്ചിലിന് സമീപത്ത്

# V. കത്തുകൾ

## 9-ാം പീയൂസ് മാർപാപ്പായ്ക്കുള്ള കത്ത്.

### തുടക്കം

പത്രോസിന്റെ താക്കോൽ പിടിച്ചിരിക്കുന്നവനും നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ലെന്ന് പത്രോസിനോടുപറഞ്ഞ് ധൈര്യപ്പെടുത്തിയവനുമായ നമ്മുടെ കർത്താവിന്റെ സഭയിലെ പരമാധികാരം കൈകാര്യം ചെയ്യുന്നവനുമായ പരി. പിതാവ് 9-ാം പീയൂസ് മാർപാപ്പായുടെ ഉന്നതവും മഹനീയവുമായ സിംഹാസനത്തിലേയ്ക്ക്.........

### സമാപനം

അവസാനമായി അങ്ങയുടെ സിംഹാസനത്തിനു മുമ്പിൽ മുട്ടുകുത്തി തൃപ്പാദങ്ങൾ ചുംബിച്ചുകൊണ്ട് ഞങ്ങൾ അപേക്ഷിക്കുന്നു. അങ്ങേയ്ക്കു കീഴ്വഴങ്ങി അങ്ങയുടെ വിശ്വസ്ത മക്കളായി വ്യാപരിക്കുന്നതിന് ഞങ്ങൾക്കു കഴിയുമാറ് അങ്ങേ പൈതൃകാശീർവാദം ധാരാളമായി ഞങ്ങൾക്കു നൽകണമെന്ന്.—

1

......അതിനാൽ പരി. പിതാവേ എളിമയോടുകൂടെ ഞങ്ങൾ കണ്ണുകളിൽ നിറഞ്ഞു നിൽക്കുന്ന കണ്ണുനീരോടുകൂടെ അങ്ങേപക്കൽ അഭ്യർത്ഥിക്കുന്നു. ഈ വസ്തുതകളുടെ സത്യാവസ്ഥ ഞങ്ങളെ അറിയിക്കണമെന്ന്. അത് ഞങ്ങളുടെ കൽദായ ഭാഷയിലായിരിക്കണം. (റോക്കോസ് മെത്രാനെ സംബന്ധിച്ച് ഒമ്പതാം പീയൂസ് മാർപാപ്പായ്ക്കുള്ള കത്തിൽ നിന്ന്)

2

അത്യുന്നതതിരുമേനി നല്ലതെന്നു എനിക്കുതോന്നുന്ന ഒരു സംഗതി അറിയിക്കുകയാണ് ഇവിടെ രണ്ടുമെത്രാന്മാർ ഉണ്ടാകുന്നത് വളരെ നല്ലതാണ്. ഒന്നു ലത്തീൻസഭയ്ക്കും

3

തമ്പുരാന് സ്തുതിയായിരിക്കട്ടെ, എന്റെ വേലയുടെ നാഴിക തീരാറായിരിക്കുന്നു. ഇനി ഏറെയില്ല. എന്നാൽ സർവ്വേശ്വരൻ കാരണവന്മാർക്ക് കൊടുത്തതിൽ അധികം എനിക്കുതന്നു. ആയത് ദൈവത്തിന്റെ അധികകൃപയാൽ എനിക്കുവേണ്ടി തന്നതല്ല. പിന്നയോ മററവർക്കുവേണ്ടിയും. (അനിന്തരവൻ യൗസേപ്പച്ചന്)

4

സ്നേഹിക്കപ്പെട്ട കൂടപ്പിറപ്പുകളേ– എത്രയും പ്രിയമുള്ള മക്കളേ– ഞങ്ങൾ ഇരുവരും പ്രായത്താലും സൗഖ്യക്കേടാലെയും ദൈവനീതി ആസനത്തിൻ മുമ്പാകെ കാണപ്പെടാറായിരിക്കയാൽ......... വ്യസനത്താൽ നിറയപ്പെട്ട ഹൃദയത്തോടുകൂടെ ഈ ഗുണദോഷ അറിപ്പ് നിങ്ങൾക്ക് യാത്രയാക്കുന്നു. സ്നേഹിക്കപ്പെട്ട കൂടപ്പിറപ്പുകളേ ഈ നമ്മുടെ എളിമപ്പെട്ട കൂട്ടം മനുഷ്യൻ ഉണ്ടാക്കിയതല്ല. പിന്നയോ തമ്പുരാൻ എത്രയോ പുതുമകളാൽ ഇതിനെ സ്ഥാപിക്കുകയും നടത്തുകയും വർദ്ധിപ്പിക്കുകയും ചെയ്തു. (സംഭാംഗങ്ങൾക്ക്)

## കന്യാസ്ത്രീകൾക്കുള്ള കത്തുകൾ

1

ഇതാ ഈശോമിശിഹായുടെ പെട്ടകത്തിൽ നിങ്ങളുടെ ഹൃദയങ്ങളെയും എന്നോടുകൂടെ ജനിച്ച നിങ്ങൾക്കുവേണ്ടിയും ഞാൻ വച്ചു പൂട്ടിയിരിക്കുന്നു. ഉയിർപ്പുവരെ അവിടെ പാർത്തുകൊള്ളുവിൻ. ഈശോമിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ. എപ്പോഴും തന്റെ കൺമുമ്പിൽ ഇരിപ്പിൻ. തന്റെ അരികെ നടപ്പിൻ. തന്നോടു കൂടെ എപ്പോഴും സംസാരിപ്പിൻ. യാതൊരു വസ്തുവിന്മേൽ നിങ്ങൾക്ക് ഇഷ്ടമോ ആഗ്രഹമോ അധികസന്തോഷമോ...... തോന്നുമ്പോൾ പ്രിയപ്പെട്ട കർത്താവ് നിന്നെ നോക്കിപ്പറയുന്നു

കളും നിങ്ങാളക്കാം വലിയവരും കണ്ണുനീരും കണിയു മായി ലോകത്തിൽ നടക്കുന്നു. നിങ്ങളുടെ സ്നേഹമണ വാളൻെറ സ്വരം എത്രയോ, മധുരമുള്ളതെന്ന് ഓർക്കുവിൻ.

(പ്രിയോർ)

2

ഈ. മ. യ.

അ. ക. മൂ. ശു. പ്രിയോർ.

ശു. അമ്മ ത്രേസ്യായുടെ മക്കളായ സഹോദരികളുടെ ശ്രേഷ്ഠത്തി അമ്മക്കും ശേഷം സഹോദരികാംക്കും കർത്താവിൽ സ്വസ്തം.

എന്നാൽ ശ്രേഷ്ഠത്തി അമ്മയുടെ വചനപ്രകാരം ആതിചുവടി, സ. ക്ലാരയുടെ അപേക്ഷപ്രകാരം വ്യാകുലപ്രസംഗവും, വീണ്ടും ശ്രേഷ്ഠത്തി അമ്മ പറഞ്ഞതിനെക്കൊണ്ട് വണക്കമാസ പുസ്തകവും അന്വേഷിപ്പാരെ എത്തുപെടായ്കയാൽ, യാതൊരുകൂട്ടവും നിങ്ങാംക്കില്ലാഞ്ഞതിനാൽ ആഗ്രഹിക്കുംവണ്ണം മാതാവിനെ സ്നേഹിപ്പാനും ശുശ്രൂഷചെയ്‌വാനും പാടായില്ല എന്നുള്ള മനഃക്ലേശം നിങ്ങാംക്കുണ്ടാകായ്‌വാനായിട്ട്, തുടക്കമായി ഞാൻ പെരുമാറിവന്ന പീയൂഷം എന്ന പുസ്തകം തന്നെ കൊടുത്തയക്കുന്നു. ആയ്തിൻെറ ഒടുക്കത്തിൽ ഈ വണക്കമാസവും ഉണ്ട്. ഇത് എടവം 31 കഴിഞ്ഞാൽ മിഥുനം 1 – ാം തീയതി എനിക്ക് കൊടുത്തയക്കണം. ഉയർപ്പിൻെറ ശനിയാഴ്ചമുതൽ ത്രീത്വത്തിൻെറ ഞായറാഴ്ചയായ അൻപതാംപെരുന്നാാം കഴിഞ്ഞുവരുന്ന ഞായറാഴ്ചവരെ നിന്ന് ത്രികാലജപം ചൊല്ലിവരുന്നു എന്ന് നിരൂപിച്ചിരിക്കുന്നു. എങ്കിലും പഠിക്കാത്തവർക്ക് പഠിക്കാനും ചൊല്ലുവാനുമായിട്ട് അവിടെ അടയാളവും വച്ചിട്ടുണ്ട്. ഇനി തമിഴ് പഠിപ്പാനോ വായിപ്പാനോ എന്തു പുസ്തകം വേണമെന്നാൽ തിരിച്ച് എഴുതികൊടുത്തയച്ചാൽ ആയ്തും കൊടുത്തയക്കാം. കന്യാ

പുസ്തകവും നിങ്ങാംക്കുള്ളതായി അവിടെ സൂക്ഷിപ്പാനായിട്ട് മൂപ്പച്ചൻ തന്നിരിക്കുന്നു. കുറെ പുകയിലപൊടി ഒരു ബോത്തലിലുള്ളതും കൊടുത്തയക്കുന്നു, ശേഷം പിന്നാലെ. തമ്പുരാൻ നിങ്ങളെ കാക്കട്ടെ.

വർത്തമാനങ്ങാം ഒക്കെയും എഴുതുവാൻ സഹോദരി അന്നായെ ഉണർത്തണം. ഇപ്പോാം മടികൊണ്ട് മുടക്കാതെ, സാരമില്ലന്നു തോന്നുന്നതും എഴുതിയിരുന്നാൽ രണ്ടുകാലം കഴിയുമ്പോാം നിങ്ങാംക്കു തന്നെ എത്രയോ സന്തോഷം തോന്നും.

ഇത് 1867 മേടം 29

കുർയ്യാക്കോസ് ഏലിയാ. പ്രിയോർ. (ഒപ്പ്)

3

ഈ. മ. യ.

ആ. എന്റെ കുഞ്ഞുങ്ങളെ!

ശുദ്ധ. ദേവമാതാവിന്റെ സ്തുതിപ്പിനായിട്ട് ഈ സമ്മാനം നിങ്ങാംക്ക് ഞാൻ കൊടുത്തയക്കുന്നു. ഈ മുളക് എന്റെ മുറിവാതുക്കൽ പെട്ടിയിൽ വളർത്തിയ്തു. ഇതിന്റെ അനുഭവം തീർന്നു എന്നും നിരൂപിച്ചാറെ ഒടുക്കമായിട്ടും ചെറിയതായിട്ടും, ആരും നോക്കാതെനിന്ന് ഒന്നിച്ച് പഴുത്തു. നിങ്ങാം വാച്ചതിനും പെരുമാറുവാനും പഴുതെ കളയാതിരിപ്പാനുമായിട്ടത്രെ കൊടുത്തയക്കുന്നത്.

ഈ മാങ്ങാ_ പാറായി ഇനിക്കു കൊടുത്തയച്ച രണ്ടുതരം മാങ്ങാ_ ഇതിൽ ചുമന്നത് രണ്ടും ഈ ഇൻഡ്യയിൽ ഉള്ളതിൽ ഒന്നാംതരം. പക്ഷേ നല്ല മൂപ്പാകായ്കയാൽ ഒന്നിന്റെ മുഖം പഴുത്തുപോയി. എങ്കിലും നിങ്ങാം ഇതിന്റെ രുചി അറിഞ്ഞ് കിളിപ്പിക്കുവാനായിട്ട് അയക്കുന്നു. എന്നാൽ നേരിയതായിട്ട് അല്പം തൊലി ചെത്തിക്കളഞ്ഞിട്ട് വേണം, പൂളി എല്ലാവരെയും ഇതിന്റെ രുചി

4

ഈ. മ. യ.

1870 ഇട. 25.

ഇന്നലെ കാനോനാനമസ്ക്കാരത്തിന്റെ ക്രമം ചോദിച്ചത് ഒരുപ്രകാരം നിങ്ങൾക്ക് തിരിവാൻ തക്കവണ്ണം എഴുതീട്ടുണ്ട്. ഇന്നു ഒന്നു വരെണമെന്നാഗ്രഹിച്ചു. ഇന്നലെ ഇവിടെ വന്നാറെ വല്യ തലകുത്തും ക്഼ഷീണവും. അറിയാതെ ഉറങ്ങിപോകുന്നു. ഇതിനാൽ മടുത്തത്രെയിത് എഴുതുന്നത്. കൽപണിക്കാരോട് താല്പര്യമായി പറഞ്ഞ്, വെള്ളിയാഴ്ച കൂടെ വന്ന് ഇതൊക്കയും തീർത്ത് തരെണമെന്ന് പ്രക്കുദോരിനെ കണ്ട് പറയിപ്പിക്ക. പത്താഴത്തിന്ന് തറയും ചുററും കെട്ടി അവിടെ നിന്ന് തൂണ്, വലിയ പത്താഴത്തിനും ചെറിയതിനും, താഴെ ചിതലു പിടിക്കായ്‌വാൻ തക്കവണ്ണം കൽചുവടുംകെട്ടി അതിന്മേൽ പത്താഴം രണ്ടും വെയ്ക്കണം നിലത്തിണ്ണ തല്ലണം. വല്ല നെല്ലൊ വിത്തൊ അവിടെ ഇട്ട് അളപ്പാനും ഇടുവാനും തക്കവണ്ണം തല്ലി മെഴുകണം. അകത്തും പുറത്തുമുള്ള തൈത്തെങ്ങിൻചുവട്ടിൽ കിളിപ്പിച്ച് ചിപ്പിവേരു കളഞ്ഞ് തടം എടുത്ത് കരിയില കട്ടയിടണം. തൈത്തെങ്ങ് ഒക്കയിലും വേലന്മാര കേററി കുററിമടലും കൊതുമ്പും കോഞ്ഞാട്ടയും പറിപ്പിച്ച് തെങ്ങിന്റെ തല തെളിക്കണം. ഇങ്ങനെ ചുവടും തലയും തെളിയുമ്പോൾ മാത്രമെ കായുണ്ടാകു. ഇതിനാൽ തെങ്ങിന് ഉപകാരം, വീറകിന് ലാഭം, ഈവേലകൾ ഒക്കയും നടത്തുവാൻ പ്രക്കുദോരിനോട് പറയണം. കൂലി കൊടുപ്പാൻ പണം ഇല്ലല്ലൊ എന്ന് അയാൾ വിചാരിക്കണ്ട.

5

താങ്കളുടെ എഴുത്തും ആളും കണ്ടപ്പോൾ എന്റെ ഹൃദയത്തിൽ അസ്ത്രം പതിഞ്ഞതിൻ വണ്ണമായി. എന്നാൽ തുറന്നുവായിച്ച് കണ്ടപ്പോൾ അധികമായ ആശ്വാസമുണ്ടാക്കുകയുംചെയ്തു. (പാലാവികാരി ഇല്ലിമൂട്ടിൽ അച്ചന്)

യാൽ എനിക്കു തന്നതല്ല. പിന്നയോ മററവർക്കു വേണ്ടിയും. (അനിന്തരവൻ യൗസേപ്പച്ചന്) സ്നേഹിക്കപ്പെട്ട കൂടപ്പിറപ്പുകളെ എത്രയും പ്രിയമുള്ള മക്കളേ ഞങ്ങൾ ഇരുവരും പ്രായത്താലും സൗഖ്യക്കേടാലെയും ദൈവനീതി ആസനത്തിൻ മുമ്പാകെ കാണപ്പെടാറായിരിക്കയാൽ......... വ്യസനത്താൽ നിറയപ്പെട്ട ഹൃദയത്തോടു കൂടെ ഈ ഗുണദോഷാ അറിപ്പ് നിങ്ങൾക്ക് യാത്രയാക്കുന്നു. സ്നേഹിക്കപ്പെട്ട കൂടപ്പിറപ്പുകളേ ഈ നമ്മുടെ എളിയപ്പെട്ടകൂട്ടം മനുഷ്യൻ ഉണ്ടാക്കിയതല്ല. പിന്നെയോ തമ്പുരാൻ എത്രയോ പുതുമകളാൽ ഇതിനെ സ്ഥാപിക്കുകയും നടത്തുകയും വർദ്ധിപ്പിക്കുകയും ചെയ്തു. (സഭാംഗങ്ങൾക്ക്)

നാം വേല എടുപ്പിക്ക, പണം തമ്പുരാൻ തരും, ഇത് നമ്മുടെ വകയല്ല പിന്നെയോ ഈശോമ്ശിഹായുടെ പത്രമോനിയല്ലൊ. നാം വേല ചെയ്താൽ മതി,

പ്രിയോരു, കുര്യാക്കോസ് ഏലിയ (ഒപ്പ്)

7

ഈ. മ. യ.

ആ. എന്റെ കുഞ്ഞുങ്ങളെ !

അവരവരുടെ കാര്യം അവരവരു നോക്കണം. അന്വേഷണങ്ങൾ തലവന്മാർക്ക്, വേല എടുപ്പിക്കുക മുതലായതു പ്രക്കുദോരർക്ക്. സ. സ. മുതലായിഉള്ള ശേഷംപേര് ചൊൽവിളി, എളിമ, ഉപവി, ഉത്സാഹിക്ക. യാതൊരുത്തരും അല്പനേരവും വെറുതെ കളയായ്‌വാൻ ഉത്സാഹിക്ക. ഇതിന്റെ വില എത്രയോ_ എന്നോർക്കണമെ.

പ്രിയോർ, കുര്യാക്കോസ് ഏലിയ. (ഒപ്പ്)

8

ഈ. മ. യ.

പ്രിയമക്കളേ.

ംഴിഞ്ഞ് തെളിഞ്ഞു. ഇന്നലെകർത്താവിനോട് ഒടുക്കത്തെ
ാത്രചൊല്ലി. എന്നാൽ നിങ്ങളോടും ഒരു പ്രകാരംപറഞ്ഞു.
ന്നാൽ ഇപ്പോഠം എഴുന്നേററു. കുർബാന കണ്ടില്ല.

പ്രിയോർ

VI

ഈ. മ. യ.

ഇതാ ഈശോമ്ശിഹായുടെ പെട്ടകത്തിൽ നിങ്ങളുടെ
ഹൃദയങ്ങളേയും എന്നോടുകൂടെ ഒന്നിച്ച് നിങ്ങഠംക്കുവേ
ടിയും ഞാൻ വച്ചുപൂട്ടിയിരിക്കുന്നു. ഉയർപ്പുവരെ അവി
ട പാർത്തുകൊഠംവിൻ. മണി കൊട്ടിയിട്ട് * എദുക്കന്തൊത്തു
ാരർക്ക് ഇവിടെ വന്ന് വിസിത്ത ചെയ്വാൻ
നുവാദമുണ്ട്. ഒ! സന്തോഷമെ, ആ എന്റെ കർത്താവെ!
ി ഈപണ്ണം പുഴുക്കളും ഒന്നും തിരിയാത്തവരും, പശി
ാൽ പശിക്കുന്നു എന്നും തള്ളയോട് പറഞ്ഞറിയിപ്പാൻ
ൂടെയും വശമില്ലാത്ത കുഞ്ഞുങ്ങഠം ഉറങ്ങി കിടന്നാലും
നർത്തി മുലപ്പാൽ ഊട്ടുന്നു എന്നവണ്ണമുള്ള പൈതങ്ങ
യ നമുക്ക് ഇതാ, ഈ തുറ അറ, ഇതായ്ത സന്യാസഅ
സ്സ്. ഇതിന്റെ പദവികളിൽ കേറി ഈശോതമ്പുരാ
ാടു ചേരുവാൻ തക്ക അഭ്യാസപുസ്തകം. ഇതിനെ ഇന്നു
ന്നെ ഈശോമിശിഹാ നിങ്ങഠംക്കായിട്ട് ഞാൻ അന്വേഷി
ാതെ അയച്ചിരിക്കുന്നു.

കുര്യാക്കോസ് ഏലിയാ.

പ്രിയോർ.

(ഒപ്പ്)

*എദുക്കന്തൊത്തുകാർ = വിദ്യാർത്ഥികഠം

# VII

ഈ. മ. യ.

ആ എന്റെ പ്രിയ കുഞ്ഞുങ്ങളെ!

സർവ്വേശ്വരൻ നമ്മുടെ കർത്താവ് എങ്ങിനെ നമ്മു കാര്യങ്ങളെ വിചാരിച്ചു നടത്തുന്നു എന്നോർപ്പിൻ. അത ത്. തമ്പുരാനെ നാം സ്നേഹിക്കണമെന്നുള്ള മനസ് നമ്മു ഹൃദയത്തിൽ ഉണ്ടെന്ന് താൻ കണ്ടാൽ എത്രയോ സന്തോഷത്തോ ടുകൂടെ നമുക്കു വേണ്ടിയിരിക്കുന്നതൊക്കെയും താൻ അ ഷിക്കും എന്നു കാണ്മിൻ. ഇതായ്ത് ഈ മഠം സ്ഥാപ പ്പെട്ടിരിക്കയാൽ ഇതിന്റെ നടപ്പ് എങ്ങിനെ എന്ന് വിചാ ക്കുമ്പോൾ നടത്തുവാൻ വേണ്ടിയിരിക്കുന്നതൊക്കെ അല്പം ബുദ്ധിമുട്ടുകൂടാതെ ദൈവം നിറവേററു അന്വേഷിച്ചാൽ കണ്ടെത്തും എന്ന തിരുവചനം പോലെ അ തിൽ ഒന്നു ഇതു തന്നെ. അതായത് ഒരു ചെറിയ പുസ്ത മുറിയിൽ കണ്ടെത്തി. എടുത്തു നോക്കിയപ്പോൾ 'കന്യ ളിൽ അനുചാരം' എന്നു കണ്ടു. ഇത് നിങ്ങൾക്കായി ദൈ കൊടുത്തയച്ചതല്ലോയെന്ന് ബോധിച്ച് മലയാളഭാഷയ എഴുതി ഇന്നലെ തീർത്തു. ഇത് ജ്ഞാനവായനയായിട്ട് മ വനും ഒരു വട്ടമെങ്കിലും എല്ലാവരും നല്ലവണ്ണം വായിച്ച യണം. എന്നാൽ നമ്മുടെ പൈതങ്ങൾ ഇപ്പോൾ തമ പഠിച്ചു എന്ന് നിരൂപിക്കയാൽ വായിപ്പാനും തക്കവണ്ണമു അർത്ഥം പഠിപ്പാനും രണ്ടും കൂടെ ഉണ്ടായാൽ നല്ലതെ തോന്നുകയാൽ കണ്ടെഴുതിയ തമിഴ് പുസ്തകം കൊടു യയ്ക്കുന്നു. രണ്ടും സൂക്ഷിച്ചു വായിച്ചു കൊള്ളണ ഇനിക്കു വേണ്ടിയും അപേക്ഷിപ്പിൻ.

## VIII

### ഈ. മ. യ.

:ശ്രേഷ്ടരതിഅമ്മെ!

ഇനിക്കും നിങ്ങരാക്കും ഇപ്പോരം ഒരുവക ദിനമാകയാൽ ചികിത്'സയും ഒന്നു തന്നെ ചെയ്'വാൻ അത്ര വശമുള്ളൂ. തായത് മുമ്പിലത്തെ കടങ്ങരാ തീർപ്പാനും ശേഷം വേണ്ടിയ ിനും പുണ്യങ്ങരാ ആവശ്യം തന്നെ. എന്നാൽ ചെയ്'വാനും ശമില്ല. ഇങ്ങനെയുള്ള ഒരു എളുപ്പവഴി ഇതത്രെ. 1–ാമത്, ദൈവം ഞാൻ ചെയ്യുന്ന ദോഷത്താൽതന്നെയല്ല നമ്മെ ശിക്' ഷിക്കുന്നത്'. പിന്നയൊ ആരാനും ചെയ്യുന്ന ദോഷമോർ ത്ത് സന്തോഷിച്ചാലും അതിനെപ്രതിയും ശിക്'ഷിക്കും. അപ്പഴൊ ആരാനും ചെയ്'ത പുണ്യം ഓർത്ത് സന്തോഷിച്ചാൽ ാഗ്യവും കിട്ടും. ഇതിനാൽ പൂർവ്വം തുടങ്ങി ഏററിയ പുണ്യ പാളന്'മാര്'' തോററക്കാരത്തി മറിയം മഗ്'ദലേത്താ മുതലായവ ുടെ പുണ്യങ്ങളും തോററങ്ങളും ഓർത്ത് സന്തോഷിച്ച് നമു ക്കുള്ളതായി കാഴ്'ചവെയ്'ക്ക. രണ്ടാമത് ദൈവത്തോടുള്ള പറഞ്ഞൊപ്പു ചെയ്യുക. ഇതായത് നമ്മുടെ നാടിഞരമ്പുകളു ടെ ഇളക്കങ്ങളും. കണ്ണു ചിമ്മുക, ശ്വാസം വിടുക, ഇതു മുതലായതും, പക്'ഷി പറവകളുടെ സ്വരങ്ങളും ഇതൊക്കെ യും നമുക്കുള്ള അപേക്'ഷകളായിട്ട് തിരിച്ച്'' ഓരോന്നിനും ശേഷം ആകമാനമായിട്ടും. മൂന്നാമത് ഇതൊക്കെയും കർത്താ വിൻെറ പ്രവർത്തികളോട് ചേർത്ത് കാഴ്'ചവെയ്'ക്ക. ഇതി നാലെ നമ്മുടെ കുററങ്ങരാ മാഞ്ഞുപോകുന്നു. ഏററിയ പുണ്യ സമ്പത്തുക്കളും കിട്ടുന്നു. ഇതൊക്കെയും ഇരട്ടിക്കും. ഉദാഹര ണം – എൻെറ ഇടത്തുകാലിൽ ഞരമ്പ് ഇളകുമ്പോരം കർത്താ വേ ഞാൻ നടന്ന ആകാത്ത നടപ്പുകളൊക്കെയും നിൻെറ ഈ കാലിൻെറ തിരുമുറിവിൽനിന്ന് ഒഴുകിയ ചോരയാലെ നീ കഴുകേണമെ, എന്നർത്'ഥം വച്ചിരിക്കുന്നു. ഈ ഒരു ഇളക്ക ത്തിന് ഈ വണ്ണം ഇതുവരെ പുണ്യവാളന്'മാര് ചെയ്'തതൊ ക്കെയും ചെയ്'വാൻ ഞാൻ ആഗ്രഹിക്കുന്നു. ഇളക്കം കർത്താ വിൻെറ തിരുക്കാൽ ഇളകിയതുപോലെ എന്നുള്ള അർത്'ഥം

അതിചരിട്ടിച്ച് ഇങ്ങനെ എല്ലാത്തിനും ഇരട്ടിച്ച് അർത്
വച്ചിരിക്കുന്നു എന്നോർത്ത് കാഴ്ചവെക്കുക. പിന്നെ ദ
സം പ്രതി ഒരു ഓർമ്മകൊണ്ട് പുത്തനാക്കിയാൽ മ
കർത്താവെ എൻെറ മേൽ അനുഗ്രഹിക്ക എന്നു ചൊല്ലുമ്പോ
മഠങ്ങളൊക്കയിലുള്ള പ്രാർത്ഥന മുറിയിൽ ചെയ്യു
നമസ്ക്കാരമൊക്കയുടെയും അർത്ഥം ഞാൻ വച്ചിരിക്കുന്ന
എന്നു പറയുക.

## IX

ഈ. മ. യ.

പ്രിയ മക്കളെ!

ഇന്നലെ കുറെ അധികം തലചുററലും ഛർദ്ദിയുമാ
വെളുപ്പിന്നു നാലുമണി മുതൽ കുറെ സുഖമായിരിക്കുന്ന
തിരുമനസ്സാകുമ്പോൾ ശേഷം അറിയിക്കാം തമ്പുരാ
നിങ്ങളെ എല്ലാവരേയും വളർത്തട്ടെ. ഇത്, പ്രിയോർ (ഒ

## X

ഈ. മ. യ.

ആ. പ്രിയ കുഞ്ഞുങ്ങളെ!

നിങ്ങളുടെ എഴുത്ത് കിട്ടി.എന്നാൽ നിങ്ങളുടെ അ
പ്രായംപോലെതന്നെ പെ. ബ. പ്രൊവിഗാരി അപ്പസ്തേ
ലിക്കാ അച്ചൻെറയും, മൂപ്പച്ചൻെറയും, എല്ലാവരുടെയു
ഒന്നുതന്നെ. ഇതായ്ത ആ മഠത്തിൻെറ മൂലയിൽ നിന്നുകെ
ണ്ട് ഈ നിങ്ങളുടെ ശു.മണവാളൻ ഈശോക്ക് ചെയ്യുന്ന
ആരാധനതന്നെ തനിക്കേറ്റയും പ്രിയമുള്ളത്. എൻെ
കണ്ണാൽ കണ്ടവണ്ണം നമ്മുടെ മഹാരാജാവിൻെറ കാവ്യത്ത
യായ മണവാട്ടിയെ കരേററിയ പല്ലക്കിന്നു കൂടെയും തടി
ശകലാസ്സിൻെറ മൂടലാൽ മൂടപ്പെട്ടതായി മററുള്ള കാഴ്ച
ഒക്കയിൽനിന്ന് അകററുന്നു എങ്കിൽ നിങ്ങളുടെ ശുദ്ധ

ആനാലും നിങ്ങളുടെ മഠത്തിൽ ചെയ്താൽ അതിൻെറ ഫലം കിട്ടുവാൻ ഒ! ഇത് വല്യന്യായംതന്നെ. ഞാൻ ശുദ്ധ ലിഗോരിപുണ്യവാളൻ എഴുതിയ മൊനക്കസേന്താ എന്ന കന്യാസ്ത്രീകളുടെ പുസ്തകം അല്പം വായിച്ചപ്പോൾ നിങ്ങളുടെ മഹാ ഭാഗ്യത്തിന്മേൽ കുറെ പൈശൂന്യം തോന്നി, നേരുതന്നെ, പട്ടാംഗതന്നെ, ഒ! എൻെറ തമ്പുരാൻെറയും മണവാട്ടികളായ മഹരാജസ്ത്രീകളെ നിങ്ങൾ കരേറി ഇരിക്കുന്ന അന്തസ്ത എത്രയും ഉയരപ്പെട്ടതു തന്നെ. എത്രയോ ലോക എമ്പ്രദോരത്തികൾ നിങ്ങളുടെമേൽ പൈശൂന്യമാകുന്നുഎന്ന് ഒടുക്കത്തെ ദിവസത്തിൽ കാൺകയുമാം. എന്നാൽ പക്ഷെ അനുവദിക്കുന്നു എങ്കിൽ കുർബന കഴിഞ്ഞ് ഞാൻ വന്നു കുരിശുവരയ്ക്കാം. എന്നാൽ ഇനിഎൻെറ നടപ്പ് മുട്ടായ പക്ഷത്തിലായിരിക്കുന്നു. ആകയാൽ ഈ പിതാവിൻെറ തിരുമാനസ അപേക്ഷയിലും പ്രത്യേകം ഈ നാല്പതുമണി ആരാധനയിലും ഇനിക്കുവേണ്ടി അപേക്ഷിപ്പിൻ. പ്രത്യേകം എൻെറ ആകാത്ത കണ്ടുപഠിനങ്ങളാലും ക്രമമല്ലാത്ത വചനങ്ങളാലും സൂക്ഷമമില്ലാത്ത നടപ്പുകളാലും സർവ്വേശ്വരൻ എൻെറ ചുമതലയിൽ ഏല്പിച്ചു തന്ന ശുദ്ധമുള്ള ആത്മാവുകളായ പൈതങ്ങൾ മുതലായവർക്കും എൻെറ തമ്പുരാൻെറ മണവാട്ടികളായ നിങ്ങൾക്കും ഞാൻ വരുത്തിയിരിക്കുന്ന എൻെറ സൂക്ഷക്കേടൊലുള്ള ഉതപ്പുകളും ക്രമക്കേടുകളും കാരണത്താൽ വിധിയിൽ വരുവാനിരിക്കുന്ന വല്യകുററപ്പാടുകളൊക്കെയും എന്നോടു അനുഗ്രഹിപ്പാനും ക്ഷമിപ്പാനും ഇനി ശേഷിക്കുന്നതെങ്കിലും തൻെറ ഇഷ്ടംപോലെ നിറവേററുവാനുമായിട്ട് അപേക്ഷിപ്പിൻ. ഈശോമ്ശിഹാ നിങ്ങളെ ആശീർവ്വദിക്കട്ടെ. തൻെറ മണവാട്ടികളായ നിങ്ങളുടെ മുറിയിൽ തന്നോടുകൂടെ നിങ്ങൾ തെളിവിൻ ഇനിക്കുവേണ്ടി അപേക്ഷിപ്പിൻ.

എന്ന് പ്രിയോർ,

# XI

ഈ. മ. യ.

ആ എന്റെ കുഞ്ഞുങ്ങളെ!

ഈ ദിവസങ്ങളിൽ ഈശോമ്ശിഹായുടെ സ്നേഹം നിങ്ങൾ നല്ലവണ്ണം ധ്യാനിക്കണം. ഈ എട്ടുദിവസവും മുടങ്ങാതെ മാറിമാറി ഒരാൾ എങ്കിലും ശുദ്ധ. കുർബാന കൈക്കൊണ്ട് ഈ കർത്താവിന്റെ സ്നേഹത്തെ ഓർക്കുക. ആ മിശിഹായുടെ സ്നേഹത്തിൽ പാർപ്പിൻ. എപ്പോഴും തന്റെ കൺമുമ്പിൽ ഇരിപ്പിൻ. തന്റെ അരികെ നടപ്പിൻ. തന്നോടുകൂടെ എപ്പോഴും സംസാരിപ്പിൻ. യാതൊരുവസ്തുവിന്മേൽ നിങ്ങൾക്ക് ഇഷ്ടമൊ ആഗ്രഹമൊ അധികസന്തോഷമൊ തോന്നുമ്പോൾ ഈ പ്രിയം നിറഞ്ഞ കർത്താവു നിന്റെ നേരെ തിരിഞ്ഞ് പറയുന്നു. എന്നെ നോക്കുക, എന്നെക്കായിൽ അധികം നിന്നെ സന്തോഷപ്പെടുത്തുമൊ, ഇതാ ദുഃഖക്ലേശമെങ്കിൽ നീ എന്തുകൊണ്ട് ക്ലേശിക്കുന്നു. ഞാൻ നിന്നെ സന്തോഷിപ്പിക്കും, ഇതാപോരെയൊ ഇങ്ങനെ ഒരു ക്ഷണനേരവും നിങ്ങളുടെ സമീപെ നിന്ന് മാറാതെ നില്ക്കുന്നു. നിന്നെ സന്തോഷിപ്പിക്കണം, എന്നുമാത്രം തന്റെ ആഗ്രഹം. നിനക്ക് എന്തുവേണം ഒക്കെയും ചെയ്യാം. ഇനി തനിക്ക് തരുവാൻ ഏതുമില്ല നിശ്ചയം അതായ്ത് തന്നെത്തന്നെ നിനക്കുതന്നു. ഇനി എന്ത് ഉള്ളു ആകാശമോക്ഷം നിന്റെ സൃഷ്ടിപ്പത്രെ. നിന്നെക്കായിൽ ഇതു വലിയതൊ. ആ ഒന്ന് ഓർത്തുകൊൾക, നമ്മൾ തമ്മിൽ എന്ത് സംബന്ധം. നിങ്ങൾ എവിടെ കിടന്നു, ഞാൻ എവിടെ കിടന്നു......... കർത്താവേ നിന്നോട് ഞങ്ങൾ ഒന്നാകുംവരെ ഞങ്ങളിൽ നിന്നകലല്ലേ;

പ്രിയോർ

# പ്രസംഗത്തിലെ ഏതാനും നിമിഷങ്ങൾ

1 ധാരാളം സ്വത്തുണ്ടായിരുന്ന ഒരാൾ മരണസമയത്ത് മകനെ വിളിച്ചുവരുത്തിപ്പറഞ്ഞു: "മകനേ, ഈ കുതിര വളരെ നല്ലതാണ് ഇതിനെ എന്റെ ആത്മാവിനുവേണ്ടി പ്രാർത്ഥിക്കുന്ന പുരോഹിതന്മാർക്കായി നീ കൊടുക്കണം."

അയാൾ മരിച്ചു. മകൻ കുതിരയെ പുരോഹിതന്മാർക്കു കൊടുക്കാതെ സ്വന്തം ഉപയോഗത്തിന് ദീർഘനാൾ എടുത്തു പിന്നീട്, താൻ ചെയ്തത് തെററായിപ്പോയി എന്ന് ആ മകൻ മനസ്സിലാക്കി. അവൻ അതിനെ പിതാവിന്റെ നിയോഗമനുസരിച്ച് പുരോഹിതർക്ക് ദാനം നൽകി കടമ നിർവഹിച്ചു.

2 ഒരു സന്യാസാശ്രമത്തിലെ ധനകാര്യദർശി (പ്രൊക്കുദോർ) യായ സന്യാസി അറുപിശുക്കനായിരുന്നു. അന്ന് ആശ്രമത്തിൽ നിലവിലിരുന്ന ഒരു ചട്ടം ഇതായിരുന്നു- ഏതെങ്കിലും ഒരു സന്യാസി മരിക്കുകയാണെങ്കിൽ അയാൾക്ക് ഒരു മാസത്തേക്ക് വേണ്ടിവന്നിരുന്ന ചെലവുകൾ അഗതികൾക്കായി ഭിക്ഷകൊടുക്കുക. അക്കാലത്ത് ഒരു പകർച്ചവ്യാധി ആ ദേശത്തെ മുഴുവൻ ഗ്രസിച്ചു. ആ ആശ്രമത്തിലെ സന്യാസികളിൽ വളരെപ്പേർ പകർച്ചവ്യാധിമൂലം ഇഹലോകവാസം വെടിഞ്ഞു. അവർക്കെല്ലാം ഓരോ മാസത്തേയ്ക്കുള്ള ചെലവുകൾ ഒരുമിച്ചു കൂട്ടിയപ്പോൾ ഒരു വലിയ തുക വരുമെന്ന് ധനകാര്യദർശി ചിന്തിച്ചു. ഇത്രയും വലിയ ഒരു തുകയ്ക്കുള്ള ദാനധർമ്മങ്ങൾ ചെയ്യേണ്ടതില്ലെന്നും അയാൾ തീരുമാനിച്ചു. അങ്ങനെ നിലവിലിരുന്ന ധർമ്മദാനനിയമം അയാൾ മുടക്കി.

1 പ്രൊക്കുദോർ - പ്രൊക്കുറേറർ (ധനകാര്യദർശി)
2 പിശീനി - പിശുക്കൻ

നീങ്ങി. സന്യാസികൾ ആലോചനയ്ക്കായി കൂടാറുള്ള മുറിയുടെ സമീപത്തുകൂടിയാണ് അയാൾപോയത്. അപ്പോൾ അവിടെ വളരെയധികം സന്യാസിമാർ സമ്മേളിച്ചിരിക്കുന്നതായി അയാൾ കണ്ടു. എന്താണു കാര്യം എന്ന് അറിയാൻ ആഗ്രഹിച്ചു. എന്തു കാര്യമാണെങ്കിലും ഈ സമയത്ത് ഇവർ കൂട്ടം കൂടിയിരിക്കുന്നതു ശരിയല്ല എന്ന് അയാൾ മനസ്സിൽ വിചാരിച്ച് അവരുടെ അരികിലെത്തി. തന്റെ കയ്യിലുള്ള വിളക്കിന്റെ വെളിച്ചം, തിരി ഉയർത്തി വർദ്ധിപ്പിച്ചു. അയാൾ സൂക്ഷിച്ച് നോക്കിയപ്പോൾ അവരെല്ലാം ആ ആശ്രമത്തിൽ സമീപകാലത്ത് മൃതിയടഞ്ഞവരാണ് എന്നു വ്യക്തമായി.

അയാൾ ഭയംകൊണ്ടു കിടുകിടാവിറച്ചു. അപ്പോൾ പരേതാത്മാക്കളിലൊരാൾ വിളിച്ചു പറഞ്ഞു: ''നീതി നടത്തുവാൻ എല്ലാവരും വരിക' എന്ന്. അവരെല്ലാം അടുത്തുകൂടി. ''നിന്റെ പിശുക്കുമൂലം ആശ്രമത്തിന്റെ ധനം ഇനിയും വർദ്ധിപ്പിക്കുവാൻ നീ ശ്രമിക്കേണ്ട, നിന്റെ പ്രവൃത്തി വഴി ഇതാ ഞങ്ങൾ ശുദ്ധീകരാഗ്നിയിൽ മുങ്ങി എത്രയോ അധികം വേദനിക്കുന്നു. നാലുദിവസം കഴിഞ്ഞാൽ നീയും മരിക്കും. ഞങ്ങൾ നാലുപേരേപ്പോലെ നീയും ശിക്ഷയ്ക്കു പങ്കുകാരനായി ഈ ശുദ്ധീകരാഗ്നിയിൽ വീണു വെന്തു നീറും. അന്ന് നിനക്കു ലഭിക്കാനിരിക്കുന്ന സമ്മാനത്തിന്റെ അച്ചാരം എന്ന നിലയിലും, ഞങ്ങളെ ഇന്നുവരെ ദുഃഖിപ്പിച്ചതിന്റെ അടയാളം എന്ന നിലയിലും, ഇത് നീ സ്വീകരിക്കുക'' എന്നു പറഞ്ഞുകൊണ്ട് ശുദ്ധീകരാത്മാക്കൾ അയാളെ പിടിച്ച് ദേഹമെല്ലാം തല്ലിച്ചതച്ചു.

പരേതാത്മാക്കൾ ആ മനുഷ്യനെ വിട്ടുപിരിഞ്ഞു. അയാൾ മൃതശരീരംപോലെ പട്ടുകിടക്കയിൽക്കിടന്നു. പ്രഭാതത്തിൽ ആശ്രമശ്രേഷ്ഠൻ അയാളുടെ സമീപം വന്നു്

# പ്രത്യേക പ്രാർത്ഥനകൾ

## ഉഷഃകാല ജപം

അറുതിയില്ലാത്ത ബാവാതമ്പുരാനെ – പുത്രൻ തമ്പുരാനെ റൂഹാദക്കുദശാതമ്പുരാനെ എന്റെ തമ്പുരാനും എന്റെ പിതാവും എന്റെ ഗുരുനാഥനും ആകുന്ന പോലെ നിന്നെ വന്ദിച്ചു കുമ്പിടുന്നേൻ. ശു: പള്ളി വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും ഒക്കയും ഞാൻ വിശ്വസിക്കുന്നു. എന്റെ വിശ്വാസത്തെ നീ ഉറപ്പിക്കണമെ. നീ എന്നെ സൃഷ്ടിച്ചതിന്റെയും രക്ഷിച്ചതിന്റെയും കഴിഞ്ഞ രാത്രിയിൽ തന്ന മനൊഗുണങ്ങളുടെ ഉപകാരങ്ങളൊക്കയ്ക്കും വെണ്ടിട്ടു സ്തോത്രം ചെയ്യുന്നെൻ. എന്റെ സ്നേഹപ്പെട്ട ദെയ്വമെ എന്റെ ഹൃദയമൊക്കെയും കൊണ്ട നിന്നെ സ്നേഹിക്കുന്നു. എന്റെ സ്നേഹത്തെ സാക്ഷിക്കുന്നതിനായിട്ടു ഇന്നത്തെ ദിവസത്തിലും എന്റെ ആയുസിന്റെ മുഴുവൻ കാലത്തിലും ചെയ്യുന്നതൊക്കെയും പാടുപെടുമെന്നതൊക്കെയും നിനക്ക കാഴ്ച വച്ചിരിക്കുന്നെൻ. ഈശോമിശിഹായുടെയും മർത്തമറിയത്തിന്റെയും യൌസെപ്പ പുണ്യവാളന്റെയും നന്മപ്രവർത്തികളൊടു കൂടെ എന്നെ നിനക്കു കാഴ്ചവച്ച നിന്റെ സുദിയ്ക്കായിട്ടും എന്റെ വിശാരങ്ങളും വശനങ്ങളും പ്രവർത്തികളും ഒക്കയും എന്റെ പക്ഷങ്ങളൊക്കെയും വസ്തുക്കളൊക്കെയും ഇന്നും എല്ലായ്പ്പോഴും തിരുകാഴ്ച വൈയിക്കുന്നെൻ. എത്രയും ദയയുള്ള ദൈവമെ മരണത്തൊളം നിനക്ക വിശ്വാസമുള്ളവനായിരിപ്പാൻ ഈശോമ്ശിഹായുടെ യോഗ്യതകളെക്കുറിച്ച് നിന്റെ ദൈവ ഇഷ്ടപ്രസാദത്താലെ എന്നെ സഹായിയ്ക്കണമെ. എന്റെ ആയുസിന്ന കെടുവരുമെങ്കിലും ദൊഷത്തെ ദെ്വഷിച്ചുപെക്ഷിച്ചിരിക്കുന്നെൻ. എന്നാൽ തന്നെ ഒന്നും ചെയ്വാൻ പാടില്ലാതെ ഇരിക്കുന്നതിനെ ക്കൊണ്ട നീ എന്റെ ദൈവമെ എന്നെ സഹായിച്ചു രക്ഷിച്ചു പരിപാലിക്കണമെ. നിന്നിൽ മുഴുവനും ഞാൻ ശരണപ്പെട്ടിരിക്കുന്നെൻ. എന്നെ ആദരിക്കുന്നവരായ നിങ്ങൾ ഇനിയ്ക്കു

തമ്പുരാന്റെ തിരുമനസ്സ് എല്ലാപ്പോഴും സ്നേഹിക്കപ്പെട്ടതും പുകഴ്ത്തപ്പെട്ടതും ആയിരിയ്ക്കട്ടെ എന്ന് എപ്പൊഴും ചൊല്ലുവാനും ഉറച്ച് നിശ്ചയിച്ചിരിക്കുന്നെൻ.

പരിശുദ്ധ കന്യാസ്ത്രീ ആയ ദൈവമാതാവേ, ഞാനെത്രയും യോഗ്യമില്ലാത്ത പാപിയായിരിക്കുന്നു. എങ്കിലും സർവ്വതും കൈയ്ക്കൊണ്ട തമ്പുരാന്റെ തിരുസന്നിധിയിൽ നിന്റെ ശുദ്ധമാക്കപ്പെട്ട കാലുകളുടെ മുമ്പാകെ - കമിഴ്ന്നുവീണു എന്റെ ഹൃദയത്തെ നിനക്കു കാഴ്ചവച്ച നിന്റെ മക്കളുടെ എണ്ണത്തിൽ എന്നെകൂടെയും കൂട്ടണമെന്ന് അപേക്ഷിക്കുന്നു. പ്രത്യേകം എന്റെ ജീവിതത്തിന്റെ യൊഗ്യങ്ങളിലും പ്രത്യേകം ഇന്നത്തെ ദിവസത്തിലും എന്റെമെൽ അനുഗ്രഹിച്ച ബോധത്തിന്റെയും ഹൃദയത്തിന്റെയും വെടിപ്പിനെ ഈശൊ മിശിഹായിൽ നിന്ന് സാധിച്ച നിന്റെ തിരുവാഴ്വിനെ ഇനിയ്ക്കുതന്നരുളണമെ. ആമ്മെൻ 1 ആ 3 നന്മ നിറഞ്ഞ മറിയവും എന്നെകാക്കുന്ന കർത്താവിന്റെ മാലാഖായെ ശെഷവും_ മുഴുവൻ തൊറത്തിന്റെ പ്രകാരം ശെഷവും ചൊല്ലണം.........

## വൈകിട്ടത്തെ നമസ്ക്കാരം

അറുതിയില്ലാത്ത ബാവാതമ്പുരാനെ പുത്രൻ തമ്പുരാനെ റൂഹാദക്കുദശാതമ്പുരാനെ എന്റെ തമ്പുരാനും എന്റെ പിതാവും എന്റെ ഗുരുനാഥനുമായ നിന്നെ വന്ദിച്ച് കുമ്പിടുന്നെൻ. ശുദ്ധപള്ളി വിശ്വസിക്കുന്നതും പടിപ്പിക്കുന്നതും ഞാൻ വിശ്വസിച്ചിരിക്കുന്നു. എന്റെ വിശ്വാസത്തെ നീ ഉറപ്പിക്കണമെ. നീ എന്നെ സൃഷ്ടിച്ചതിനെയും രക്ഷിച്ചതിനെയും കഴിഞ്ഞ രാത്രിയിൽ കിട്ടിയ മനൊഗുണങ്ങളെയും ഉപകാരങ്ങളെയും കുറിച്ചു നിനക്കു സ്തൊത്രം ചെയ്യുന്നെൻ. എന്റെ സ്നെഹപ്പെട്ട ദൈവമെ എന്റെ ഹൃദയമൊക്കെയുംകൊണ്ട നിന്നെ സ്നെഹിക്കുന്നു. എന്റെ സ്നേഹത്തെ സാക്ഷിക്കുന്നതിനായിട്ടു ഈ രാത്രിയിലും എന്റെ ആയുസ്സിന്റെ മുഴുവൻ കാലത്തിലും പ്രവർത്തിക്കുമെന്നതൊക്കയും നിനക്ക കാഴ്ചവച്ചിരിക്കുന്നെൻ. ഈശൊമിശിഹായും പരിശുദ്ധ ദൈവമാതാവും യൌസെപ്പപുണ്യ

വാളനും ചെയ്ത നന്മപ്രവൃത്തികളൊടുകൂടെ ഈ രാത്രിയുടെ ഉറക്കം നിനക്കു കാഴ്ചവച്ച എൻെറ നെടുവീർപ്പുകാം ഒക്കെയും നിൻെറ നെരെ സ്നേഹത്തിന്നടുത്ത പ്രകരണങ്ങാം ആയിരിക്കണമെന്നു ഞാൻ മനസ്സായിരിക്കുന്നെൻ. എത്രയും ദയയുള്ള ദൈവമെ മരണത്തോളം നിനക്ക വിശ്വാസമുള്ളവനായിരിപ്പാൻ ഈശോമിശിഹായുടെ യോഗ്യതകളെപ്രതി നിൻെറ ദൈവഇഷ്ട പ്രസാദത്താലെ എന്നെ സഹായിയ്ക്കണമെ. എൻെറ ആയുസ്സിന്ന് കെടുവരുമെങ്കിലും ദൊഷത്തെ ദ്വെഷിച്ചുപേക്ഷിച്ചിരിക്കുന്നു. എന്നാൽ തന്നെ ഒന്നും ചെയ്വാൽ പാടില്ലാ. നീ എൻെറ ദൈവമെ സഹായിച്ച് രക്ഷിച്ച് പരിപാലിയ്ക്കണമെ......

പരിശുദ്ധ കന്യാസ്ത്രി ആയ ദൈവമാതാവേ! (ശെഷവും കാലത്തെ നമസ്ക്കാരത്തിൽ കാൺക.)

1 ആ: 3 നന്മ: എന്നെ കാക്കുന്ന കർത്താവിൻെറ മലാഖായെ ശെഷവും മുഴുവൻ തെററത്തിൻെറ പ്രകാരവും ശെഷവും ചൊല്ലി ദോഷങ്ങളിന്മേൽ പൊറുതി കിട്ടുവാൻതക്കതിൻവണ്ണം തൂങ്ങപ്പെട്ടരൂപം മുത്തി ഹൃദയത്തിന്മെൽ കുറെ നേരം വച്ചിരിക്കണം:-

എത്രയും ശുദ്ധമാന കന്യാസ്ത്രീമറിയമെ! തമ്പുരാൻെറ അമ്മെ! ദൊഷത്താളവരുടെ സങ്കേതയിടമാകുവാൻ നീ അരിശപ്പെടുന്നില്ല. എന്നു വരുമ്പോാം ഞങ്ങാം അനേകം പാപികളാകുന്ന ദൊഷത്താളരാകുന്നു. എന്നു വരികിലും ഇനിമേലിൽ നിൻെറ വിശ്വാസമുള്ള അടിയാളരായി ജീവിപ്പാൻ ഞങ്ങാം ആഗ്രഹിക്കകൊണ്ടും ഞങ്ങളുടെ ഹൃദയത്തിൻെറ അഴിവൊക്കയൊടു കൂടെ നിന്നോടു ഞങ്ങാം പ്രാർത്ഥിക്കുന്നു.

ഞങ്ങാക്കുവേണ്ടി ചിന്തപ്പെട്ട നിൻെറ വാഴ്ത്തപ്പെട്ട പുത്രൻെറ മാണിക്കമായ ചോരയെ പ്രതിയും നിൻെറ വ്യാകുല ദുഃഖത്തെപ്രതിയും ഈ ദിവസത്തിൽ ഞങ്ങളെ നീ സഹായിക്കണമെന്നും വല്ലൊരു ദൊഷത്തിലും വീഴുന്നതിന്മുമ്പെ ഭൂമിയിലെ ഞെരുക്കങ്ങളും സങ്കടങ്ങളും ഞങ്ങാക്കുവേണ്ടി കടാക്ഷിക്കണെമെന്നും നിന്നോടുഞങ്ങാം അപേക്ഷിക്കുന്നു.

അയ്യൊ മനോഗുണത്തിന്റെ അമ്മെ! ഇനിയെങ്കിലും ന്യായം വിധിക്കുന്ന നിന്റെ പുത്രനെ അരിശപ്പെടുത്തായ്വാനും വിനാഴിക നേരത്തെ മൃഗരതിനടുത്ത അനുകൂലം കൊണ്ടും പ്രസാദം കൊണ്ടും എന്നെന്നയ്ക്കുമുള്ള ദുരിതങ്ങളെ ഞങ്ങൾ നെടായ്വാനും നീ സഹായിക്കെണമെ.

## ശുദ്ധ-ദൈവമാതാവിനെക്കുറിച്ചുള്ള ജപം

എന്റെ ഈശോയെ! അനുഗ്രഹിക്കണമെ. എന്റെ ഈശൊയെ നീ കോപിച്ചിരിക്കുന്നു. നിന്റെ കോപം ഞായമുള്ളതാകുന്നു എന്നാൽ ഇപ്പോൾ ഞങ്ങളുടെ പാപങ്ങളെ നോക്കാതെ നിന്റെ പ്രിയപ്പെട്ട മാതാവായ കന്യാസ്ത്രീമറിയത്തിനെ നോക്കണമെ. ഞങ്ങൾക്കുവേണ്ടി കണ്ണുനീർ ചിന്തിയ ആ തൃക്കണ്ണുകളെക്കുറിച്ചും ഞങ്ങളുടെ മേലുള്ള ദയവു കൊണ്ടു നെടുവീർപ്പുകളെ വിട്ട എന്ന ആ ചുണ്ടുകളെക്കുറിച്ചും ഞങ്ങളുടെ മേലുള്ള പ്രിയത്താൽ ഒരു വാളാൽ പിളർക്കപ്പെട്ടു എന്ന ആ എത്രയും മൃദുവായിട്ടുള്ള തിരുഹൃദയത്തെക്കുറിച്ചും ഞങ്ങളോടു പൊറുക്കണമെ. നീ ഉണ്ണിയായിരുന്നപ്പോൾ കിടന്നതും മരിച്ചിരിക്കുമ്പോൾ നിന്നെ തഴുകിയതുമായ മറിയം നിന്റെ തിരുഹൃദയം ഇതായിരിക്കുന്നു നിന്റെ തിരുമേനിയിലും തിരുമുറിവുകളിലും ഏറിയ മുത്തലുകൾ മുത്തിയ തിരുചുണ്ടുകൾ തന്നെ അവയായിരിക്കുന്നു. ഉണ്ണിയായിരിക്കുമ്പോൾ തന്നെ നിന്നെ പ്രസാദിപ്പിച്ചതും രക്തം നിറഞ്ഞ തിരുമുറിവുകളെ കണ്ണുനീരാൽ കഴുകിയതുമായ കണ്ണുകൾ അവയായിരിക്കുന്നു.

ആ: എന്റെ ഈശൊയെ! നിന്റെ പ്രിയപ്പെട്ട മാതാവായ മറിയത്തിന്റെ ആ തൃക്കണ്ണുകളെക്കുറിച്ചും ആ തിരുചുണ്ടുകളെക്കുറിച്ചും ആ തിരുഹൃദയത്തെക്കുറിച്ചും ഞങ്ങളുടെ മേൽ കൃപയായിരിക്കണമെ. എന്റെ ഈശൊയെ! നിന്റെ കോപത്തെ അമർത്തികൊള്ളണമെ. മറിയത്തിന്റെ തിരുഹൃദയം ഞങ്ങൾക്കുവേണ്ടി വ്യസനപ്പെടുന്നു. ആ തിരുചുണ്ടുകൾ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുന്നു. അനുഗ്രഹത്തിന്റെ കണ്ണുകളായ ആ തിരുകണ്ണുകൾ നിന്റെമെലും ഞങ്ങളുടെമെലും തിരിഞ്ഞ് തൃക്കൺപാർക്കുന്നു, നീ ഇതൊക്കെയും കണ്ടിട്ടു അനുഗ്രഹിക്കാതെ കോപമായിരിക്കുമൊ ?

ഞങ്ങൾ ചെയ്ത പാപം കഠിനമായ പാപമായിരിക്ക കൊണ്ട കൃപ കിട്ടുവാൻ യൊഗ്യമില്ല, എങ്കിലും നിന്നൊടു അപേക്ഷിക്കുന്നതാരാ: അതായത നിൻെറ പ്രിയപ്പെട്ട മതാവായ മറിയത്തിൻെറ തിരുഹൃദയം നിന്നോടപെക്ഷിക്കുന്നു. അവരുടെ തിരുക്കണ്ണുകൾ നിന്നെ തൃക്കൺ പാർക്കുന്നു.!

ആ എൻെറ ഈശൊയെ! ഇനി കോപമായിരിപ്പാൻ നിനക്ക വഹിയാ. ഇതിൻവണ്ണമുള്ള മാതാവെ അപേക്ഷിക്കുന്നതെല്ലാം കൊടുക്കാതെ ഇരിപ്പാൻ പാടില്ല ആയതുകൊണ്ട എൻെറ ഈശൊയെ! ഞങ്ങൾക്ക മാതാവും സങ്കേതവും ആയ പരിശുദ്ധ മറിയത്തിൻെറ തിരുമുഖത്തെക്കുറിച്ച ഞങ്ങളുടെമേൽ അനുഗ്രഹമായിരിക്കണമെ. ആമ്മെനിശൊ.

ദൈവമാതാവിനെ ചുററുന്ന 12 നക്ഷത്രങ്ങളെക്കുറിച്ചു 12:നന്മ മുന്മസുഖം മാതാവിന്നു കൊടുത്ത വരപ്രസാദങ്ങളെക്കുറിച്ച മുന്മസുഖത്തിന്ന സ്തുതിയായിട്ട-3 ത്രിത്വസ്തുതിയും പാപികളുടെ മനസ്സതിരുവിന്നവേണ്ടി 1 നന്മ- നമസ്കരിച്ചുകൊള്ളണം.

ഞങ്ങളുടെ കർത്താവെ ഈശൊമ്ശിഹായെ! നി എവിടെ ആകുന്നു എന്ന എൻെറ ഹൃദയം ഒക്കെയും നീ കാണുമെന്നു നിരുപിച്ച് ഇതാ നിൻെറ തിരുമുന്നിൽ മുട്ടും കുത്തി നില്ക്കുന്നു അയ്യൊ മഹാപാപിയും വലിയ നന്ദികെട്ടവനും ഞാൻ ആയി.

കർത്താവെ! നീ ഇനിയ്ക്കു ചെയ്തു തന്ന ഉപകാരങ്ങൾ ഒക്കെയും ഞാൻ മറന്നു. അയ്യൊ-എൻെറ പട്ടാങ്ങയായ പിതാവെ! ഇത്രനെരവും എന്നൊടു നീ ക്ഷമിച്ചതുപൊലെ കുറഞ്ഞൊരു നെരം കൂടെ എന്നോടു നീ ക്ഷമിക്കണമെ-എൻെറ ദോഷത്തിനടുത്ത പ്രായശ്ചിത്തം എത്തിപ്പാൻ ഇനിക്ക നീ ഇട കൂട്ടണമെ. എൻെറ സർവെശ്വര! ഇന്നത്തെധ്യാനത്തിൽ നിന്നൊടു പറഞ്ഞൊത്തതുപൊലെ ഞാൻ ഇരുന്നില്ല. ആയതുകൊണ്ട എൻെറ ഹൃദയം ഒക്കെയൊടുംകൂടെ നിന്നൊടു ഞാൻ പറഞ്ഞൊത്ത തേറുന്നു_മെലാൽ ഒരിക്കലും നിൻെറ പ്രമാണത്തിന്ന വിഘ്നം വരുത്താതെ നടക്കുന്നുണ്ടെന്നെ എൻെറ ശക്തി ഒക്കയൊടുംകൂടെ നിന്നൊടു ഞാൻ പറഞ്ഞൊക്കുന്നു.

ആമ്മേൻ.

# VI

# ക്രിസ്ത്യാനികുടുംബം

നല്ല ക്രിസ്ത്യാനി – കുടുംബം ആകാശ മോക്ഷത്തിന് സദൃശ്യമാകുന്നു. കുടുംബത്തിന്റെ ന്യായം എന്തെന്നാൽ ചോരയാലും സ്നേഹത്താലും തമ്മിൽ തമ്മിൽ കെട്ടപ്പെട്ട പല ആളുകൾ കാരണവന്മാരുടെ നേരെ ആചാരവും കീഴ്വഴക്കവും അനുസരിച്ച് തമ്പുരാനോടും മനുഷ്യരോടും സമാധാനമായി നടക്കുകയും അവരവരുടെ അന്തസ്സിന് തക്കവണ്ണം നിത്യഗതിയെ പ്രാപിക്കുന്നതിന് പ്രയത്നം ചെയ്ത് കൂട്ടമായി ജീവിക്കുകയും ചെയ്യുന്നതാകുന്നു. ഒരു കുടുംബത്തിന്റെ പ്രധാന സമ്പത്ത് ദൈവപേടിയും ഭക്തിയും തന്നെ.

### *മക്കളുടെ നല്ല വളർത്തൽ*

1 മക്കൾ സർവ്വേശ്വരൻ തമ്പുരാൻ സൂക്ഷിപ്പാനായിട്ട് നിങ്ങളുടെ കൈയിൽ ഏല്പിച്ചിരിക്കുന്ന നിക്ഷേപമാകുന്നു. തന്റെ തിരുച്ചോരകൊണ്ട് ശുദ്ധീകരിക്കുന്നതിനും വിധിദിവസത്തിൽ തിരികെ ഏല്പിക്കുന്നതിനുമായിട്ട് ഈശോമിശിഹാ നിങ്ങളുടെ കൈയ്യിൽ ഏല്പിച്ചിരിക്കുന്ന സമ്പത്തുകളാകുന്നു എന്ന് നന്നായി അറിഞ്ഞു കൊള്ളുവിൻ. കുഞ്ഞുങ്ങളെ തമ്പുരാന് കാഴ്ചവയ്ക്കുകയും ഈശോ മറിയം ഔസേപ്പിന്റെ മാദ്ധ്യസ്ഥത്തിൽ ഏല്പിക്കുകയും വേണം.

2 അവർക്ക് അല്പം ബുദ്ധിതെളിവുണ്ടാകുമ്പോൾ ആകാശങ്ങളിലിരിക്കുന്ന- നന്മനിറഞ്ഞ മറിയം– ത്രികാലജപം മുതലായവ പഠിപ്പിക്കുക.

3 കുഞ്ഞുങ്ങളായാലും ഉടുപ്പുകൂടാതെ വീടിനകത്തുകൂടിയും നടത്തരുത്. ക്രമമല്ലാത്ത വചനങ്ങളും ദൂഷണങ്ങളും അവരുടെ മുമ്പാകെ പറയരുത്.

4 അച്ഛനമ്മമാരുടെ മുറിയിൽ കുഞ്ഞുങ്ങളെ കിടത്തരുത്. ആൺപൈതങ്ങളും പെൺപൈതങ്ങളും ഒരുമിച്ച്

ഒരു മുറിയിൽ കിടക്കുന്നതിന് അനുവദിക്കരുത്.

5 കാരണവൻമാരുടെ കാഴ്ചയിൽ നിന്നകന്ന് കൂട്ടുകാരോടുകൂടെ പുറത്തുപോകാൻ അനുവദിക്കരുത്.

6 തിരിച്ചറിവുണ്ടായാൽ ചൈതങ്ങളെ പള്ളിക്കൂടത്തിൽ അയയ്ക്കണം. കൂട്ടുകാരെ കുറിച്ച് അന്വേഷിക്കണം. പഠിച്ചപാഠം ഞായറാഴ്ച ആവർത്തിക്കണം.

7 കുട്ടികളെ സംബന്ധക്കാരുടെ വീട്ടിൽ താമസിപ്പിക്കരുത് എന്തെന്നാൽ പലപ്പോഴും അവർ മാലാഖമാരായിപോകുകയും പിശാചുക്കളായി പിന്തിരിയുകയും ചെയ്യുന്നു.

8 ഏഴുവയസ് തികയുമ്പോൾ കുമ്പസാരത്തിന് ഒരുക്കണം.

9 മക്കളോട് അധികം കടുപ്പവും അധിക ദയയും തിന്മയാകുന്നു.

10 ലോകനടപ്പെന്ന് പറഞ്ഞ് നുണയും സൂത്രങ്ങളും തട്ടിപ്പും ചതിയും അവരെ പഠിപ്പിക്കരുത്.

11 വൈകിട്ട് കുരുശുമണി അടിക്കുമ്പോൾ വീട്ടിലുള്ളവരെല്ലാം നമസ്ക്കരിക്കണം. പ്രാർത്ഥന കഴിഞ്ഞ് അപ്പന്റെയും അമ്മയുടെയും കൈ മുത്തണം.

12 പെൺകുട്ടികളുടെ ആഡംബര ഭ്രമത്തെ നിയന്ത്രിക്കണം. പെൺകുട്ടിയുടെ ആഭരണം അടക്കവും ഭക്തിയും മിണ്ടടക്കവുമാകുന്നു.

13 പിള്ളപ്പയിൽ ഏർപ്പെടാൻ അനുവദിക്കരുത്.

14 ജീവിതാന്തസ്സ് തിരഞ്ഞെടുക്കുവാൻ മക്കൾക്ക് പൂർണ്ണ സ്വാതന്ത്ര്യം നല്കണം.

15 മക്കൾക്ക് പ്രായപൂർത്തിയും ബുദ്ധിയും പ്രാപ്തിയും ഉണ്ടാകുമ്പോഴും അവരുടെ മുമ്പിൽ മതിപ്പും ബലക്ഷയവും കാണിക്കേണ്ട.

16 കാരണവൻമാർ മരിക്കുന്നതിനു മുമ്പിൽ തന്നെ അവരെ മാററി കുടിമതിയായി പാർപ്പിക്കുക. മക്കളേ, കാരണവൻമാരെ ബഹുമാനിക്കുകയും അവരുടെ മനസ്സിനെ നൊമ്പരപ്പെടുത്താതിരിക്കാനും നിങ്ങൾ കടപ്പെട്ടിരിക്കുന്നു.

# VII

## ആത്മാനുതാപം

(1 - 10) കാരുണ്യമൂർത്തിയായ ദിവ്യശിശുവിന്റെ ഇളം ചുവപ്പാർന്ന ശരീരശോഭ എന്റെ ഉൾക്കണ്ണുകൾക്കു കാണാൻ കഴിയണം.

കാരുണ്യക്കടലായ അവിടുന്ന് മനുഷ്യകുലം തീർത്ത പാപങ്ങൾ പരിഹരിക്കുവാനായി മനുഷ്യരുടെ തന്നെ എത്രയും ഹീനമായ രൂപം ധരിച്ചു. അങ്ങനെയുള്ള മാനവകുല രക്ഷകനെ എന്റെ ആത്മീയനയനങ്ങൾക്ക് കാണുവാൻ ഇടയാകണം. സഹസ്രകിരണനായ സൂര്യന്റെ ശോഭയെ കെടുത്തിക്കളയുവാൻ പോരുന്ന ദീപ്തിയുള്ള അവിടുന്ന് സ്വന്തം ശരീരമാകുന്ന മറയ്ക്കുള്ളിൽ ആ പ്രകാശം ഒളിപ്പിച്ചതും എന്റെ ആത്മീയ നയനങ്ങളാൽ ഞാൻ ദർശിക്കണം. ഉന്നതനായ ദൈവകുമാരൻ കന്യകമറിയത്തിൽ വന്നു പിറന്നത് കാണുമാറാകേണം.

കന്യകാമറിയത്തിന്റെ ഉദരത്തിൽ ഒമ്പതുമാസം വസിച്ചതും കാണുമാറാകണം.

പാർപ്പിടം കിട്ടാതെ ക്ലേശിച്ച അവിടത്തെ മാതാപിതാക്കളെ കാണുമാറാകണം.

കാലിത്തൊഴുത്തിൽ പിറക്കാനിടയായതും കാണുമാറാകണം.

വേദന കൂടാതെ ദൈവകുമാരന് ജന്മം നല്കിയ കന്യകാമാതാവിനെ കാണുമാറാകണം.

പൂപ്പുഞ്ചിരിയാൽ സ്നേഹാഗ്നിയെ ഉജ്വലമാക്കിയ പൊൻചുണ്ടുകളെ കാണുമാറാകണം.

ഇളം പൈതലായ അവിടുത്തേക്ക് അമ്മഞ്ഞിപ്പാൽ നല്കുന്നതും കാണുമാറാകണം

ഇതിനെല്ലാം സാക്ഷിയായ യൗസേപ്പ് പിതാവിനെയും കാണുമാറാകണം.

പള്ളിയുറക്കം നടത്തുന്ന ദൈവകുമാരനെ കാണുമാറാകണം.

ദൈവ ദൂതന്മാർ ഭൂമിയിലെത്തി കുമ്പിട്ടുവണങ്ങുന്നതും കാണുമാറാകണം.

ഈജിപ്തിൽ ഏഴുവർഷം വസിച്ച് അവരെ അനുഗ്രഹിച്ച വനെ കാണുമാറാകണം.

മൂന്നാം ദിവസം കണ്ടപ്പോഴുണ്ടായ ആഹ്ലാദം കാണുമാറാകണം.
മാതാപിതാക്കന്മാർക്ക് കീഴ്വഴങ്ങി
ജീവിച്ച ഈശോയെ കാണുമാറാകണം
മരുഭൂമിയിൽ വിശപ്പും ദാഹവും സഹിച്ചവനെ
കാണുമാറാകണം

കാനായിലെ കല്യാണ വിരുന്നിൽ വെള്ളം വീഞ്ഞാക്കിയ
മംഗളരൂപനെ കാണുമാറാകണം

നഷ്ടപ്പെട്ട ആടുകളെ തേടിവരുന്ന ഇടയനെ കാണുമാറാകണം. ..............................................................

## *പീഡാനുഭവ ധ്യാനം*

എനിക്കു നീ രണ്ടുകരങ്ങൾ പ്രദാനം ചെയ്തു. ആ കൈകൾ കൊണ്ട് നിന്റെ ദിവ്യകരങ്ങളെ ഞാൻ തുളച്ചു. എനിക്കു നടക്കാനായി നീ നല്കിയ എന്റെ പാദങ്ങൾ കൊണ്ട് ഞാൻ ചെയ്ത പാപകടങ്ങളാൽ നിന്റെ തൃപ്പാദങ്ങൾ ആണികൊണ്ട് തറച്ചു. എന്റെ തിന്മകളാൽ നിന്റെ ദേഹം മുറിവേൽപ്പിച്ചു. ഒരു പുലിയേപ്പോലെ നിന്റെ മാംസം കീറി ക്ലേശിപ്പിച്ചു. ദുഷ്ക്കാര്യങ്ങൾ ചിന്തിച്ചതിനാൽ നിന്റെ ശിരസിൽ ഞാൻ മുൾമുന തറച്ചു. നിന്റെ കണ്ണുകളിൽ ഞാൻ ഹീനമായ മുൾമുനകൾ പതിപ്പിച്ചു. കഷ്ടമേ കഷ്ടം. മഹാദുഃഖമേ ദുഃഖം. ദുഷ്ടനായ എനിക്ക് അഭയസ്ഥാനം എവിടെയുണ്ട്. എന്റെ നാഥാ എനിക്ക് അഭയം അങ്ങുമാത്രം.

ഇപ്പോൾ എന്റെ മനസുകൊണ്ട് ഗദ്സമേനിയിലേക്ക് ഞാൻ വരുന്നു. ഒൻപതു വൃന്ദം സുന്ദരരായ മാലാഖമാർ ആരാധിക്കുന്ന നീയാണല്ലോ ഈ പാതിരാവിൽ ഈ കൊടുകാട്ടിൽ എഴുന്നെള്ളിയിരിക്കുന്നത്. നിന്റെ പവിത്രമായ ശരീരത്തിൽ നിന്നൊഴുകുന്ന രക്തം എന്റെ ദുരിതങ്ങൾക്കിടയാക്കുന്ന പാപങ്ങളെല്ലാം കഴുകി വെടിപ്പാക്കും.

## വസ്ത്രാക്ഷേപരംഗം

അമ്മേ എന്താണ് നീ ചെയ്യുന്നത് ? നിന്റെ പുത്രൻ ഉദരത്തിൽ സ്ഥിതി ചെയ്യുമ്പോൾത്തന്നെ അവിടുത്തേക്കു ധരിക്കുവാനുളള വസ്ത്രം നീ നെയ്തുവല്ലോ നിർമ്മലമായ നിന്റെ കൈകൾകൊണ്ട് നൂൽ നൂററ് മനോഹരമായി നെയ്തെടുത്ത കുട്ടിയുടുപ്പ് നിന്റെ മണവാളൻ കൊണ്ടുവന്ന ചെമ്പകം, രാജമല്ലി, പിച്ചകം എന്നിത്യാദി പൂക്കളും മററു സുഗന്ധ ദ്രവ്യങ്ങളോടു കൂട്ടിച്ചേർത്ത് ഉണ്ടാക്കിയ പരിമള ജലത്തിൽ തളിച്ച് സൂക്ഷിച്ചിരുന്നതാണ്. അഞ്ചുവയസി നുമുമ്പ് ധരിച്ചുകൊണ്ടു നടന്നിരുന്ന ഈ വസ്ത്രം തിരു സുതന്റെ വളർച്ചയനുസരിച്ച് വലുതായിക്കൊണ്ടിരുന്നല്ലോ. അന്നെന്നപോലെ ഇന്നും ശോഭവിതറുന്ന ആ വസ്ത്രമാണല്ലോ ശത്രുക്കൾ വലിച്ചുരിയുന്നത്.

## കുരിശിൽ തറയ്ക്കൽ

യാതൊരു കാരുണ്യവും കാണിക്കാതെ ദുഷ്ടന്മാർ അവിടുത്തെ വസ്ത്രം വലിച്ചൂരി. തലയുടെ അളവിനൊത്ത് വായ് വെട്ടിത്തയിച്ച തിരുവസ്ത്രം അവിടുത്തെ ശിരസിലുളള മുൾമുടി അല്പം നീങ്ങിപ്പോയി. അതുകൊണ്ട് ചിലമുൾമുനകൾ തലയോട്ടിയിൽ അമർന്ന്ചേർന്നു . ചലനം കൂടാതെ അവ ഒടിഞ്ഞ് അവിടെത്തന്നെ തറഞ്ഞിരുന്നു. തിരുവസ്ത്രം നാലുപ്രാവശ്യം ശത്രുക്കൾ അഴിക്കുകയുണ്ടായി. ഒന്നാമത് കൽത്തൂണിൽ കെട്ടിക്കൊണ്ട്. രണ്ടാമത് പരിഹാസവേഷം അണിയിക്കാൻ. മരണ വിധിഅറിയിച്ചപ്പോഴാണ് മറെറാന്ന്. നാലാമത് കുരിശിൽ തറയ്ക്കുന്നതിനു മുമ്പായിട്ട്. ഇപ്രാവശ്യത്തേതുപോലെ അസഹനീയമായ വേദന മുമ്പുണ്ടായിട്ടില്ല.

കുരിശിൽ തറയ്ക്കുന്നതിന് ശത്രുനിര ഒരുങ്ങുന്നസമയത്ത് തന്റെ ദിവ്യമാതാവിനെ അവിടുന്നു പരമപിതാവിന്റെ കരങ്ങളിൽ സമർപ്പിച്ചു. തന്റെ ശിഷ്യഗണത്തിനും തന്നോടുകൂടി ചേരുന്നവർക്കും സകലപാപികൾക്കും വേണ്ടി

അവിടുന്നു പ്രാർത്ഥിച്ചു. കൊലയാളികൾ നാഥന്റെ കുരിശിൻമീതെ നീട്ടുവാൻ കല്പിച്ചു. കരങ്ങൾ നീട്ടി. ആണിപ്പഴുതിനുള്ള അടയാളം രേഖപ്പെടുത്തി, പക്ഷേ അടയാളം അകന്നായിരുന്നതിനാൽ ബലമായിപ്പിടിച്ച് ഒരു തൃക്കരത്തിൽ ആണി അടിച്ചു രണ്ടാമത്തെക്കരം. നിശ്ചിതസ്ഥലത്ത് എത്താതിരുന്നതിനാൽ കയറുകൊണ്ട് ബന്ധിച്ച്വലിച്ചുനീട്ടി ഇരുകരങ്ങളിലും കാരുണ്യമില്ലാതെ ആണിഅടിച്ചു കയററി. പിന്നീടവർ ആണിയുടെ മുനമടക്കിയുറപ്പിക്കാനായി കുരിശുനിലത്തു കമിഴ്ത്തുവാൻ ഭാവിച്ചു............

## രക്ഷകന്റെ ദ്വിതീയാഗമനം

രക്ഷകന്റെ രണ്ടാമത്തെ വരവിനുള്ള അടയാളങ്ങൾ തന്നിക്കുമുൻപേ ആകാശത്തിൽ കാണിക്കും അപ്പോൾ ഭൂമിയിലുള്ളവരെല്ലാം പരിഭ്രമിക്കും. ഘോരമായ ഇടിമിന്നലുകൾ ഉണ്ടാകും. സമുദ്രം കലങ്ങിമറിയുക, ജലനിരപ്പുയരുക വന്യമൃഗങ്ങൾ നാലുപാടുംപായും. ആകാശത്തിലെ ഗ്രഹങ്ങൾ തകർന്നുവീഴും. സൂര്യൻ കരിക്കട്ടയായി മാറും. അന്നോളം കണ്ടിട്ടില്ലാത്ത കാഴ്ചകൾകണ്ട് മനുഷ്യരും മൃഗങ്ങളും ഓടിയൊളിക്കും. മനുഷ്യർ ജീവച്ഛവം പോലെയാകും ആകാശത്തുനിന്നും തീ വർഷിക്കപ്പെടും. മനുഷ്യരെല്ലാം മരിച്ചുവീഴും. ക്ഷണത്തിൽ എല്ലാം ഭസ്മമായിത്തീരും സർവ്വശക്തൻ നല്കുന്ന കല്പനകേട്ട് മത്സ്യങ്ങൾക്കിരയായിത്തീർന്ന മനുഷ്യരുടെ മാംസാദികൾ ഒന്നിച്ച് ചേർക്കാൻ മാലാഖമാർ പുറപ്പെടും. അവർ കാഹളമൂതും. ലോകത്തിൽ മരിച്ചടക്കപ്പെട്ട മനുഷ്യരെ എല്ലാവരും എഴുന്നേല്ക്കുവിൻ. പ്രവൃത്തികൾക്കനുസൃതമായ പ്രതിഫലം വാങ്ങുവിൻ എന്ന കല്പന. സകലരും ആത്മശരീരങ്ങളോടെ ഉയിർത്തെഴുന്നേല്ക്കും അവരെല്ലാം. ജോസഫാത്ത് എന്ന താഴ്വരയിൽ ഒരുമിച്ച് കൂടും. നന്മതിന്മളെ വേർതിരിച്ചുകാണിക്കുന്ന അവിടുത്തെ ശക്തി എല്ലാവരെയും രണ്ടുഭാഗമായിത്തിരിക്കും. ശിഷ്ടരെ വലത്തുവശത്തും ദുഷ്ടരെ ഇടത്തുവശത്തും. അപ്പോൾ നാഥന്റെ കൊടിയടയാളമായ കുരിശ് പ്രത്യക്ഷപ്പെടും.

## കുരിശിനു വന്ദനം

അല്ലയോ കുരിശേ, എൻെറ വിജയത്തിനുള്ള വീര്യാ യുധം നീ തന്നെയാണ്. നീ തന്നെയാണ് മോക്ഷക വാടം തുറക്കാനുള്ള താക്കോൽ. മനുഷ്യകുലത്തിനു മുക്തി നൽകുന്ന മഹത്തായ പൂജ നിന്നിൽത്തന്നെയാണ്. നിർദ്ധ നനായ മനുഷ്യന് സമ്പാദ്യം നേടുവാനുള്ള വഴിയും കുരി ശേ, നീ തന്നെയാണ്.

കുരിശേ, നീ വഴിയായുള്ള അപമാനവും നിന്ദയും കാഠിന്യവും നീ വഴിയായിത്തന്നെ പരിഹരിച്ച് ഞാൻ മാധുര്യം വരുത്തിയിരിക്കുന്നു. പിന്നാലെ വരുന്ന മനുഷ്യ മക്കൾ നിന്നെ ആഗ്രഹിക്കുന്നതിനുവേണ്ടി നിന്നെ ഞാൻ ദർശിച്ചു. സ്നേഹത്തോടെ അനേകമാളുകൾ നിന്നെ ആലിം ഗനം ചെയ്തു.

അല്ലയോ, കുരിശേ, നീ വഴിയായി തുറക്കപ്പെടുന്ന പാതയിൽ എൻെറ ജനങ്ങൾ എൻെറ പിന്നാലെ ഓടി വന്ന് നിന്നെ തീർച്ചയായും അന്വേഷിക്കും.

എൻെറ പിതാവും ആദിയും അന്ത്യവുമായിരിക്കുന്ന ദൈവമേ, നീ തന്നെ ഭൂമിയും ആകാശവും സൃഷ്ടിച്ചു വെന്നുള്ളത് നിശ്ചയമാകുന്നു. നിൻെറ വാക്കുകേട്ട് എൻെറ മനസ്സിനെ അതനുസരിച്ച് വഴക്കി എൻെറ മക്കൾക്കു രക്ഷ ലഭിക്കുന്നതിനുവേണ്ടി ഞാൻ ഇന്ന് അർ പ്പിക്കുന്ന ബലിക്കുള്ള വിറക് ഈ കുരിശു തന്നെയാകുന്നു. എൻെറ പിതാവേ, മനുഷ്യകുലം മുഴുവൻ എൻെറ ഗോത്ര ക്കാരായി മാറിയിരിക്കുന്നു. എൻെറ മക്കളായ അവർ ഇനി മേൽ ദാസന്മാരല്ല. ഞാൻ വഴിയായി അവരെല്ലാം നിൻെറ സമ്പത്തിന് അവകാശികളായിത്തീർന്നിരിക്കുന്നു.

ഈ കുരിശുവഴിയായി മനുഷ്യർ ഓരോ ദിവസവും നിൻെറ മുമ്പിലേക്ക് ആനയിക്കപ്പെടും. ഈ വിധത്തിൽ സ്തുതിച്ചുകൊണ്ട് പതിനഞ്ച് അടി നീളവും, അതിനു തക്ക ഭാരവും ഉള്ള കുരിശു തോളിലേററി അവിടുന്ന് പുറ

പ്പെട്ടു. അതു കണ്ട് ദുഃഖത്താൽ മുഖം കറുത്ത് സാഷ്ടാംഗം വീണ് കാവൽ ദൂതരായ മാലാഖാമാർ നിലകൊണ്ടു.

ദുഃഖനിമഗ്നരായി കന്യകാമറിയവും യോഹന്നാറും ഇതെല്ലാം കണ്ട് മുട്ടുകുത്തി കുമ്പിട്ടുനിന്നു. എൻെറ ദുഃഖം വർണ്ണനാതീതമാണ്. എല്ലാം എൻെറ പാപങ്ങൾ നിമിത്തം വന്നു ചേർന്നതാണല്ലോ. എൻെറ പാപങ്ങളുടെ എണ്ണം കുറഞ്ഞിരുന്നെങ്കിൽ അവിടുത്തെ കുരിശിൻെറ ഭാരവും കുറയുമായിരുന്നു.

## ഉത്ഥാനാനന്തര സംഭവങ്ങൾ

ഈ നാല്പതു ദിവസങ്ങൾക്കുള്ളിൽ മരിക്കുന്ന പുണ്യാത്മാക്കൾക്ക് തങ്ങൾ ആശയോടെ പാർത്തിരിക്കുന്ന മോക്ഷത്തിൽ നാഥനെ കാണാൻ തക്കവണ്ണം അവസരം നൽകി. അതുപോലെ തന്നെ സെഹിയോൻ എന്ന മാളികയിൽ പ്രവേശിക്കുന്നവർക്കെന്നപോലെ രക്ഷാനാഥൻെറ കാഴ്ചയ്ക്കു പാത്രീഭവിക്കാത്തോർക്കും രക്ഷകയായ അമ്മയുടെ അപേക്ഷമൂലം അവർക്കുള്ള പരിഹാരവും നാഥൻതീർത്ത് അവർക്കും മോക്ഷപ്രവേശനം നൽകും.

പിന്നീട് ഒരു ദിവസം അമ്മയുടെ ധ്യാനമന്ദിരത്തിൽ പ്രകാശം പരത്തുന്ന ഒരു കാഴ്ച ആശ്ചര്യകരമാംവിധം ഉണ്ടായി. നിത്യനായ പിതാവ്, സ്നേഹമേറിയ പരിശുദ്ധൻ, സത്യാവതാരം ചെയ്തവനുമായ പുത്രൻ എന്നിങ്ങനെ പരിശുദ്ധ ത്രിത്വം നിലകൊള്ളുന്നു.

പുത്രനായ ദൈവത്തിൻെറ ഉയിർപ്പുമൂലം ആ സ്ഥലത്ത് ത്രിത്വം എഴുന്നെള്ളിയിരിക്കുന്നു. വിസ്മയകരമായ ഈ കാഴ്ച കണ്ട് വലിയ എളിമയോടെ നമ്മുടെ അമ്മ അവിടെ സാഷ്ടാംഗം വീണു കുമ്പിട്ടു. ഭീതിയോടും ഭക്തിയോടും ഭൂമിയിൽ മുഖം ചേർത്ത് പരിശുദ്ധ ത്രിത്വത്തെ അമ്മ ആരാധിച്ചു അപ്പോൾ നിത്യപിതാവായ ദൈവം തൻെറ സന്നിധിയിലുള്ള സിംഹാസനത്തിൽ മാതാവിനെ ഇരുത്തുവാൻ സ്വർഗ്ഗീയ ദൂതന്മാരോട് കല്പിച്ചു.

മുൻപു കേട്ടതുപോലെ ഒരു സ്വരം വീണ്ടും കേട്ടു 'അല്ലയോ സ്നേഹമാതാവേ, അങ്ങ് ഉന്നതങ്ങളിലേക്കു കയറുക' അപ്പോൾ പരിശുദ്ധ അമ്മ ദൈവത്തിന്റെ പവി ത്രസന്നിധിയിലേക്ക് ഉയർന്നു. ഉടനെ സ്നേഹം നിറഞ്ഞ പിതാവ് ഇങ്ങനെ കല്പിച്ചു.

അല്ലയോ മകളേ, നിന്റെ പുത്രനും എന്റെ സുതനും ആയ മിശിഹാഭൂലോകത്ത് ആയിരുന്നപ്പോൾ പുതുതായി സ്ഥാപിച്ച സഭയിലെ വിശ്വാസികളെ നീ പരിപാലിക്കണം. അവർ വർദ്ധമാനമാകുവാൻ നിന്നെ ഞാൻ ചുമതലയേല് പിക്കുന്നു.

ആ സമയത്ത് പരിശുദ്ധാത്മാവ് തന്റെ ദാനങ്ങളും ബുദ്ധിശക്തിയും മാതാവിനു ദാനമായി നൽകി. അവി ടുന്ന് സ്നേഹമേറിയ സുതന്റെ ഇടവും തന്റെ പരിശുദ്ധ പത്നിയുമായ സഭയെ മാതാവിന് ഭരമേല്പിച്ചു.

## പ. കന്യകയുടെ അന്തിമദിനങ്ങൾ

കന്യകാമറിയം തന്റെ സ്നേഹപുത്രനെ – ദിവ്യകാരു ണ്യത്തിൽ സ്വീകരിക്കുമ്പോൾ ആ അമ്മയുടെ മുഖത്ത് മിന്നി ത്തിളങ്ങുന്ന പ്രകാശത്തെ യോഹന്നാൻ ദർശിക്കും. സ്വന്തം കൈകൊണ്ടു തന്നെ പൂജാവസ്ത്രങ്ങൾ അമ്മ നെയ്തിരുന്നു. ഈ ജോലി മുട്ടുകുത്തി നിന്നു കൊണ്ടാണ് ചെയ്തിരുന്ന ത്. ഭക്ത്യാദരവോടെ അൾത്താരയിൽ വിരിക്കാനുള്ള വസ്ത്ര ങ്ങളും അമ്മ നെയ്തിരുന്നു. മാതാവിന് അറുപതു വയസാ കുന്നതുവരെ ലളിതമായ ജീവിതം കൊണ്ട് ക്ലേശിച്ചു കഴി ഞ്ഞു. ഭക്ഷണവും നിദ്രയും അല്പം മാത്രം. ഒരു നുറുക്ക് അപ്പം – അൽപ്പം മത്സ്യം – വെള്ളം. ഇവ തന്നെ യോഹ ന്നാന്റെ സന്തോഷത്തിന് വേണ്ടിയായിരുന്നു. അന്ത്യകാല ത്ത് കൂദാശ വഴിയായി നാഥനെ മിക്ക ദിവസങ്ങളിലും സന്ധ്യാവേളയിൽ സ്വീകരിക്കും.

അക്കാലയളവിൽ പരലോകത്ത് പുത്രനോടുകൂടെ വസി ക്കുവാൻ മാതാവിന് ഉൽക്കടമായ ആഗ്രഹമുണ്ടായി. പുത്രൻ മാതാവിനെ സ്വീകരിക്കാനും തയ്യാറായി. തന്റെ ദൂതന്മാ രിൽ മുഖ്യനായ ഗൗറിയേലിനെ ഭൂമിയിലേക്ക് യാത്രയയച്ചു.

ധവളവസ്ത്രധാരിയായി കരങ്ങളിൽ ഒലിവു ശേഖരവുമേന്തി മംഗള സന്ദേശവുമായി ഗബ്രിയേൽ ആഗതനായി അമ്മേ - ഭൂമിയിൽ നിന്റെ ജീവിതകാലം പ്രിയപുത്രൻ ചുരുക്കിയിരിക്കുന്നു. കണ്ണീരിന്റെ ഈ താഴ്‌വരയിൽ ഇനി മൂന്നു ദിവസം കൂടി മാത്രം. അതിനു ശേഷം സ്വർഗത്തിലേയ്ക്ക് യാത്ര പുറപ്പെടേണ്ടി വരും. ''ഇതാ കർത്താവിന്റെ ദാസി. അവിടത്തെ വചനം പോലെ എന്നിൽ ഭവിക്കട്ടെ'', പരി. അമ്മ പറഞ്ഞു. തത്സമയം വാനവരെല്ലാം അമ്മയോട് ചേർന്ന് വന്ദന ഗാനം പാടി പറവകളും ജന്തുജാലങ്ങളും അമ്മയുടെ വേർപാടറിഞ്ഞ് അത്യന്തം ദുഃഖിതരായി. പ. കന്യക യോഹന്നാനേയും ബഹു സഹസ്രം മാലാഖമാരെയും ചേർത്ത് ഗാഗുൽത്താമലയുടെ മുകളിലേക്ക് കയറി. വിശുദ്ധസ്ഥലങ്ങളെ അത്യന്തം ഭക്തിയോടെ വണങ്ങി. പിന്നീട് സ്വപുത്രന്റെ പീഡാസഹനങ്ങളെക്കുറിച്ച് ധ്യാനിച്ചു. പ്രാർത്ഥനാവേളയിൽ പ്രിയപുത്രൻ മിശിഹാ അവിടെയ്ക്കെഴുന്നള്ളി. പാപികളുടെ മധ്യസ്ഥയായി പരി. അമ്മയെ പ്രഖ്യാപിച്ചു. കന്യകാമാതാവ് സാഷ്ടാംഗം പ്രണമിച്ച് മിശിഹായുടെ തൃപ്പാദങ്ങളെ വണങ്ങി. ''മനുഷ്യനായ ദൈവത്തിന്റെ രക്തം കൊണ്ട് പവിത്രമായ ഭൂമിയോട് മനുഷ്യപുത്രന്റെ ആശീർവാദത്താൽ പുളകമാർന്ന ഭൂമിയോട് യാത്രചോദിച്ചു. തിരുസ്ഥലസന്ദർശകരെ സഹായിക്കുന്നതിനുള്ള ചുമതല പരി. അമ്മ മാലാഖമാരെ ഏല്പിച്ചു.

തദവസരത്തിൽ പത്രോസ് ശ്ലീഹാ വിശ്വാസികളെ സംബോധന ചെയ്ത് ഇങ്ങനെ പ്രസംഗിച്ചു. സഹോദരന്മാരേ നമ്മുടെ നിക്ഷേപവും ഇതു വരെയുള്ള സഭാജീവിതത്തിന് താങ്ങും തണലുമായിരുന്ന ദൈവമാതാവിനെ സ്വർഗരാജ്യത്തിലേക്കു കരേററുവാൻ പുത്രൻ തിരുമനസായിരിക്കുന്നു. തന്റെ സ്നേഹപുത്രിയെ കൈക്കൊള്ളുവാൻ ദൈവപിതാവും തയ്യാറായിരിക്കുന്നു. പരിശുദ്ധാത്മാവും അതിന് നിശ്ചയിച്ചിരിക്കുന്നു. ഇനി മുതൽ നമ്മുടെ സങ്കടം കേൾപ്പാൻ ആരുണ്ട്? എങ്കിലും ഇനി നമുക്ക് ഈ അമ്മയോട് പ്രാർത്ഥിക്കാം. നമുക്ക് അമ്മയുടെ പക്കൽ നിന്നും ആശീർവാദം ലഭിക്കാൻ പ്രാർത്ഥിക്കാം. പ. കന്യക എല്ലാവരെയും

നോക്കി ഇങ്ങനെ അരുളിച്ചെയ്തു. എന്റെ വത്സല സുതൻ പഠിപ്പിച്ചതുപോലെ ഞാൻ നിങ്ങളേവരെയും സ്നേഹിക്കുന്നു. അവിടുത്തെ മക്കളാണ് നിങ്ങൾ. നിങ്ങൾ തമ്മിൽ സ്നേഹിക്കണം. അതു തന്നെയാണ് സർവ്വമനുഷ്യർക്കും ഭാഗ്യവും മുക്തിയും. നിങ്ങളെ എല്ലാവരേയും ഞാൻ സ്വർഗ രാജ്യത്തിൽ ചെല്ലുമ്പോൾ ഓർക്കുന്നതാണ്.

ആ സമയത്ത് സൂര്യനെ വെല്ലുന്ന പ്രഭാപൂരത്തോടെ പുത്രനായ ദൈവം പ്രത്യക്ഷപ്പെട്ടു. വാനവഗണവും വിശുദ്ധരും എല്ലാം അകമ്പടിയായി വന്നു നിന്നു. സെഹിയോൻ മാളിക സ്വർഗസമാനമായി തൽക്ഷണം മാതാവ് തന്റെ പുത്രന്റെ പാദാന്തികത്തിൽ സാഷ്ടാംഗം പ്രണമിച്ചു. അവിടെ സന്നിഹിതരായിരുന്നവരെല്ലാം നിർജ്ജീവരെന്ന പോലെ നില കൊണ്ടു. മാതാവ് അപേക്ഷിച്ചതനുസരിച്ച് പുത്രൻ തന്റെ ആശീർവാദം അമ്മയ്ക്കു നല്കിയ ശേഷം ഇങ്ങനെ അരുൾ ചെയ്തു.

എന്റെ അമ്മേ – പിതാവായ ദൈവം അമ്മയെ പ്രതീക്ഷിച്ചിരിക്കുന്നു. മരണത്തിന്റെ താഴ്‌വരയിൽ നിന്നും ആയുസിന്റെ സ്ഥലത്തേയ്ക്ക് വരിക. അമലയായി ഈ ലോകത്തിൽ പ്രവേശിച്ച നീ എന്റെ അമ്മയായിത്തീർന്നല്ലോ. മരണം കൂടാതെ തന്നെ ഇപ്പോൾ സ്വർഗത്തിൽ പ്രവേശിക്കാം. അല്ലെങ്കിൽ എന്നെപ്പോലെ മരണം വരിച്ചുമാകാം. പുത്രനു തുല്യയാകാനാണ് മാതാവാഗ്രഹിക്കുന്നത്. മാലാഖമാർ സുന്ദരഗാനങ്ങൾ ആലപിച്ചു.– ആ ദിവ്യ പ്രഭാപൂരത്തിൽ – ഗാനലഹരിയിൽ – അമ്മ പരലോകയാത്രയായി. അപ്പോൾ മാതാവ് തന്റെ പുത്രനെ സ്നേഹപൂർവ്വം വീക്ഷിച്ചുകൊണ്ട് പറഞ്ഞു. ''ഇതാ നിന്റെ തൃക്കരത്തിൽ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു ഇങ്ങനെ പറഞ്ഞു കൊണ്ട് മാതാവ് തന്റെ തൃക്കണ്ണുകൾ അടച്ചു. അതേക്ഷണത്തിൽത്തന്നെ തന്റെ അവസാന ശ്വാസവും മാതാവ് അണച്ചു. അവിടുത്തെ മരണത്തിന് പരിശുദ്ധമായ ദൈവിക സ്നേഹമല്ലാതെ മറ്റൊരു കാരണവുമില്ലായിരുന്നു. സ്നേഹംകൊണ്ട് വ്യാധിയും മരണവും. ഭൂമിയിൽ അമൃതാക്കിമാററി. പുത്രനെ സംസ്ക്കരിച്ചതുപോലെ മാതാവിന്റെ

മൃതദേഹവും പുതിയ ഒരുശവമഞ്ചത്തിൽ വച്ചു ഈ വിശുദ്ധ ശരീരത്തെ വിശുദ്ധന്മാരാണ് ചുമന്നത് പരിശുദ്ധരായ സ്വർഗ്ഗീയഗണം ഉന്നതങ്ങളിലേക്കുപോയി. എങ്കിലും നിക്ഷേപത്തിന്റെ കാവലിനായി ആയിരം ദൈവദൂതന്മാർ നിലകൊണ്ടു സ്വർഗ്ഗീയഗാനങ്ങൾ അവിടെ മുഴങ്ങിയിരുന്നു രക്ഷകനേശു തന്റെ മാതാവിന്റെ ആത്മാവിനെ അതീവമഹിമയോടെ പിതാവായ സർവ്വേശ്വരന്റെ ത്രോണോസിൻപക്കൽ ആനയിച്ചു. ഇങ്ങനെ മൂന്നുദിവസം കഴിഞ്ഞ് പുത്രന്റെ ഉയിർപ്പു ദിനമായ ഞായറാഴ്ച പുത്രനും മാതാവിന്റെ ആത്മാവും ഭൂമിയിലേക്കിറങ്ങി. കല്ലറക്കുള്ളിൽ പ്രവേശിച്ച് സൂര്യസമാനമായ പ്രകാശകിരണങ്ങളോടുകൂടി പുറത്തേക്കുവന്ന് പരലോകത്തിലേക്കു യാത്രയായി. സ്വർഗരാജ്ഞിയായി അവിടെ വാഴുന്നു.

# VIII ധ്യാനസല്ലാപങ്ങൾ

ഉയരപ്പെട്ട പുണ്യത്തിനും വലിയ ധ്യാനത്തിനും എനിക്കു യോഗ്യതയില്ല. അതെന്ത്യേ. മഹാപാപി. ഇതിനാൽ ആത്മം അശുദ്ധമായി, തെളിവില്ലാത്തതായി. വെടിപ്പ്, അടക്കം ഈ പുണ്യങ്ങളില്ലായ്കയാൽ ധ്യാനാരൂപി കിട്ടുവാനും [1]പുണ്യസാംഗോപാംഗത്തിന് യോഗ്യനല്ല എന്ന നിരൂപണം; അമ്മയുടെ വചനം പോലെ നിഗളം എന്ന് തിരിയുകയും ചെയ്യും. അതെന്ത്യേ, എന്നാൽ ദൈവം ചെയ്യില്ലതൊക്കെയും എന്റെ വശമേ, ഇത്രടം നീ വന്നത് എങ്ങനെ. വീട്ടിൽ നിന്നാരുവിളിച്ചു? പട്ടത്തിന് എങ്ങനെ കേറി, കൊവേന്തയിൽ എങ്ങനെ കൂടി, സഭ എങ്ങനെ കിട്ടി, പ്രിയോരെന്നാരു വിളിച്ചു, ഇവിടെ എങ്ങനെ വന്നു? ഇതൊന്നിന് നിന്നെ കൊള്ളാമോ? ഇല്ലയില്ല, നിശ്ചയം. അപ്പഴോ തിരുമനസ്സു നടക്കും. നടത്തും. ഇതിന് തിരുമനസ്സില്ലെന്ന് പറഞ്ഞോ? വിരുന്നിന്റെ കുപ്പായമില്ലാതെ മേശയ്ക്കിരുന്ന ഭിക്ഷക്കാരനെ എന്ത്യേ കാലും കയ്യും കെട്ടി ഇരുട്ടിലിട്ടു? ഇവന് രാജവിരുന്നിനു കൂടുവാൻതക്ക കുപ്പായമുണ്ടോ? ആയത് നിരൂപിച്ചോ, പെരുവഴിയിൽ നിന്നിരുന്നതല്ല പിന്നെയോ വിളിച്ചുവരുത്തിയവരോട് കുപ്പായമില്ലല്ലോ എന്നവൻ ഒരു വചനം പറഞ്ഞെങ്കിൽ അപ്പോൾ കിട്ടിയേനെ, അതിനെയും കൊടുപ്പാൻ ഇല്ലാത്തയാളല്ല വിളിച്ചത്. ഇതിനാൽ എങ്ങനെയിരുന്നാലും മതി എന്നവൻ നിരൂപിച്ചതിനാൽ തള്ളി. ആയതിൻവണ്ണം ഇത്രടം നിന്നെ വരുത്തിച്ച ആളിനോടും നീയും ചോദിച്ചാൽ നിനക്കും ഈ വരം കിട്ടും നിശ്ചയം.

## *ശുദ്ധ ദേവമാതാവിനു കൊണ്ടാട്ടം*[2]

എത്രയും വലിയ അയോഗ്യനെങ്കിലും ശു. അമ്മത്രേസ്യായുടെ മകൻ ഞാനും ആകുവാൻ ദൈവം തിരുമനസ്സായി കർമ്മെല അമ്മ ചേർത്തു. അമ്മത്രേസ്യാ തന്റെ മക്ക

1 സാംഗോപാംഗം - പൂർണ്ണത

2 കൊണ്ടാട്ടം - വന്ദനം

ളുടെ കൂട്ടത്തിൽ എന്നെയും ചേർത്തുവല്ലോ. ഇതിനെക്കുറിച്ച് അമ്മയോട് മക്കരം ചോദിച്ചാൽ പ്രിയമുള്ള തള്ള അവരുടെ കയ്യിൽ ഇല്ലാത്തതായാലും ചോദിച്ചാൽ കിട്ടുന്നത് എങ്കിൽ മക്കരംക്കു വാങ്ങിച്ചുകൊടുക്കും എന്ന് വരുമ്പോരം മാംസതള്ളമാരെക്കാരം അധികമായിട്ട് തൻെറ മക്കളെ സ്നേഹിക്കുന്ന ഈ അമ്മത്രേസ്യാ താൻ എല്ലാവരെ അധികമായിട്ടു പഠിപ്പിച്ചിരിക്കയാൽ ധ്യാനത്തിൻെറ ഗുരുനാഥ എന്നുള്ള നാമവും ധരിച്ച്, ശേഷം പേരെ പഠിപ്പിപ്പാനായിട്ടു ഉരംക്കോട്ട എന്ന് പേരുവിളിച്ച ഏഴു കോട്ടയായിട്ടു വിഭാഗിച്ച ഈ ഏഴു സ്ഥാന പദവികളായിട്ടും അതിൽ കരേറുവാനുള്ള വഴികളും എഴുതിയുണ്ടാക്കിയിരിക്കുന്നു. എന്നുള്ളത് തന്നെ ഇത് തൻെറ മക്കളെ പഠിപ്പിപ്പാനായിരിക്കുന്നു. എന്നതിനാൽ ഞാൻ ഒരധിക അപേക്ഷ ഈ അമ്മയോടു അപേക്ഷിക്കുന്നു, ഈ എഴുതിയിരിക്കുന്ന പേച്ച് ഇനിക്കറിവാൻ വഹിയായ്കയാൽ ഒന്നുകിൽ ഈ പേച്ചിനെ പഠിപ്പിക്കണം അല്ലെങ്കിൽ അതിനെ വായിക്കാതെ എൻെറ ഹൃദയത്തിൽ ചൊല്ലിത്തന്ന് പഠിപ്പിക്കണം.

## ധ്യാനം

ധ്യാനം എന്നത് ദൈവത്തോടുള്ള സംസാരമാകുന്നു. സ്നേഹത്താൽ ദൈവത്തോടു ചേർന്നു തന്നോടൊന്നിച്ചിരുന്ന്, സ്നേഹിതന്മാരോട് ഒന്നിച്ചുള്ള സംഭാഷണം എന്നപോലെ ആത്മമണവാളനായ ഈശോമ്ശിഹായോടൊന്നിച്ചിരുന്നു സംസാരിക്കയത്രെ, ഇതിൻെറ പ്രവൃത്തി. ഇതിനാൽ നിൻെറ തണുപ്പിൻെറ കാലമെന്ന് നീ പേരുവിളിച്ചിരുന്ന തുടക്കകാലങ്ങളിൽ ലോകസംസാരത്തിൽ മുഴുകിയിരിക്കയാൽ ദൈവത്തോടു സംസാരിപ്പാനായിട്ടു ധ്യാനിക്കുന്നത് ഒരധികമായ തുനിവാകുന്നു[3] എന്നും നിരൂപിച്ചു ധ്യാനത്തിൽ നിന്നും അകന്നിരുന്നു എന്നും നിൻെറ ചരിത്രത്തിൽ ഞാൻവായിച്ചു കണ്ടു. എന്നതിനാൽ എൻെറ അമ്മെ ഇത് ശരി തന്നെ, അതെന്ത്യെ, ധ്യാനം ദൈവത്തോടൊന്നിച്ചിരുന്നുള്ള സംസാരമാകുന്നുവെന്ന് വരുമ്പോരം ഒരു സ്നേഹിതനോടുള്ള സംസാരംപോലെ ആകുന്നു. എന്നാൽ സ്നേഹിതന്മാ

രുതമ്മിൽ ഒന്നിച്ചിരുന്നാൽ വേർതിരിയുംവരെയും നാവ് അടങ്ങാതെ സംസാരിക്കും. ഇതു കണ്ടുവരുന്ന കാര്യംതന്നെ. ഇതിനിടയിൽ അവർക്കും സംസാരത്തിന് വകയില്ലാഞ്ഞിട്ടു മിണ്ടടങ്ങിയിരുന്നുവെന്നും വരികയില്ല. അപ്പഴോ, സ്നേഹമുണ്ടെങ്കിൽ അയാളിനോടു സംസാരിപ്പാൻ വകയുണ്ടാകും; ഈ സംസാരം ഒരുത്തൻ പഠിപ്പിക്കയും വേണ്ട. [2]പേച്ചറിയാത്തവരും തമ്മിൽ സ്നേഹമുണ്ടായാൽ തമ്മിൽ പറയുകയും തിരിയുകയും ചെയ്യുന്നു. ഒരുപേച്ചറിയുന്ന മററവനോടു സംസാരിക്കുന്നതിനെക്കായിലും പേച്ചറിയാത്ത സ്നേഹിതനോടു സംസാരിപ്പാനത്രെയിഷ്ടം ഒന്നും ഉരിയാടാതെ ഇരിക്കുന്നു എങ്കിലും സ്നേഹിതൻെറ ചാരെയിരിക്കുന്നത് തന്നെ തൃപ്തിയാകയും ചെയ്യും, എന്ന് വരുമ്പോൾ എൻെറ അമ്മേ ഞാനും ഈശോമ്ശിഹായെ പട്ടാങ്ങയായിട്ടു സ്നേഹിക്കുന്നുയെങ്കിൽ ഇനിക്കു ധ്യാനത്താൽ തന്നോടു സംസാരിപ്പാൻ വകയുണ്ടാകും അല്ലെങ്കിൽ സംസാരിപ്പാൻ പാടില്ലെങ്കിലും അരികെയിരിക്കുന്നതിനാൽ തൃപ്തിയായിരിക്കുമല്ലോ. ആയതിനാൽ ഈ സ്നേഹം ഇനിക്കുമുണ്ടാകുമെങ്കിൽ നിനക്കു ചൊല്ലിത്തരുവാനുള്ള ബുദ്ധിമുട്ടു കുറഞ്ഞിരിക്കും. അതെന്ത്യെ, വേഗം ഞാൻ പഠിക്കും ഈ സംസാരം. ആയതിനാൽ ഈ സ്നേഹം ഇനിക്കു തരുവിക്കണം അപ്പോൾ ധ്യാനവും പഠിക്കും. അതെങ്ങനെയെന്നാൽ സ്നേഹിതനോട് സംസാരിപ്പാൻ ഒരുത്തരേയും പഠിപ്പിക്കേണ്ട. പിന്നയോ ആ സ്നേഹം തന്നെ പഠിപ്പിക്കുകയും ചെയ്യുമല്ലോ., എന്നതിനാൽ ഈ സ്നേഹത്താൽ സംസാരിപ്പാൻ പഠിപ്പിക്കുകയും ചെയ്യും അപ്പഴൊ, അമ്മേ! നിൻെറ പക്കലില്ലാത്തതായാലും മകനായ ഞാൻ ചോദിച്ചാൽ ഉള്ളടത്തനിന്ന് ചോദിച്ചു മേടിച്ചെങ്കിലും തരുവാൻ ഞെരുങ്ങുന്ന

1. അമ്മത്രേസ്യ രചിച്ച Interior Castle (ആഭ്യന്തരഹർമ്മ്യം) എന്ന മിസ്റ്റിക്ക് കവിതാഗ്രന്ഥത്തെയാണ് പരാമർശിക്കുന്നത്.

2. പേച്ച്-ഭാഷണം

3. തുനിവ്-ഉദ്യമം

4. മാംസള്ള = പെററമ്മ

നിന്റെ ഉപവി, നിന്നിൽ ധാരാളമായി ഉണ്ടായിരിക്കുന്ന ഈ ഗുണം ചോദിപേക്ഷിക്കുന്ന അഗതിയായ മകനെ്തരാതെ യിരിക്കുമോ: നിന്റെ മേലുള്ള ഈ പ്രിയത്തെപ്രതി നിന്റെ മക്കാംക്കു സമ്മാനിപ്പാൻ സന്തോഷമായിരിക്കുന്ന നിന്റെ പ്രിയ മണവാളനോടു ഈ അഗതിയായ മകന്റെ അപേക്ഷ പ്രകാരം കേംപ്പിച്ചാൽ മണവാളനിൽ നിന്നകന്നിരുന്ന കാലത്തിൽ ചോദിക്കുന്നതൊക്കെയും തന്നിരുന്ന മണവാളൻ ഇപ്പോം വിവാഹം കഴിഞ്ഞ' മണവറയിൽ ഒന്നിച്ചി രിക്കുന്ന ഈ സമയം യാചിക്കുന്നത് കിട്ടുമോ എന്നി നിക്കു സംശയിപ്പാനുണ്ടോ? അന്യർക്കുവേണ്ടി പലതും അപേക്ഷിച്ചു സഹായിക്കുന്ന നീ പാപിയെങ്കിലും മകന്റെ സ്വാതന്ത്ര്യമുള്ള ഞാൻ അപേക്ഷിച്ചാൽ നീ കൂട്ടാക്കാതെയി രിക്കും എന്നെനിക്കു വിചാരിക്കാമോ? ആയതും ഒരുനാളും വഹിയായല്ലോ. ആയതിനാൽ അമ്മേ! ഞാൻ അപേക്ഷി ക്കുന്നു. എന്നെ നീ പഠിപ്പിക്ക.

## *1-ാം പങ്കായിട്ട്* (ഭാഗം)

ധ്യാനിപ്പാൻ, ദൈവസ്നേഹത്താൽ ദൈവത്തോടു ചേർന്നിരിക്കേണ്ടതിന്നാവശ്യം ആയിരിക്കയാൽ, പാപം ഉള്ള ഹൃദയത്തോടു ദൈവം ചേരാത്തതാകയാൽ, പാപപ്പൊറുതി അപേക്ഷിക്കുന്നതിനായിട്ടു ഈ ഒന്നാമത്തെ ദിവസത്തിൽ ഈ എന്റെ രക്ഷിതാവായിരിക്കുന്നതിന്റെ പ്രിയ മണവാളൻ ഈശോമ്ശിഹായുടെ പക്കൽ ഞാൻ അണവാൻ ആവശ്യമായിരിക്കയാൽ എന്റെ അമ്മേ! നീ കൂടെയിനിക്ക് സഹായവും തുണയുമായിരിപ്പാൻ ആയി മുൻകൂട്ടി നിന്റെ പ്രിയ മണവാളന്റെ മുറിയിൽ നീ കടന്ന് തന്റെ കരുണയുടെ തൃക്കണ്ണുകളെ എന്റെമേൽ തിരിപ്പിക്കേണമേ! ഇതിനായിട്ടു പാപികളുടെ സങ്കേതവും അനുഗ്രഹങ്ങളുടെ അമ്മയുമായിരിക്കുന്ന ദേവമാതാവിന്റെയും നിന്റേയും നിന്റെ മക്കളായ ഞങ്ങടെ ഒക്കെയുടേയും മദ്ധ്യസ്ഥനായ മാർ യൗസേപ്പിതാവിന്റെയും തുണയും സഹായവും നീ പ്രാർത്ഥിക്കണമേ! ഞാൻ ഇതാ എന്റെ പാപത്തിന്മേൽ മനസ്താപപ്പെട്ടു കൊണ്ട് ആയതിന്റെ മുഴുവനായ പൊറുതിയും സമാധാന

വും കിട്ടുവാനുള്ള ആഗ്രഹത്തോടുകൂടെ എന്റെ അപ്പന്റെ തിരുമുമ്പിൽ വരുന്നു. ധ്യാനമുറിയിൽ ഇതാ എന്റെ മനോഗുണ അപ്പൻ ഈശോമിശിഹ അനുഗ്രഹത്തിന്റെ സിംഹാസനത്തിൽ എഴുന്നള്ളിയിരിക്കുന്നു. തന്റെ വലത്തു ഭാഗത്തിൽ മനോഗുണത്തിന്റെ അമ്മയും ഇടത്തു ഭാഗത്തിൽ നമ്മുടെ മദ്ധ്യസ്ഥനായ യൗസേപ്പുപിതാവും എഴുന്നുള്ളിയിരിക്കുന്നു. നമ്മുടെ അമ്മത്രേസ്യാ തന്റെ മക്കൾക്കും വേണ്ടിയും പ്രത്യേകം പാപിയായ എനിക്കുവേണ്ടിയും അനുഗ്രഹം അപേക്ഷിപ്പാനുമായിട്ട് ഇവരുടെ അരികിൽ മുട്ടുകുത്തി നില്ക്കുന്നു. എന്നാൽ എന്റെ പാപപ്പെരുപ്പത്തിനു തക്ക തേററം[1] എനിക്കില്ലായ്കയാലും എല്ലായ്പ്പോഴും എന്നെ തുണച്ചു വരുന്ന മറിയമഗ്ദലയിത്തമ്മ, എജിപ്ത മറിയം, മർഗ്ഗരീത്തകൊർത്തോൻ എന്ന ഈ അമ്മമാരുടെ തേററവും പ്രായശ്ചിത്തങ്ങളും എനിക്കുള്ളതായി ഞാൻ അപേക്ഷിച്ചും കൊണ്ട് ഇതാ എന്റെ അപ്പന്റെ പക്കലോട്ടു ഞാൻ പുറപ്പെടുന്നു. ആ! എത്ര നാളായി ഞാൻ എന്റെ അപ്പന്റെ തിരുമുഖം കണ്ടിട്ട്. ആ എളിയ മകനെപ്പോലെ എന്റെ അപ്പൻ എനിക്കു തന്നിരുന്ന സമ്പത്തുകളൊക്കയും ധൂളിച്ചു[2] കളഞ്ഞ് അധർമ്മക്കാരന് വേലചെയ്തു അവന്റെ പോർക്കുകളെ മേയിച്ചു നടക്കുന്നു. ഇതിന്റെ തീൻകൂടെയും തൃപ്തിയായി കിട്ടാതെ പഞ്ഞത്താൽ മെലിഞ്ഞു. എന്റെ അപ്പൻ തന്നിരുന്ന ആ നല്ല വസ്ത്രങ്ങളൊക്കയും കളഞ്ഞ് നാണം മറപ്പാൻ കൂടെയും പാടില്ലായ്കയാൽ കില്ലത്തുണിയും[3] ധരിച്ചിരിക്കുന്നു: എങ്കിലും ഈ വേഷത്തോടുകൂടെ തന്നെ ഞാൻചെല്ലട്ടെ. അതെന്ത്യെ. ഇനി താമസിച്ചാൽ ചത്തുപോകുമല്ലോ. ഇതിനാൽ എന്റെ കാട്ടുവടിയും തൊപ്പിപ്പാളയും ഞാൻ എടുത്തുകൊണ്ടിതാ നടക്കുന്നു.

ഓ. എന്റെ ആത്മാവേ! എത്രയോ വേലക്കാർ നിന്റെ അപ്പന്റെ തിരുമുൻപിൽ സംപൂർത്തിയാൽ തെളിഞ്ഞു

1. തേററം-മനസ്താപം 2. (പാശ്ചാത്തപം) ധൂളിച്ച്-ധൂർത്തടിച്ച് (പൊടിയാക്കി) പോർക്ക് - പന്നി ധൂർത്തപുത്രന്റെ ഉപമയാണ് ഇവിടെ സൂചിപ്പിക്കുന്നത്. 3. കില്ലത്തുണി-കീറപ്പഴന്തുണി.

നടക്കുന്നു. അവരെ ഓർക്കുമ്പോൾ നീ എന്തെ ക്ലേശിക്കുന്നു. ഈ അപ്പൻ എത്രയും അനുഗ്രഹമുള്ളവനാകയാൽ ഈ നിന്റെ നന്ദികേടുകളൊക്കയും മറന്നുകളയും. മുൻപിലത്തെ നിന്റെ പുത്രസ്ഥാനത്തിൽ വെയ്ക്കയും ചെയ്യും ആ! നീ നോക്കുക, നിന്റെ അപ്പന്റെ അരമനയും മററുമാളികകളും പെക്കമുള്ള മതിലുകളും കാണുന്നില്ലയോ? ഈ പുറത്തുള്ള അലങ്കാരങ്ങളും മഹിമകളും ഈവണ്ണമായിരിക്കുമ്പോൾ അകത്തുള്ള മഹിമസന്തോഷങ്ങൾ എന്തായിരിക്കും! ആ! നേരുതന്നെ എന്റെ ആത്മാവേ! ഇത്രവലിയ മതിൽക്കുപുറത്ത് കിടന്ന് ഞാൻ നിലവിളിച്ചാൽ ആരു കേൾക്കും. ഈ വലിയ പൂട്ടും വാതിലും ആരു തുറന്നുതരും? ഇങ്ങനെ വാച്ചവരും തുറന്നു തന്നാൽ ഈ ഉപേക്ഷിക്കപ്പെട്ടവനായ നീ വന്നിരിക്കുന്നു എന്നു ആരവിടെ അറിവാക്കും? ഇങ്ങനെ അറിവിച്ചാലും കോപിച്ചുകൊള്ളുന്നതല്ലാതെ എന്നെ നോക്കുമോ? അങ്ങേ അരികിലോട്ടു അനുവാദം കൂടാതെ നിനക്കടുക്കാമോ? നിന്റെ ഈ ഭാഷയും[1] കോലവും കാൺകയും നിന്റെ ദുർമ്മണം വീശുകയും ചെയ്യുമ്പോൾ ശുശ്രൂഷികൾ കൂടെയും അറച്ചുപേക്ഷിപ്പാൻ യോഗ്യമായിരിക്കയിൽ ഈ മഹാവലിപ്പത്തിൻ തിരുമുൻപിൽ എങ്ങനെ നീ അടുത്ത് പൊറുതി അപേക്ഷിക്കും! ആ! ഇതൊക്കെയും നേരുതന്നെ. എന്നാലും എന്റെ അപ്പൻ എത്രയും അനുഗ്രഹം ഉള്ളവനും പട്ടാങ്ങയായ ഉപവിയും താൻസ്നേഹം എന്നത്രെ തന്റെ നാമവും ആകുന്നു. ഇതിനാലെ നാം ഭയപ്പെടുകയും വേണ്ട.

ഇതാ നീ സൂക്ഷിച്ചു എഴുന്നേൽക്കുക, ഇതാ ഒരു ഇളക്കം കാണുന്നില്ലയേ! ഓ ഹൊ! ഇതാ വാതിലുകളെ ധാരാളമായി തുറക്കുന്നു. അയ്യോ! ഇതാ എന്റെ അപ്പൻ തന്നെ എഴുന്നെള്ളി വരുന്നു. അയ്യോ! ഞാൻ ഈ വേഷത്തോടെ എന്തു ചെയ്യേണ്ടു. ഇപ്പോൾ എന്റെ അപ്പൻ വന്നു എന്നെ തൊടുവാൻ യോഗ്യമുള്ളവൻ ഞാൻ അല്ലല്ലോ. ഇതിനാല് ഞാൻ തന്റെ തൃപാദത്തുങ്കൽ സാഷ്ടാംഗം വീഴട്ടെ.

---
[1] ഭാഷ—പ്രകൃതം (Form)

അയ്യോ! എന്റെ അപ്പാ ആകാശത്തിലും നിന്റെ തിരുമുമ്പിലും ഞാൻ പിഴച്ചു. ഇനി നിന്റെ മകൻ എന്ന മഹിമപ്പേരിനു അടിയൻ യോഗ്യനല്ല. നിന്റെ വേലക്കാരിൽ ഒരുത്തനായിട്ട് കൈക്കൊണ്ടാൽ ഇനിക്കു എത്രയോ ഭാഗ്യം, എത്രയോ മഹിമ. എന്നാലും എന്റെ അപ്പാ. ഈ പേരുകൊണ്ടാണ്ടല്ലാതെ നിന്നെ ഇനിക്കു വിളിപ്പാൻ എന്റെ ഹൃദയം സമ്മതിക്കുന്നില്ല. നീയും ഈവണ്ണം കല്പിച്ചിരിക്കുന്നുവല്ലോ. ആയ്തിനാൽ മനോഗുണമുള്ള എന്റെ അപ്പാ, എന്റെ ദുഷ്ഠതയാലും നന്ദിഹീനതയാലും നിന്നോടു ഞാൻ ചെയ്ത കുററങ്ങളൊക്കെയും എന്നോടു നീ പൊറുക്കേണമെ!

## തേററപ്രകരണം. (മനസ്താപം)

ആ. പ്രിയമുള്ള അപ്പാ! നീ എഴുന്നെള്ളിയിരിക്കുന്ന ഈ കസേരയുടെ പുറകിൽ അടിയൻ മുട്ടുകുത്തിയിരിക്കയാൽ ഇനിക്കുവേണ്ടി ആണികളാൽ കിഴിയ്ക്കപ്പെട്ട,[1] വരളാതെ[2] വച്ചിരിക്കുന്ന ഈ തൃപ്പാദങ്ങളെ ഞാൻ പിടിച്ചിരിക്കയാൽ എന്റെ അമ്മ മഗ്ദലേത്തായോടു നീ കല്പിച്ചപോലെയും അമ്മ എ. മറിയത്തിന്നു പള്ളിവാതിൽ തുറന്നപോലെയും, മറിയകൊർത്തോനായോട് കുരിശിൽ നിന്റെ രൂപത്തിൽ വാ തുറന്ന് അരുളിചെയ്തതിൻവണ്ണവും ഇന്നടിയനോട് അരുളിചെയ്യാതെ, ഈ തൃപ്പാദച്ചുവട്ടിൽനിന്നടിയൻ വാങ്ങുകയില്ല. പിതാവു യാക്കോബ് മാലാഖായോട് ചൊല്ലിയതിൻവണ്ണം ഞാനും ഈ പാദം വിടുകയില്ല. ആ, എന്റെ അമ്മമാരെ! നിങ്ങൾ എനിക്കുവേണ്ടി അപേക്ഷിപ്പിൻ. ആ, എന്റെ അമ്മ. ശു. ഈശോയുടെ ത്രേസ്യായെ! നിന്റെ പ്രാർത്ഥനമുറിയിൽ നീ ദർശിച്ച രൂപത്തിൻ മുൻപിൽ നീ പ്രാർത്ഥിച്ചതിനെ ഓർത്ത് ഇനിക്കായി കൊണ്ട് നീയും അപേക്ഷിച്ച് ആ മനോഗുണം തരുവിക്കേണമെ! എത്രയും ശുദ്ധമുള്ള വ്യാകുലമാതാവെ! നിന്റെ ഏററിക്കപ്പെട്ട[3] വ്യാകുലത്തിനു കാരണമായ എന്റെ പാപങ്ങൾക്കു പൊറുതി ഇനിക്കുവേണ്ടി നീ അപേക്ഷിച്ചു തരുവിക്കണമേ! അയ്യോ! എത്ര ഊഴം നീ എന്നോടു ക്ഷമിച്ചു. എന്റെ അമ്മയുടെ കയ്യിൽനിന്ന് പൈതൽ പ്രായത്തി

ൽതന്നെ നീ എന്നെ കൈക്കൊണ്ടല്ലൊ. തെററുകളെ കണ്ടാറെ വീണ്ടും ലോകത്തിൽനിന്ന് എന്നെ വലിച്ചല്ലോ. ആയതി നാലെയും ഞാൻ ദുഷ്ടതയിൽനിന്ന് വാങ്ങു[4]ന്നില്ലെന്ന് കണ്ടാറെ, ആകമാനം നിന്റെ ഉത്തരീയകൂട്ടരതിന് നീ ചേർ ത്തുവല്ലോ. ഇനിയും ഞാൻ മുഴുവനായിട്ടു നിന്റെ മക്കൾ ക്കടുത്ത ജീവിതം തുടങ്ങിയില്ലെങ്കിൽ എത്രയോ നിർഭാഗ്യ ക്കാരനായിപ്പോകും. ആയതിനാൽ മനോഗുണമുള്ള അമ്മേ, ഇനി നാളെയെന്ന് ഞാൻ പറയാതെ ഇപ്പോൾ തന്നെ മുഴു വനും നിനക്കുള്ളവനാകുവാൻ എന്റെ ശക്തിയൊക്കെയോ ടുകൂടെ ഉറച്ചു, ഈ നിന്റെ പുത്രന്റെ തൃപ്പാദം പിടി ച്ചിരിക്കയാൽ ഇനിക്കായിക്കൊണ്ടു നിന്റെ ദയയുള്ള അപേ ക്ഷയെ അണച്ച് എന്റെ പാപങ്ങൾ ഒക്കെയിൽനിന്നുള്ള മുഴുവനായ പൊറുതിയും വെറുപ്പും. ഇനിക്കു തരുവിച്ചു മേലാൽ പുണ്യസാംഗോപാംഗ[5]ത്തിൽ നിലനിൽപ്പും തരുവിക്കേണമെ.

ആ എന്റെ അനുഗ്രഹമുള്ള അപ്പാ! ഞാൻ എന്റെ കണ്ണു കളെ പൊക്കി നിന്റെ തിരുമുഖത്തിൽ സൂക്ഷിപ്പാൻ വശമാകുന്നില്ലല്ലോ. കർത്താവേ! നിന്റെ തിരുത്തലയെ ഞാൻ നോക്കുന്നു എങ്കിൽ ഇതിൽ വച്ചു തറച്ചിരിക്കുന്ന മുള്ളു കൾ എങ്ങനെയോ നിന്റെ തലയെ തുളച്ചു കടക്കുന്നു. ഇതൊക്കെയും എന്റെ നിഗളം മുതലായ നിരൂപണകളാൽ എത്രയോ ഊഴം നിന്റെ തിരുശിരസ്സിനെ ഞാൻ നൊൻ പരപ്പെടുത്തി. അയ്യോ! ഈ മുൾക്കെട്ടിനെ എന്റെ തലയിൽ നീ വയ്ക്കേണമെ. ഇനി മരണപര്യന്തം എപ്പഴും ഇതിനെ ഞാൻ ഓർത്തു ദുഃഖിപ്പാനും ഓർമ്മയാലെതന്നെ നിനക്കി ഷ്ടമില്ലാത്ത യാതൊരു വിചാരവും എന്റെ തലയിൽ കേറാതിരിക്കട്ടെ.

1. കിഴിയപ്പെട്ട — തുളയ്ക്കപ്പെട്ട. 2. വരളാതെ — ഉണങ്ങാതെ.
3. ഏററിക്കപ്പെട്ട — വർദ്ധിച്ച. 4. വാങ്ങുക — പിന്മാറുക
5. സാംഗോപാംഗം — പരിപൂർണ്ണത 6. അണച്ച് — സമർപ്പിച്ച്

അയ്യോ! എൻെറ അപ്പാ, നിൻെറ തിരുമുഖം എത്രയും അഴകുളളത്. സൃഷ്ടിക്കപ്പെട്ട സകല മുഖങ്ങളിൽ അഴകുളളതും മനുഷ്യമക്കളിൽ അഴകുളളവനെ എന്ന് എൻെറ പിതാവ് ദാവീദ് പാടുന്നതിനെയും ഞങ്ങൾ കേൾക്കുന്നു. ദുഃഖമുളളവർ, ഈ തിരുമുഖം കണ്ടാൽ സന്തോഷമായി പകരപ്പെടുമെന്നും ആയതു പലർക്കും സംഭവിച്ചിരിക്കുന്നു എന്നും ഞാൻ അറിഞ്ഞും വിശ്വസിച്ചും ഇരിക്കുന്നു. ആകിലും എൻെറ മനോഗുണമുളള നല്ല അപ്പാ! ഈ മുഖം ഇനിക്കിപ്പോൾ എത്രയും ദുഃഖിപ്പിക്കുന്നതായിരിക്കുന്നുവല്ലോ. എങ്കിലും കർത്താവേ! നീയിപ്പോൾ ഇതിനെ പകർത്തിയിട്ടില്ലല്ലോ.

ആ! അയ്യോ! എൻെറ അപ്പൻെറ മുഖത്തെ ഇങ്ങനെ വിരൂപമാക്കിയത് ഞാൻ തന്നെയല്ലയോ, ഓ! ദുഷ്ടശരീരമേ, നിൻെറ സൃഷ്ടിതാവിൻെറ തിരുമുഖത്തെ ഇങ്ങനെയാക്കുവാൻ തക്ക ധൈര്യം നിനക്കുണ്ടായത് അതിശയിപ്പാൻ തക്കതുതന്നെ. നിനക്കയ്യോ സൗന്ദര്യമായിട്ടു മററുചില മുഖങ്ങളിൻമേൽ തോന്നിയിരുന്നതിനാൽ ഇതാ, ഈ തിരുമുഖം സൂക്ഷിപ്പാൻ പാടില്ലാത്തവണ്ണം തൻെറ തലമുടികളാലും പിണർത്തു പററിയിരിക്കുന്ന ചോരയാലും നീ കാണിക്കുന്ന മററു ചുംബനങ്ങളാൽ ദുഷ്ടസേവകരുടെ നാവു വഴിയായിട്ടു നീ കാ–കാ–തു–തു എന്ന അശുദ്ധ ഉമിനീരുകളാലും അയ്യോ പഴന്തുണികളാൽ കൂടെയും മൂടിയിരുന്നു എന്ന ഈ തിരുമുഖത്തിൻെറ രൂപം മുഴുവനും കാണ്മാനാഗ്രഹമുണ്ടെങ്കിൽ ഈ തിരുത്തലമുടിയെ പതുക്കെ ഇളക്കി നീക്കി ആ പിണർത്തിരിക്കുന്ന ചോരകണങ്ങളേയും വടിച്ചുനീക്കുക. ആ! കർത്താവെ! നിൻെറ കവിളിൻമേൽ പതിഞ്ഞിരിക്കുന്ന ഈ വിരലുകളുടെ ഭാഷയും അതിനു ചുററുമുളള പച്ചയുളള കരുവാളിപ്പും എന്തായിരിക്കുന്നു. അയ്യോ! ഇത് മറെറതുമല്ല പിന്നെയോ, ചിലരു പറയും വണ്ണം കാലും

ന്ലപ്പിച്ചു. ഇപ്പോൾ നീ സ്വസ്ഥതയായി, ഇനി വീണ്ടും
ി പിഴക്കണ്ടാ എന്നും കല്പിച്ചയച്ചു എന്നവൻ വീണ്ടും
പായി മേല്പട്ടക്കാരന്റെ സേവകനായി നില്ക്കയിൽ
ർത്താവിനെ കെട്ടിക്കൊണ്ടു ചെന്നു നിർത്തി ചോദി
ുപ്പോൾ താൻ ഉത്തരിച്ച വചനം മേല്പട്ടസുഖത്തിന് അപ
ാനമായി എന്നവന്നു തോന്നിയതിനാൽ ഇങ്ങനെയോ മേല്
പട്ടക്കാരനോടുത്തരിക്കുന്നത് എന്നും പറഞ്ഞുകൊണ്ട്
വൻ അടിച്ച മുറിവിന്റെ പാടത്രെ. ഓ! എന്റെ സ്നേ
ഹിതയായ ശരീരമേ, ഇതു വലിയ അക്രമമായി നിനക്കും
തോന്നുന്നല്ലോ. എന്നാൽ അവനല്ല ഈ അടി അടിച്ചത്.
തിന്നു കർത്താവിനിത്ര സങ്കടവും തോന്നുകയില്ല. പിന്നെ
യോ, നിന്റെ അടിയുടെ അത്ര ഈ കുഴിഞ്ഞുകാണുന്ന കാഴ്
പ. അതെങ്ങനെയെന്നാൽ, തളർന്ന കൈ സ്വസ്ഥാനമാക്കിയ
തിൽ അതു രണ്ടുകൊണ്ടും അവൻ അടിച്ചില്ല. പിന്നെയോ,
ന്നുകൊണ്ട് ഒരടി അവൻ അടിച്ചു. എന്നാൽ നിനക്കു നേർ
യുള്ള രണ്ടു കൈകളും തന്ന് ആയ്ത തളരാതെ കാർത്ത
തെന്ത്യ, ഈവണ്ണമുള്ള അക്ഷരങ്ങൾ മുതലായി എഴുതു
വാനും മററു വേല ചെയ്വാനും നിനക്കുണ്ടാക്കിത്തന്ന
തിൽ നീയും, താനും അറിഞ്ഞിരിക്കുന്ന എണ്ണമില്ലാത്ത
കുററങ്ങൾ ഈ നിന്റെ രണ്ടു കൈകൾകൊണ്ടും ചെയ്തതി
നാൽ ഇവര് ഒരു കയ്യാലും മററും ഗദ്സേമ്മനിൽവച്ചു തന്നെ
പിടിച്ച നേരം മുതൽ പലരുടെ കൈകളാലും പല ഊഴവും
തന്നെ അടിപ്പാനായിട്ടു അവരുടെ കൈകൾക്കു ശക്തികൊ
ടുത്തു. പലപ്പോഴും ഈ കന്നങ്ങളിൽ അടിപ്പിച്ചത് നിന്റെ
കൈ തന്നെ. ആയതിൻ വണ്ണം തന്റെ തിരുക്കണ്ണുകളെ നിന
യ്ക്കുക. ഇതാ തലയിൽ നിന്നിറങ്ങിയിരിക്കുന്ന മുള്ളുക
ളുടെ മുനകളാലും പലേ ഊഴവും തലയിൽ അടിച്ചതിൽ
അത്ര, കണ്ണുകളും ചോര നിറമായി കാണുന്നില്ലയോ.
അയ്യോ! ഇത് എന്തു? നിനക്കു കണ്ണു തന്നതു തന്നെയിതി
ന്നവകാശം. നിന്നെക്കുരുടനാക്കിയിരുന്നെങ്കിൽ തന്റെ കണ്ണു

കർത്താവീശോ തളർവാതരോഗിയെ

കൾക്കു സംകടം വരാഞ്ഞേതനേ എന്നാൽ നീന്നോടുള്ള സ്നേഹത്തെ[പതി സൂക്ഷമുള്ള രണ്ടു കണ്ണുകൾ നീനക്കു തന്നു. ഈ കണ്ണുകൾകൊണ്ടു മേല്പോട്ടു നോക്കി തന്റെ സൃഷ്ടികളുടെ മഹിമയെ കണ്ടുകൊണ്ടു തന്നെ അറിഞ്ഞു ബഹുമാനിപ്പാനുള്ളതിനുപകരം നിന്റെ കണ്ണുകൾകൊണ്ടു വ്യർത്ഥമായതും എണ്ണമില്ലാത്ത വിലക്കപ്പെട്ട കാഴ്ചകൾക്കു ഈ നിന്റെ കണ്ണുകളെ തുറന്നതിനാൽ അ[ത ഈവണ്ണം തന്റെ കണ്ണുകൾ ചോരനിറമായി പകർന്നിരിക്കുന്നത്. ആ എന്റെ മനോഗുണമുള്ള അപ്പാ, ഈ നിന്റെ മാണിക്യ മുള്ള തിരുക്കണ്ണുകളുടെയും ഈ തിരുമുഖത്തിന്റെയും ഈ ഭാഷകളെ മാററി അനു[ഗഹമുള്ള ഈ നിന്റെ തിരുമുഖ ത്തിന്റെ സൗന്ദര്യത്തെ എന്നിനിക്കു കാണ്മാനിടയാകും. ആ എന്റെ മകനെ, നീന്റെ ഭാഷ മാറുമ്പോൾ ഈ മുഖഭാഷയും നിന്റെ കണ്ണിൽ മാററപ്പെടുകയും ചെയ്യാം എന്ന് എന്നോടു നീ അരുളിച്ചെയ്യുന്നതിനാൽ കർത്താവെ, ഇന്നുമുതൽ എന്റെ ഇഷ്ടമൊക്കയും ഞാൻ ഉപേക്ഷിച്ച് എന്നെ നിനക്കു മുഴുവനും ഞാൻ കയ്യാളിക്കുന്നു.

ആ കർത്താവെ, നിന്നെ ഞാൻ ഉപ[ദവിച്ചതിൻ വണ്ണമെങ്കി ലും നിന്നെ സ്നേഹിപ്പാൻ മനോഗുണം തരണമെ. കർത്താ വെ! പാപപ്പൊറുതിക്കു പരി:വേദത്തിൽ കല്പിച്ച ബലിപൂജയുടെ ആട്ടിൻചോര മുഴുവനും പാളയത്തിന്റെ അകത്തു ചിന്തി മാംസം ശരിക്കു പുറത്തു പുറപ്പെടുത്തി ദഹിപ്പിക്കണമെന്നുള്ള [പമാണം പോലെ ഗാഗുൽത്തായിൽ നിന്നെ പൂജിക്കും മുൻപിൽ നിന്റെ നഗരിയായ എന്റെ ഉള്ളിൽ ഈ നിന്റെ ചോരയൊക്കെയും ചിന്തുവാൻ തിരുമന സായല്ലോ. ലോകത്തിൽ പറയും വണ്ണം രക്ത[പിയനെന്ന് പറയുന്ന പുലി, മാംസത്തേക്കാൾ ചോരകുടിപ്പാൻ ഇച്ഛരി ക്കയാൽ പിടിച്ചതിന്റെ ശേഷം കൊല്ലും മുമ്പിൽ ചോര ഒക്ക യും വലിച്ചു കുടിക്കും വണ്ണം അയ്യോ, പാപത്തിന്മേലുള്ള എന്റെ ദാഹം തീർപ്പാനായി ഗദസേമ്മനിൽ തുടങ്ങി നിന്റെ ചോര ഞാൻ കുടിച്ചു തുടങ്ങിയാറെയും തൃപ്തിവരാതെ രക്തഞരമ്പുകളിലുള്ള ചോര തീർന്നിട്ടു മാംസത്തിന്റെ ഇട

ചോരയും കുടിപ്പാനായി ഞാൻ
കളിൽ ശേഷിച്ചിരുന്ന
നിൻെറ മാംസം ചീന്തി പൊളിച്ചുവല്ലോ. ആ, അപ്പാ! ഇതു
കൊണ്ടും ഞാൻ മതിയായവനല്ലല്ലോ. നീ എൻെറമേൽ വച്ച
സ്നേഹത്തിന്നു മതിയായില്ലല്ലൊ. ആ മല്ലനെപ്പോലെ വഴി
നടപ്പാൻ പാടും എന്നെഴുതിയിരിക്കുന്നതിൻ വണ്ണം മാംസം
ഇല്ലാതെ പൊങ്ങിയിരിക്കുന്ന നിൻെറ തോളിന്മേൽ എൻെറ
പാപചുമടുകൾ കെട്ടിവെച്ചിരിക്കുന്ന ഭാരമായ കുരിശിനെ
തെളിവോടെ എടുത്തു വച്ചുകൊണ്ടു നടന്നുവല്ലൊ. ആ,
എൻെറ പിതാവെ, ഇതിൻെറ പിറകെ ഞാനും കൂടി വരുന്ന
തിനു എനിക്കു മഹാ സംകടം തന്നെ.

നിൻെറ കുരിശിനെ
കർത്താവെ, ഇനി ഞാൻ തൂങ്ങപ്പെട്ട
എൻെറ പേർക്കവി
തഴുകി നില്ക്കുന്ന മഗ്ദലയിത്തമ്മയെ
ടെ നിറുത്തിക്കൊണ്ടു വലത്തുഭാഗത്തുള്ള കള്ളൻെറ കുരി
ശിൽ ഞാൻ കരേറി അദ്ദേഹത്തിൻെറ എരിവുള്ള സ്വരത്തോ
ടെ ഞാനും അപേക്ഷിക്കുന്നു. കർത്താവെ അയാളോടു
കല്പിച്ച പോലെ നിൻെറയിഷ്ടപ്രസാദമെന്ന പറുദീസാ
യിൽ ഇപ്പോൾ തന്നെ നീ എന്നോടുകൂടെ ആയിരിക്കും എന്നു
ള്ള തിരുവചനം എൻെറ ഉള്ളിൽ കേൾപ്പിച്ച് നിൻെറ ദൈവ
ഇഷ്ടപ്രസാദം എന്നിൽ നിലനിറുത്തി പാപങ്ങൾ ഒക്കെയും
പൊറുത്തരുളണമെ. ആമ്മേൻ.

## എളിമയ്ക്കടുത്ത പ്രകരണം

ധ്യാനാസ്തപ്പാട് കഴിച്ച് സർവ്വേശ്വരൻെറ തിരുമുമ്പിൽ കുമ്പിട്ടു ഹൃദയ
കണ്ണാൽ തന്നെ ദർശിച്ചാരാധന ചെയ്തപേക്ഷിക്കേണ്ടും വിധം.

നിറയപ്പെട്ടിരിക്കു
ഓ അറുതിയില്ലാത്ത മഹിമ ശോഭനം
ന്ന പരമപരാപരവസ്തുവായിരിക്കുന്ന സർവ്വേശ്വരാ, നിന്നെ
കണ്ടു ഒരുത്തനും ജീവിക്കുന്നില്ല എന്ന് നീതന്നെ അരുളിച്ചെ
യ്യുന്നു. എന്നു ഞാൻ കേൾക്കുന്നതിൻ വണ്ണം തന്നെ നിൻെറ
മഹിമയുടെ വലിപ്പത്തേയും ഞാൻ കാണുന്നുവല്ലോ. നിൻെറ
സ്ഥാനപതിയായ ദൈവദൂതരിറങ്ങിയ സീനൈമലയിൽ
ഉണ്ടായ പ്രകാശത്താൽ മലയുടെ അടിവാരത്തിൽ നിന്ന്
മേല്പോട്ടു കരേറുവാൻ ആ മഹാജനങ്ങളിൽ ഒരുത്തനും

ധൈര്യമുണ്ടായില്ലല്ലോ. മഹാപിതാവായ മൂശനിവ്യാനിന്റെ സ്നേഹധൈര്യത്തിലുറച്ച് കരേറി മേഘത്തിനുള്ളിൽ പുക്കാറെ,[1] ഏഴുദിവസം ഭ്രമിച്ചു ഒന്നു കാണ്മാനും ബോധിപ്പാനും വശമില്ലാത്തതിൻവണ്ണം നിർജ്ജീവനായി പാർത്തുവല്ലോ. എന്നാൽ ഈ ഭയം ഒരു വിധമായി അടങ്ങിയതിൻശേഷം മേഘത്തിനിടയിൽ മറച്ചുകൊണ്ടു ശേഷമുള്ള മുപ്പത്തിമൂന്നു ദിവസവും സ്വരത്താൽ ദൈവകല്പനകളെ കേൾപ്പിക്കയും മറവിൽ ദർശിച്ച ദേവാലയ പണികളെ കാണിക്കയും ചെയ്തതല്ലാതെ, ഈ നിന്റെ സ്ഥാനപതിയുടെ മുഖദർശനം കൂടെയും കാട്ടായ്കയാൽ ഈ പിതാവു സാദ്ധ്യപ്പെട്ടപേക്ഷിച്ചാറെ, നിന്റെ മുഖം എന്റെ കൈയാൽ മറച്ചു കൊണ്ട് ഞാൻ കടപ്പാനായി തിരിയുമ്പോൾ എന്റെ കൈ നീക്കിക്കൊണ്ടു നിന്റെ കണ്ണിനെ തുറക്കുമ്പോൾ എന്റെ പുറം നിന്നെ കാണിക്കാം. ഇതല്ലാതെ മുഖം നീ ദർശിച്ചാൽ നീ മരിച്ചുപോകുമെന്നും കല്പിച്ച പ്രകാരം ആ കടപ്പിന്റെ ക്ഷണമാത്രയിൽ ഈ ദിവ്യപുറം ദർശിക്കയാൽ ഈ മഹാത്മാവിൻ മുഖരൂപം ഉച്ചയിൽ ആദിത്യനെപ്പോലെ പ്രകാശമായതിനാൽ മലയിൽ നിന്നു വന്നാറെ മരിക്കും വരെയും അദ്ദേഹത്തിൻ മുഖത്തു നോക്കുവാൻ മററു മനുഷ്യർക്കു പാടില്ലായ്കയാൽ മുഖത്തിനു മൂടുപടം ഇട്ടു സംസാരിച്ചുവല്ലൊ... ആ, സർവ്വേശ്വരാ നീ പ്രമാണം കൊടുപ്പാൻ ദൈവദൂതനെ യാത്രയാക്കിയെന്നും നടുസ്ഥാനിയായ മാലാഖയാൽ മാർഗ്ഗം കൊടുത്തു എന്നും ശുദ്ധ. പുസ്തകം[2] സാക്ഷിക്കുന്നല്ലോ. ഇതു തമ്പുരാൻ എന്ന് വിശ്വസിച്ചേനെ, അപ്പഴൊ, ഈ ദൈവത്തിന്റെ പുറകു കണ്ടാറെ ഈ വണ്ണമുള്ള ഭാഗ്യം ഉണ്ടായിയെന്നു വരുമ്പോൾ സകല നന്മ മഹിമ ശക്തി ശോഭന ഗുണതേജസ് ഇവ മുതലായ ഗുണ പൂർണ്ണാദിയായ സർവ്വേശ്വരാ, ഞാൻ ഈ ധ്യാനമുറി എന്ന മലയിൽ കരേറുവാൻ ഭയപ്പെട്ടു നിന്ന ഇസ്രായേൽ ജനത്തെപ്പോലെ ഈ വാതിൽ കടക്കാതെ, ഭയപ്പെട്ടു നിൽപ്പാൻ തന്നെ ന്യായം. ഇങ്ങനെയിരിക്കയിൽ ആ മലയിൽ ഇറങ്ങിയ മാലാഖായ അപ്പ പിന്നെയോ അദ്ദേഹ

---

1. പുക്കാറെ — പ്രവേശിച്ചപ്പോൾ, ബോധിപ്പാൻ — മനസിലാക്കുവാൻ.
2. ശുദ്ധ. പുസ്തകം — വിശുദ്ധ വേദപുസ്തകം (ബൈബിൾ).

ത്തെ സൃഷ്ടിച്ച ഉടയവനായ നിന്നെത്തന്നെ, കർത്താവെ, ഈ പ്രാർത്ഥനമുറിയിൽ എന്നെ കാണിപ്പാനായി എഴുന്നെള്ളിയിരിക്കയിൽ മഹാപാപിയായ ഞാൻ എങ്ങനെ ഭയം കൂടാതെ ഇതിൽ കരേറും ?

ആ, എന്റെ പ്രിയമുള്ള അപ്പാ! ഇതുതന്നെ ഞാൻ വിചാരിച്ചു ഭയന്നു ലജ്ജിച്ചു നിന്റെ തൃപ്പാദത്തുങ്കൽ അണവാൻ ശങ്കിക്കുന്നു. അതെന്ത്യെ, ഈവണ്ണം ഈ പുഴുവായ എന്നെ സ്നേഹിച്ച എന്റെ കർത്താവെ! ഇതൊക്കെയും എന്നെപ്രതി നീ ചെയ്താറെയും അയ്യോ ഞാൻ നിന്നോടു കാട്ടിയ നന്ദി എന്ത്? ശ്ലീഹായുടെ വചനത്തിൻ വണ്ണം ഉപവി ഇതാകുന്നു. ഇതായത് തമ്പുരാനെ നാം സ്നേഹിച്ചതുകൊണ്ടല്ല പിന്നെയോ താൻ, തമ്പുരാൻ നമ്മെ സ്നേഹിച്ചു എന്നത്. ആ മനോഗുണമെ! ആ സ്നേഹമെ! ആ അനുഗ്രഹമെ! ആ ക്ഷമയുടെ ആഴമെ! ശത്രുക്കൾ നാം ആയിരുന്നപ്പോൾ ഈ വണ്ണം നമ്മെ സ്നേഹിച്ചു നമുക്കുവേണ്ടി മരിച്ചു. അപ്പഴൊ, സ്നേഹിപ്പാനായി തന്റെ പക്കൽ നാം ചെല്ലുന്നുയെങ്കിൽ നമ്മെ സ്നേഹിക്കായ്‌വാൻ തനിക്കു വശമുണ്ടാകുമൊ! അയ്യോ! ഇതൊക്കെയും ഞാൻ അറിഞ്ഞിരുന്നു എങ്കിലും തന്നോടു ഞാൻ നന്ദികേടുചെയ്തു. ആ എന്റെ മനോഗുണമുള്ള പിതാവെ! നിന്റെ സ്നേഹത്തെ ഞാൻ കണ്ടാറെയും അതിനെക്കായിൽ മണ്ണും പുഴുവും ഞാൻ വലുതായി സ്നേഹിച്ചു. ആ മനോഗുണമെ! നന്ദിയില്ലാത്ത മകനായ എന്നെ അന്വേഷിച്ച് ഉച്ചയിലും, പാതിരാവിലും, മഞ്ഞിലും പനിയിലും, വെയിലിലും, കാട്ടിലും, മേട്ടിലും, കരയിലും, കടലിലും ചുററിത്തിരിഞ്ഞു നടന്ന് എന്നെ തേടിയ രക്ഷിതാവിന്റെ തൃക്കാലുകളേ, എന്റെ കാലുകളിൽ പിശാചുകെട്ടിയ വള്ളികളെ പൊട്ടിപ്പാനായിട്ടു കയറുകളാൽ വരിഞ്ഞു കെട്ടപ്പെട്ട തൃക്കാലുകളേ, എന്റെ പിടലിയിൽ ഞാൻ കെട്ടിവച്ച പാപച്ചുമടുകളെ എന്നിൽ നിന്നിറക്കുവാനായി ഭാരപ്പെട്ട കുരിശുമരത്തിനെ മാംസമില്ലാതെ ചതഞ്ഞിരുന്ന തിരുത്തോളിന്മേൽ കരേററി ക്കൊണ്ട് ഗാഗുൽത്തായിലേക്കു നടന്നല്ലോ.

1. ക്ഷതജം—രക്തം (മുറിപ്പാടിൽനിന്നു വരുന്നത്)

## പീഡാനുഭവചിന്ത

ആ, കർത്താവേ! എന്റെ കണ്ണുകളെ കുറെ പൊക്കി നിന്റെ തിരുവയറും തിരുമേനിയും ഞാൻ നോക്കുന്നപ്പോൾ ഇത് എന്റെ അതിദുഃഖത്തിനു കാരണമാക്കുന്നല്ലോ! ഇതാ നിന്റെ തിരുമുട്ടുകൾ കനമേറിയ എന്റെ പാപച്ചുമടു ചുമന്നുകൊണ്ടു ഗാഗുൽത്തായിലുള്ള നിന്റെ കേററത്തിൽ പലപ്പോഴും മുട്ടുകുത്തി കവിഴ്ന്നു വീണതിനാൽ നേർമ്മയുള്ള നിന്റെ കാൽമുട്ടിലുള്ള തിരുചർമ്മങ്ങൾ പൊട്ടിമലർന്ന് രക്തം ദുഷിച്ച് പച്ചനിറമായി മുട്ടെല്ലുകൾ കാണപ്പെടുന്നു. അയ്യോ! എന്റെ പ്രതിജ്ഞകളെ തവറി[1] വീണ്ടും വീണ്ടും പല ഊഴങ്ങൾ ഞാൻ പാപക്കുഴിയിൽ വീണതിനാലെ ആ കേടുകളെ തീർപ്പാനായിട്ടല്ലോ വീഴ്ചകളുടെ സംകടവും നീ അനുഭവിക്കേണ്ടിവന്നു. ആ നിന്റെ തിരുവയറ് മുള്ളെല്ലിൽ[2] പററി പശി[3] ദാഹത്താലൊട്ടിയിരുന്നാലും കഠിനസേവകരുടെ കാഠിന്യ അടികളാൽ മുറിവില്ലാത്തയിടമില്ലാത്തവണ്ണം ചതഞ്ഞും പൊളിഞ്ഞും ചുളുങ്ങിയും ഇരിക്കുന്ന തിരുമാംസം രക്തക്കറയില്ലാത്തയിടം ഈ ദേഹത്തിൽ കാൺമാനില്ലാത്തവണ്ണം സർവ്വാംഗം രക്തക്കറയാൽ നിറഞ്ഞിരിക്കുന്ന തിരുമേനിയെ സൂക്ഷിക്കുമ്പോൾ തലേനാൾ നിന്റെ തിരുമാതാവിനോടു നീ അരുളിയപോൽ നിന്റെ മകനെന്നുള്ള ഭാഷയൊന്നും കണ്ടറിവാൻ വഹിയാത്തവണ്ണം പകരപ്പെടുമെന്നുള്ള തിരുവചനം പോൽ സർവ്വാംഗം നിറഞ്ഞിരിക്കുന്ന ക്ഷതങ്ങളും ക്ഷതജങ്ങളും ഞാൻ ഓർക്കുമ്പോൾ ഓ! എന്റെ അപ്പന്നു ഞാൻ കൊടുത്ത സമ്മാനമിതല്ലൊ എന്ന് എന്റെ ശങ്കിൽ കൊള്ളുന്നയിടികൾ എന്റെ ശങ്കിനെ പൊളിക്കാതിരിക്കുന്നതെങ്ങനെ? ആ ഇതിങ്ങനെ ആകുന്നുവെങ്കിലും ഞാൻ തന്നെ ചെയ്തുപോയി. നിന്റെ തിരുമനസ്സുപോലെ എന്നെ ശിക്ഷിക്ക. ആ നാറുന്ന എന്റെ ശരീരത്തിൻമേൽ സ്നേഹിച്ചതിനാൽ ഇതൊക്കെയും നിനക്കു ഞാൻ വരുത്തി.

---

1. തവറി—പിഴച്ച് (ലംഘിച്ച്) 3. പശി—വിശപ്പ്

2. മുള്ളെല്ല്—നട്ടെല്ല്

ആ എന്റെ കണ്ണുകളേ. നിങ്ങൾ കുറെക്കൂടെ പൊക്കി ഈ
നിന്റെ സൃഷ്ടിതാവിന്റെ തിരുമുഖം സൂക്ഷിക്ക. ഈ
തിരുമുഖം ആകാശത്തിലുള്ള മാലാഖമാരെ തെളിയിക്കുന്ന
തും ദുഃഖമുള്ള ആളുകൾ ഈ തിരുമുഖത്തിൽ നോക്കി
യാൽ അവരുടെ തെളിവിൽ പകർത്തുന്നതും ഇതിനാൽ
തന്റെ ജീവിതത്തിൽ ബഹുദൂരമായ റോമ്മാ എമ്പ്രദോരന്
മാരുടെ ചെവിയിൽ ഈ തിരുമുഖവടിവിനെ സ്തുതിച്ച
തിനാൽ ഈ ഛായ സമർത്ഥന്മാരായ ചിത്രകാരെക്കൊണ്ട്
എഴുതിവച്ചു അവരുടെ കോവിലകത്ത് സ്ഥാപിച്ചിരുന്നു.
ഈ വണ്ണം സൗന്ദര്യമുള്ള തിരുമുഖം ഇപ്പോൾ എങ്ങനെ
പകരപ്പെട്ടിരിക്കുന്നു! ഈ തിരുക്കവിളിൽപ്പെട്ട അടിയാൽ
രക്തം ദുഷിപ്പിച്ചു കരുവാളിച്ച് ആ വിരലുകളുടെ ഭാഷ
യിൽ തടിച്ചും സേവക്കാരുടെ അശുദ്ധ ഉമിനീരുകളാൽ
കറ നിറഞ്ഞും തലയിൽ പതിഞ്ഞ മുൾമുനകളാൽ തുറന്ന
മുറിവിൽ നിന്ന് ഒഴുകിവടിഞ്ഞു പിണർത്ത രക്തങ്ങളാ
ലുള്ള ശ്ലേഷ്മ[1] രക്തം വടിഞ്ഞുറഞ്ഞിരുന്ന നാസികകളിൽ
നിന്നും തൂങ്ങുന്ന രക്തത്തുള്ളികളും തിരുത്താടിരോമങ്ങളെ
പറിച്ചതിനോടുകൂടി ചൂളയോടമിയപ്പെട്ട മുറിവുകളും
നക്ഷത്രത്തെക്കാൾ ശോഭിച്ചു വിളങ്ങുന്ന തിരുപ്പോളകളിൽ
രക്തം പിണർത്ത് തൂങ്ങി തുറപ്പാൻ പാടില്ലാത്തവണ്ണം
അടയപ്പെടുന്നു.

## വി. യൗസേപ്പ്

ആ പ്രിയം നിറഞ്ഞ പിതാവായ മാർ യൗസേപ്പു പുണ്യ
വാള! ശുദ്ധപള്ളിയുടെ ജയസന്തോഷമെന്നു. പാർത്തിരി
ക്കുന്ന ഈ 68-ാം കാലവും നിന്റെ തിരുമാസത്തിൽ കടശി
യും ആയ ഈ ദിവസത്തിൽ എന്റെ ദുർഗുണങ്ങളുടെ കടശി
യും എന്റെ ആത്മശത്രുക്കളോടുള്ള ജയസന്തോഷവും ഇനി
ക്കു എന്റെ പിതാവായ നീ നിന്റെ പുത്രനെ ബോധിപ്പിച്ചു
തരുവിക്കുമെന്നും ഞാൻ ശരണപ്പെട്ടുകൊണ്ട് ഈ ചുരുങ്ങിയ
അപേക്ഷകൾ നിന്റെ തൃപ്പാദത്തുങ്കൽ ഞാൻ അണയ്
ക്കുന്നു,

2, ശ്ലേഷ്മം—കഫംപോലെയുള്ള നിണനീര്

കരുണയുള്ള പിതാവെ! ശു. അമലോത്ഭവ മാതാവിനെ നിൻെറ മുഷ്ക്കരത്തിലും പരിപാലനയിലും അവരുടെ 14 തിരുവയസു പ്രായത്തിൽ നീ കൈക്കൊണ്ടാറെ 45 വയസ്സു വരെയും ഈ പരി. കന്യാസ്ത്രീ എന്ന ദേവമാതാവിനെ സൂക്ഷിച്ചു പരിപാലിച്ചു നടത്തി വന്നതിൽ ഒരു വിനാഴിക എങ്കിലും ഒരല്പസംഗതിയിൽ എങ്കിലും ഈ മഹാരാജസ്ത്രീക്കു മുഷിച്ചിലും ഇഷ്ടക്കേടും തോന്നിച്ചില്ല. എന്നുതന്നെയല്ല പിന്നെയോ എപ്പഴും എല്ലാത്തിലും ഈ അമ്മയെ അധികമായിട്ടു തെളിക്കയും തൃപ്തിവരുത്തുകയും ചെയ്തതെന്നിയെ എല്ലാപ്പഴും ഈ അമ്മ കടക്കാരത്തി എന്നതുപോലെ നിർബന്ധപ്പെട്ട് നിൻെറ സഹായങ്ങളും ശുശ്രൂഷകളും കൈക്കൊണ്ടുവരികയും എത്രയും വലിയ ആശാരത്തോടും കീഴ്വഴക്കത്തോടും ഈ മഹാത്മാവിൻെറ ഭാര്യ എന്ന് വിളിക്കപ്പെടുവാൻ തക്ക യോഗ്യത ഇനിക്കില്ല എന്നുള്ള വിചാരത്തോടു കൂടെ ഈ അമ്മ വ്യാപരിച്ചുവന്നു എന്നു വിചാരിപ്പാൻ ന്യായമായി തോന്നുന്നു. അതെങ്ങിനെ എന്നാൽ മാലാഖയുടെ അറിയിപ്പാൽ താൻ ദൈവകുമാരനെ ഗർഭം ധരിച്ചു എന്ന വിവരം അറിവിപ്പാൻ തനിക്ക് മനസ്സുണ്ടായി എങ്കിലും ചോദിക്കാതെ ഒന്നും അങ്ങോട്ടു കടന്നു പറവാൻ തൻെറ ആചാരം അനുവദിച്ചില്ല. എന്നാൽ ഈ വിവരം അറിയായ്കയാൽ ഗർഭം കാണുന്നു എന്നതു തൻെറ പ്രിയ ഭർത്താവിൻെറ ഹൃദയം എത്രയും വലിയ ദുഃഖത്താൽ പൊടിയുന്നു എന്നും വിവരം അറിഞ്ഞാൽ ഈ ദുഃഖമൊക്കെയും തീർന്ന് സന്തോഷമുണ്ടാകുമെന്നും താൻ അറിഞ്ഞിരിക്കയും ഈ പട്ടാങ്ങ അറിയായ്കയാൽ ദുഃഖത്തിൻെറ ഏററിപ്പാലും[3] കുററത്തിൻെറ ഭയത്താലും തനിക്കു ഏക തുണയായിയിരിക്കുന്ന ഈ പുണ്യവാൻ തന്നെ വിട്ടുപിരിഞ്ഞു പോകുവാൻ നിശ്ചയിച്ചു എന്നും ഇങ്ങനെ പിരിഞ്ഞുപോയാൽ തനിക്കും ദൈവപുത്രനും ഭൂലോകത്തിൽ മററു തുണയില്ലെന്നും ഇതൊക്കെയും ഈ അമ്മനിരുപിച്ച് താനും അധികമായിട്ടു ദുഃഖിക്കുന്നു എങ്കിലും ചോദിക്കാതെ പറയുന്നത് തൻെറ ആചാരത്തിന്

1. മുഷ്ക്കരത്വം — ശക്തി. 2. ആശാരം — ആചാരം (വണക്കം)
3. ഏററിപ്പ് — ആധിക്യം

ശരിയല്ലെന്ന് നിരൂപിച്ചു ചോദിപ്പാൻ ഇടവരുവാൻ തക്ക വണ്ണം സ്നേഹത്താൽ തൻെറ പക്കൽ അണഞ്ഞു ശുശ്രൂഷ ചെയ്യുകയും ഒരു മഹാ ക്ലേശംപോലെയിരിക്കുന്നതിനു കാരണമെന്തെന്നും തങ്ങളുടെ തുണയാൽമാത്രം ജീവിക്കുന്നു. എന്നാൽ നീക്കുവാൻ കഴിയുന്നതായിരുന്നാൽ ദുഃഖകാരണം അറിവിച്ചാൽ വശംപോലെ നീക്കുവാൻ ഉത്സാഹിക്കാമെന്നും ഇങ്ങനെയും എളിമയോടെ അറിവിച്ചതല്ലാതെ, ചോദിക്കാതെ പറവാൻ തുനിഞ്ഞില്ല. ഈ അമ്മ ഈ വണ്ണം ബഹുമാനിച്ചു വന്നാറെയും ഈ അമ്മയുടെ പാതിവ്രതത്തിന്മേൽ തനിക്കു യാതൊരു സംശയവും തോന്നീട്ടുമില്ല എന്നതിനാൽ ഇതിൻെറ രഹസ്യമറിയായ്കയാൽമാത്രം താൻ ദുഃഖിച്ചു എന്ന് കാണിക്കയും ചെയ്തു. ഈ വണ്ണം ഈ ശുദ്ധ അമ്മയ്ക്കു യാതൊരു വചനത്താൽ കൂടെയും ഒരു ക്ലേശത്തിന്നിട കൊടുക്കാതെ എല്ലാപ്പൊഴും ഈ അമ്മയെ തെളിയിച്ചും സന്തോഷിപ്പിച്ചും തൻെറ ആയുസ്സു മുഴുവനും കഴിച്ചു വരികയും ചെയ്തുവല്ലൊ. ആയതിൻവണ്ണം തന്നെ തൻെറ ദിവ്യപുത്രനും കർത്താവുമായ ഈശോമിശിഹായെ 30 വയസ്സുവരെയും വളർത്തി സൂക്ഷിച്ചു പാലിച്ചു തീററി കാത്തുവന്നതിൽ യാതൊരു സമയത്തിൽ എങ്കിലും ഈ പൈതൽ ഒരു സുഖക്കേടു തൻെറമേൽ തോന്നുവാനിടവരാതെ എല്ലാത്തിലും ഈ ദൈവ പൈതലിനു ഇഷ്ടമാകുംവണ്ണം തന്നോടുകൂടെ വ്യാപരിച്ചു വരികയും ചെയ്തതുമെന്നിയെ[1] തായുടെ[2] വളർത്തുമകനു എന്നുള്ള മഹിമയുള്ള അടിമക്കടുത്തവണ്ണം നടക്കാതെ എൻെറ ഏററിയ പാപങ്ങളാൽ ഈ അമ്മയെ ഞാൻ സങ്കടപ്പെടുത്തിയെങ്കിലും തൻെറ അമ്മ ഞാനെന്നുള്ള വിശേഷ ജ്ഞാപകത്താൽ ഇതുവരെയും ഞാൻ നടന്നില്ലെങ്കിലും അപ്രകാരം തന്നെ ഈ അമ്മ എന്നെ കാത്തുരക്ഷിച്ച് പിശാചിൻ കൊലപ്പല്ലുകളിൽനിന്ന് എന്നെ പറിച്ചെടുത്തു കാത്തു വരുന്നു എന്ന് ഈ അനുഗ്രഹത്തിൻെറ അമ്മയെ ഇനിക്കു കാണ്മാനുള്ള ദിവസം സമീപിച്ചിരിക്കുന്നു എന്നും 9 മാസവും ഈ കന്നി ശു.

1. ചെയ്തതുമെന്നിയെ = ചെയ്തതുകൂടാതെ
2. തായുടെ = മാതാവിൻെറ

അമലോത്ഭവ അമ്മയുടെ നിർമ്മല ഉദരത്തിൽ കുടിയിരുന്നു എന്ന എന്റെ രക്ഷക്കായി കഠിനമരണം കൈക്കൊണ്ടു എന്ന ഈ കർത്താവിന്റെ പാപിയായ അടിയന്റെ ഹൃദയത്തിൽ നാലൊൻപത് മാസമല്ല പിന്നെയൊ പത്സരം എഴുന്നെള്ളിയിരുപ്പാൻ തിരുമനസായി എന്ന എന്റൊ രക്ഷിതാവിൻ തിരുമുഖം കാൺമാനുള്ള ദിവസം അണഞ്ഞു എന്നും എന്റെ പരിഹാര മദ്ധ്യസ്ഥകളായ മറിയം എജിപ്ത കൊർത്തോന എന്ന അമ്മമാർ അവരുടെ പ്രായശ്ചിത്തം കണ്ണുനീരുകൾ എപ്പോഴും എനിക്കായിട്ടു ദിവ്യതുലാസിൽ വെപ്പാനായി കാത്തിരിക്കുന്നയിവരുടെ ദയയുള്ള കൈകളെ കാണ്മാനും എന്റെ പാപപ്പൊറുതിക്കായി എപ്പഴും വിശേഷമായി നട്ടുച്ചനേരത്തിലും ഗാഗുൽത്തായിൽ നാട്ടിയിരിക്കുന്ന കുരിശിൻ ചുവട്ടിൽ പിടിച്ചുകൊണ്ട്, നിൽക്കുന്ന ഈ അമ്മ മഗ്ദലനായോടുകൂടെ ഞാനും നിത്യവും ഈ കുരിശിൻ ചുവട്ടിൽ കെട്ടിപ്പിടിച്ചിരിക്കയാൽ ഈ അമ്മ എനിക്കായി അണച്ചുവരുന്ന അപേക്ഷകളുടെ ഫലവും ഈ അമ്മയേയും എന്റെ കണ്ണുകൾ കാണ്മാൻ സമയമടുക്കുന്നു എന്നും ഈ കടശിയായി എല്ലാററിനും മുദ്രയായിട്ടു എന്റെ പിതാവെ നിന്റെ പ്രിയ മക്കളായ ഞങ്ങളുടെ അമ്മ ത്രേസ്യാ തന്റെ എളയ മകനായിട്ടു എന്നെ കൈക്കൊണ്ടിരിക്കയാൽ ഈ അമ്മയേയും തന്റെ മക്കളായ എന്റെ പ്രിയ ശ്രേഷ്ഠസഹോദര സഹോദരികൾ ഈ വണ്ണമുള്ള കൂടപ്പിറപ്പുകൾ എന്റെ വരവിനെ പർത്തിരിക്കുന്നു എന്നതിനെയും ഇങ്ങനെ എണ്ണമില്ലാത്ത കൂട്ടങ്ങളുടെ ഓർമ്മ എത്രയും എന്നെ സന്തോഷിപ്പിക്കുന്നു. എന്നാൽ ഇതിനെക്കായിലും അധികമായി എന്നെ ഭയപ്പെടുത്തുന്നു എന്ന ഓർമ്മയും പലതാകുന്നുവല്ലൊ.

ആ ദയയുള്ള പിതാവേ! എന്റൊ ഭയത്തെയും ബലക്ഷയത്തേയും നീക്കുവാനായിട്ട് എന്നെത്തന്നെ ഞാൻ സന്തോഷിപ്പില്ലു എഴുതിയെന്ന ഈ വാചകത്താൽതന്നെ ഇതായിപ്പോൾ എന്നെ ചഞ്ചലിപ്പിച്ചു ഭയപ്പെടുത്തുന്നു. ആ എന്റെ പിതാവേ, ഇതു നികള[1] ഭയത്താലുണ്ടാകുന്ന വിൺ അർച്ചം[2] തന്നെ എന്നും ഞാനറിയുന്നു. അതെന്ത്യെ മരണം എന്നുള്ളയി അക്ഷരംതന്നെ എവരേയും ഭയപ്പെടുത്തുന്നു എന്ന മുഖാന്തരങ്ങളിൽ[3] മിക്കതും എന്നെ ഭയപ്പെടുത്തുകയും ചെയ്തു.

---

1 നികളം—നിഗളം (അഹന്ത) 2. വിൺ അർച്ചം—മൂഢഭക്തി. (വ്യർത്ഥമായ അർച്ചന) 3. മുഖാന്തരം—കാരണം (മററു മുഖം)

ഇതായത്, ദീനനൊൻപരങ്ങളുടെ കടശി മൂന്നക്ഷരത്തിൽ
അടങ്ങിയിരിക്കുന്നു. എന്നാൽ സംകടങ്ങളും നൊൻപര
ങ്ങളും ക്ഷമിപ്പാൻ എത്രയും വശഹീനൻ അടിയൻ എന്നും
എന്റെ പിതാവേ! നീ ബോധിച്ചിരിക്കുന്നു. ഒരു ചെറിയ
പനി ഒരു തലനോവു വയറുനൊവു മുതലായ അല്പമായ
ദീനങ്ങളും നൊൻപരങ്ങളും സഹിപ്പാനും മുള്ളുകൊള്ളുന്ന
ദണ്ഡംകൂടെയും മുഖം ചുളിക്കാതെയും സ്വരം പുറപ്പെ
ടുത്താതെയും ക്ഷമയോടെ സഹിപ്പാനും അടിയനു വശമി
ല്ലല്ലൊ. എന്നാൽ വർഗ്ഗത്തിനടുത്ത ധൈര്യത്താൽ ചില
ലോകയിഷ്ഠന്മാരും വാശിക്കാരും അവരുടെ മാംസം പറി
ച്ചാലും മുഖപ്പകർച്ച കൂടാതെ ക്ഷമിക്കുന്നു. എന്നാൽ ഈ
വണ്ണമുള്ള ധൈര്യങ്ങളിൽ എത്രയും കുറയപ്പെട്ടവനായിരി
ക്കയാൽ ആ നേരത്തിലുണ്ടാകുന്ന സംകടങ്ങളിൽ ക്ഷമ
കേടു കാട്ടുമെന്നു ഭയപ്പെടുന്നു. അപ്രകാരംതന്നെ ഈ
ലോകത്തെ വിട്ടുപിരിയുന്നതിൽ ഇപ്പോൾ സംകടം തോന്നു
ന്നില്ലെങ്കിലും പ്രവർത്തിക്കടുക്കുമ്പോൾ ശേഷംപേരെ വിട്ടു
പിരിവാറായി എന്നു കാണുമ്പോൾ ഇതിനാലെയും ഞാൻ
കലങ്ങപ്പെടുമെന്ന് ഭയപ്പെടുന്നു. ഇതുമെന്നിയെ, എന്റെ
ആത്മശത്രുക്കളായ പിശാചുക്കൾ എന്നോർക്കുമ്പോൾതന്നെ
ഞാൻ ഭയപ്പെടുന്നു എന്നു വരുമ്പോൾ ആ നേരത്തിൽ
അവരുടെ മുഴുവൻ ശക്തിയോടുകൂടെ എന്നോടു യുദ്ധം
ചെയ്‌വാൻ തയാറായിരിക്കുന്ന ഈ ദുഷ്ടാരൂപികൾ അവ
രുടെ കൂർമ്മയുള്ള ഉപദേശങ്ങളാൽ എന്നെ ഭയപ്പെടുത്തിയും
കലക്കിയും വിശേഷമായി ശരണക്കേടു വരുത്തുവാൻ തക്ക
വണ്ണം എന്റെ ബാല്യകാലത്തിന്റെ ജീവിതത്തിനേയും
പാവങ്ങളേയും ജ്ഞാപകപ്പെടുത്തിക്കൊണ്ട് ഭയപ്പെടുത്തു
വാനിരിക്കുന്നു എന്ന ഈ വലിയ ഭയവും. ഇതിൽ എല്ലാ
യിലും വലുതായിട്ടുള്ള പട്ടാങ്ങയുള്ള ഭയമായിരിക്കുന്ന
സർവ്വേശ്വരൻ തമ്പുരാന്റെ എത്രയും നുണുനുണുക്കമുള്ള[1]
നീതിയാൽ വിധിപ്പാനിരിക്കുന്ന നീതി ആസനത്തിൻ സന്ന
ദ്ധിയേയും[2] പാപത്തിനുള്ള ഭയങ്കര കഷ്ടങ്ങളെയും ആയ്

1. നുണുനുണുക്കമുള്ള — സൂക്ഷ്മതയുള്ള (ഏററവും ചെറിയ അംശത്തെപ്പോലും കണക്കിലെടുത്തുള്ള) 2. നീതി ആസനത്തിൻ സന്നദ്ധി — നീതി പീഠത്തിന്റെ സാമീപ്യം.

തിന്മേൽ സർവ്വേശ്വരനുള്ള വെറുപ്പും മുഴുവനായി ഞാൻ കാണുമ്പോഴും അയ്യയ്യോ! ദയയുള്ള പിതാവെ! നിന്റെ വിശേഷാനുഗ്രഹത്താൽ നീ എന്റെ കണ്ണിനു പ്രത്യക്ഷമായി നിന്നുകൊണ്ടു എന്നെ ധൈര്യപ്പെടുത്തി തുണച്ചില്ലെങ്കിൽ ആ ദുഷ്ടശത്രുക്കൾ എന്നെ വിഴുങ്ങുവാൻ നരകത്തിനടുത്ത വാ പിളർക്കയും ചെയ്യും.

ആയതിനാൽ കരുണനിറഞ്ഞ പിതാവായ നീ എന്നെ ഉറപ്പിച്ചു നിറുത്തണമെങ്കിൽ ഞാൻ ഉറയ്ക്കപ്പെടും അല്ലെങ്കിൽ ഈ ഇളകപ്പെട്ട അടിയന്റെ ശരണവും ഇളകി കലങ്ങിക്കെട്ടു പോകയും ചെയ്യും. അയതിനാൽ മരണം വരുന്നതിനുമുമ്പേ, എന്റെ കർത്താവിന്റെ മുഴുവനായ ഉപവിയും ഇഷ്ടപ്രസാദവും എന്നിൽ കുടിയിരുപ്പാനും പാപവും പാപത്തിൻ പരിഹാരക്കടവും എന്നിൽ നിന്ന് ഒഴിയുന്നതിനും ഈ ഭാഗ്യപ്പെട്ട ആഴ്ചപ്പട്ടത്തിൽ നീ തന്നെ എന്റെ കർത്താവിൻ പക്കൽ കൂട്ടിക്കൊണ്ടുപോയി തന്റെ തിരുവുള്ളക്കേടു മുഴുവനും തീർത്ത് സന്തോഷമായി എന്നെ ഞാൻ കൈക്കൊണ്ട തന്റെ പക്കൽ ഏന്നെ നീ ഏല്പിച്ചു നിറുത്തുമെങ്കിൽ തെളിവോടെ ഞാനും തന്റെ മരണത്തോടുകൂടി മരിച്ചുയർത്ത തന്റെ കരേററത്തോടുകൂടെ എന്നെയും തന്റെ രാജ്യത്തിലേയ്ക്കു കൊണ്ടുപോകുകയും ചെയ്യും അപ്പഴൊ. നീയെനിക്കു മദ്ധ്യസ്ഥനായി നീ ഇതൊക്കെയും നിറവേററിത്തരിക.

## *കന്യകാമറിയം, മഗ്ദലനാമറിയം മറിയ ശാലോം*

ആ, എന്റെ വിശേഷിക്കപ്പെട്ട തുണയായ അമ്മ മറിയം മഗ്ദലനാ, മറിയം ക്ലെയോപ്പാ, മറിയ ശാലോം എന്ന അമ്മമാരെ, നിങ്ങളോടു കൂടെ യൊവാക്കീം മറിയം എന്ന ദേവമാതാവും ഒന്നിച്ചു കൊണ്ട് കർത്താവും ശിഷ്യരും നടക്കുന്നയിടങ്ങളിൽ നിങ്ങളും നിന്നുകൊണ്ട് ശുശ്രൂഷചെയ്തുകൊണ്ടും കർത്താവിൽ നിന്ന് അകലാതെ നടന്നതിനാൽ തന്റെ മരണത്തിലും ഉയിർപ്പിലും തന്നെ കാണ്മാനും എന്നന്നേയ്ക്കും തന്നോടൊന്നിപ്പാനും ഭാഗ്യമായല്ലൊ. ആയതിനാൽ പ്രിയമുള്ള അമ്മമാരെ അടിയനും കൂടെ നിങ്ങളുടെ മേശയിൽ നിന്ന് വീഴുന്ന

തീൻ നുറുക്കുകളാൽ ജീവിച്ചു വരുന്ന കൽബായ്ക്ക് (നായ) എന്നപോലെ ഈ കർത്താവിനോടും നിങ്ങളോടും ഒന്നിപ്പാനാ ഗ്രഹിച്ച് ഇതാ വരുന്നേൻ: ആ കർത്താവേ, നിൻെറ മുമ്പിൽ ഓശാന പാടുന്ന പാൽക്കുഞ്ഞുങ്ങളെയും പാവാടകളാലും വൃക്ഷശാഖകളാലും വഴി അലങ്കരിച്ചു മുന്നും പിന്നും എന്നും കൂടി, 'ദാവീദിൻെറ പുത്രനായി വരുന്ന രാജാവിനു പുകഴ്ച' എന്നു കൊണ്ടാടുന്ന ജനങ്ങളോടും കൂടെ കർത്താവെ അടിയനും കൂടെ കൂടിക്കൊണ്ട് നിനക്കു ഓശാന ചൊല്ലുന്നേൻ. ഈ ആരവാരം കണ്ടതിനോടെ പലരും തന്നെ ആരാധിച്ചു. എങ്കിലും ഈ കൂട്ടം പിരിഞ്ഞാറെ, ആ നഗരിയുടെ ഉള്ളിൽതന്നെയും തൻെറ പ്രിയജനത്തേയും തക്കവിധത്തിൽ കൈക്കൊള്ളായ്കയാൽ കോട്ടയ്ക്കു പുറത്തിറങ്ങി ബേസനിയായിൽ എൻെറ അമ്മമാരായ മർത്താമറിയത്തിൻെറ വീട്ടിൽ പോയി വാസം ചെയ്തുവല്ലൊ ആയതിനാൽ എൻെറ അമ്മ മഗ്ദലേനാമ്മേ ! ഈ ദിവസത്തിലും ആഘോഷമായ പുണ്യ നേരങ്ങളിൽ പലരും കർത്താവിനെ, ഓർമ്മയാൽ ഹൃദയത്തിൽ പാർപ്പിക്കുന്നു. ആഘോഷമില്ലാത്തപ്പോൾ ഓർമ്മിക്കുന്നില്ല എന്നതിനെക്കൊണ്ടു അമ്മെ ! ഈ കർത്താവിനെയും മാതാവിനെയും നീ കൂട്ടിക്കൊണ്ടു വന്നു പാവപ്പെട്ട സക്കൈആയ അടിയൻെറ ഹൃദയത്തിൽ പാർപ്പിക്കേണമെ ! അയ്യൊ, അമ്മേ ഇവരെ കരേററുവാൻ ഇനിക്കു മഹാആഗ്രഹമെന്നും നീ കാണുന്നതിനോടുകൂടെ എൻെറ ഹൃദയത്തിൽ വന്നാൽ ഒരിരിപ്പിടം കൂടെയും അവരവർക്ക് തക്കവണ്ണം കൊടുപ്പാനും അടിയനുവശമില്ലെന്നും നീ അറിയുന്നുവല്ലൊ. എന്നാലും എൻെറ അമ്മേ ! നിന്നോടു കർത്താവിനുള്ള സ്നേഹം എത്രയും വലുതായിരിക്കയാൽ നീ വിളിക്കുന്നതിനെ കേൾക്കുമ്പോൾ എൻെറ കർത്താവ് മഹാ തെളിവോടെ വരികയും ചെയ്യും. എന്നാൽ ഇങ്ങനെ വരുന്നപ്പോൾ തന്നെ, തെളിയിക്കുന്നില്ലെങ്കിൽ നിനക്കു മഹാസങ്കടമുള്ളതാകുന്നു. എന്ന് ഞാനും അറിയുന്നു. എന്നതിനാൽ എൻെറ അമ്മെ ! നീ ക്ലേശിക്കേണ്ട അതെന്ത്യെ, നിന്നെപ്പോലെ അമ്മെ ! എന്നെ സ്നേഹിച്ച് എൻെറ ദാരിദ്ര്യത്തെ തീർപ്പാൻ ഉത്സാഹിക്കുമെന്ന മററ് അമ്മമാരും ഉണ്ട് ഇതാ നിന്നെപ്പോലെതന്നെ മറിയം എജിപ്ത

മറിയം കൊർത്തോനാ എന്ന ഈ അമ്മമാരെയും ഏററിപ്പാൻ കർത്താവു സ്നേഹിക്കുന്നതിനാലും അടിയനേയും ഈ അമ്മമാര് പ്രിയത്താൽ സന്ധിച്ചു വരുന്നതാകയാലും ഇവരുടെയും ഹൃദയഇരിപ്പിടങ്ങളിൽ സന്തോഷത്താൽ താൻ കുടിയിരുന്നുവന്നതിനാൽ ഈ അമ്മമാരും ഇതല്ലാതെയും എൻെറ അമ്മ എന്നെ പെററവരം. ഈശോയുടെ ത്രേസ്യാ എന്നീ മാതാവിനിയുള്ളതിനാൽ ഈ സിംഹാസനത്തിൽ ഇരിപ്പാൻ തനിക്കു മഹാ സന്തോഷമായിരുന്നതിനാൽ കാലം വരുന്നതുവരെ താമസിപ്പാൻ പാർക്കാതെയും[1] പാതിയെ ആകാശത്തിൽക്കൂടെയും കൊണ്ടുപോയല്ലൊ. ഇങ്ങനെയുള്ള ഇരിപ്പിടങ്ങൾ ഒക്കെയും ഞാൻ അപേക്ഷിച്ചിരിക്കയാൽ ഈ ദിവസങ്ങളിൽ നീ അപേക്ഷിച്ചു കർത്താവിനെ എഴുന്നള്ളിക്കുമ്പോൾ ഈ സിംഹാസനങ്ങൾ ഒക്കെയും എൻെറ വീട്ടിൽ ഉണ്ടാകുമെന്നും ഞാൻ ഉറച്ചിരിക്കുന്നു എന്നതിനാൽ എൻെറ കർത്താവും തൻെറ മാതാവും ഈ ദിവസങ്ങളിൽ എൻെറ പാവപ്പെട്ട വീട്ടിൽ പാർക്കട്ടെ എന്നാൽ താൻ എഴുന്നള്ളുമ്പോൾ നഗരിയെ താൻ കണ്ടുകരഞ്ഞതിൻവണ്ണം എൻെറ ഹൃദയമെന്ന വീടിനെ കരയായ്വാൻ നിങ്ങൾ എല്ലാവരുടെയും വീടുകളിൽ ഉണ്ടായി എന്ന് ചമയങ്ങളായാഭരണങ്ങൾ ഒക്കെയും കൊണ്ടു ഈ പാവപ്പെട്ട വീടിനെ അലംകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

## ഭാഗ്യമരണം സ്വർഗ്ഗഭാഗ്യം

ആ എൻെറ സ്നേഹത്തിൻ ദൈവമായ രക്ഷിതാവെ! നീ ഇനിക്കായി നിൻെറ സ്നേഹത്തിൻ കടശി[2] സാക്ഷിയായി നിൻ ശരീരവും ചോരയും തീനും കുടിയുമായി കല്പിച്ചുതന്നതിനാൽ എപ്പഴും നിൻ തിരുപ്പാടുകളും എൻെറ രക്ഷക്കായി നിൻെറ ആയുസും തന്നിരിക്കുന്നതിനെ എപ്പഴും ഓർപ്പാനും ഓർമ്മയോടുകൂടെ കൂദാശപ്രകാരമായിട്ടും അരുപിക്കടുത്ത പ്രകാരമായിട്ടും എൻെറ മരണം വരെ എന്നേരവും നിന്നിൽ നിന്ന് പിരിയാതെ വിശ്വാസത്തിൻ കണ്ണാൽ എന്നേരവും നിന്നെ കണ്ടുകൊണ്ടു നിന്നൊടൊന്നിച്ചിരിപ്പാനും ഈ വിലതീരാത്ത അച്ചാരവും

---

1. പാർക്കാതെ — കാത്തിരിക്കാതെ. 2. കടശി — അവസാനം.

പണയവും നിമിത്തമായി എൻെറ മരണത്തിനു ശേഷവും
എന്നേക്കുമായി പരലോകത്തിൽ മൂടൽ കൂടാതെ മുഖ്യമായി
നിന്നെ കണ്ടുകൊണ്ടും സ്‌തുതിച്ചും നിത്യകാലവും ഒന്നിച്ചി
രിക്കാമെന്നുള്ള ഇളകാത്ത ശരണവും ഇനിക്കു തന്നിരിക്കുന്ന
തിനാലെയും ഇതിനാൽ ആയിടത്തിൽ നിൻെറ അളവില്ലാത്ത
മഹിമ പ്രതാപത്തിനു തക്കവണ്ണം എണ്ണമില്ലാത്ത മഹാമുഖ്യ
സ്വരൂപികളും അവരുടെ ധവള കർത്തവ്യന്‌മാരായ മിഖാ
യേൽ, ഗൗറിയേൽ, റപ്പായേൽ, ഗെല്ലാസ്യെൻ, യൂറിയേൽ,
നുറിയേൽ, ബെറാക്കായേൽ എന്ന ഈ ഏഴുസേനാപതികളോടു
കൂടെ ഒന്നിച്ച് ഒൻപതു വൃന്ദമാലാഖമാരും ആദിമാതാപിതാ
ക്കളായ ആദം ഹാവാ മുതലായ ബാവാന്‌മാരും മേല്‌പട്ടക്കാ
രായ ശ്ലീഹന്‌മാർ സഹദേന്‌മാർ[3] മൗദിയായന്‌മാറ്, അരണ്യ
സന്യാസികൾ, കന്യാസ്‌ത്രീകൾ ശു. സകല സ്‌ത്രീപുരുഷ
ന്‌മാരും അവരുടെ ബ്രഹ്‌മചര്യാശോഭയാൽ മാലാഖാമാർ
ശരിയായി വിളങ്ങുന്ന കുഞ്ഞിപ്പൈതങ്ങൾ ഇങ്ങനെയുള്ള
മനുഷ്യവർഗ്‌ഗങ്ങളെല്ലാം കൂടി ഈ വർഗ്‌ഗത്തിൽ കടിഞ്ഞൂ
ലായ രക്‌ഷിതാവിനോടും തൻെറ പരി. ദേവമാതാവിനോടു
കൂടെ ഒന്നായി അനാദിപ്പിതാസുതൻ പരിശുദ്‌ധാത്‌മാ എന്ന
ശു. ത്രിത്വൈക സർവ്വേശരനെ സ്‌തുതിക്കയും തൻെറ മക്കളായ
ഈ സകലസുമത്തെ ശുസുമത്തെ എന്നയിവരുടെ മേലുള്ള
തൻെറ പിതാവിനടുത്ത ആശീർവ്വാദകടാക്‌ഷവും ഈ നശി
ച്ചുപോയ മനുഷ്യവർഗ്‌ഗത്തെ തൻെറ മനുഷ്യവർഗ്‌ഗത്താൽ
വീണ്ടുംരക്‌ഷിച്ച പിതാവിന് കാഴ്‌ച വെക്കുന്നതിനാൽ
തൻെറ സുതന് താൻ ചെയ്യുന്നു എന്ന പിതാവിനടുത്ത
ബഹുമാനവും ഇതിനാൽ എൻെറ രക്‌ഷനാഥനെ തന്നെ
സകലമോക്‌ഷവാസികൾ സ്‌തുതിക്കുന്ന സ്‌തുതികളും ഈ
പുഴുവായ ഞാനും കാണ്‌മാൻ ഇടവരണമെന്നു എപ്പോഴും
ഓർത്തു സന്തോഷിപ്പാനായി. എന്നിൽ എഴുന്നെള്ളി വരാൻ
തിരുമനസ്‌സായി ഇതാ ഈ എൻെറ ഹൃദയം തുറന്നിരി
ക്കുന്നു. നിനക്കെത്രയും ഇഷ്‌ടമുള്ള ഇരിപ്പിടമായ എൻെറ
ദേവമാതാവിൻ തിരുമടിയെ എൻെറ ഹൃദയത്തിൽ ഞാൻ

3. സഹദേന്‌മാർ — രക്‌തസാക്‌ഷികൾ

വച്ചിരിക്കിന്നു. ഇതിൽ നീ എഴുന്നുള്ളിയിരിക്കേണമെ! അമ്മയുടെ മടിയിൽ ഇരിക്കുന്നു എന്ന കുഞ്ഞുമകൻ എത്രയൊ സന്തോഷത്തോടെകൂടെ അവിടെയിരുന്നുകൊണ്ട് തെളിയുന്നു എന്നതിൻ വണ്ണം എൻെറ രക്ഷിതാവേ! ഈ മാതാവിൻ തിരു മടിയിൽ ഇരിക്കുന്നു എന്ന നേരത്തിൽ ഈ അമ്മ പ്രിയത്തോടു കൂടി എന്തുകല്പിക്കുന്നുവൊ ഒക്കെയും ആ കുഞ്ഞുചെയ്യുന്നു. എന്നതിനാൽ ഈ നേരത്തിൽ ഈ അമ്മ അരുളിചെയ്യുന്നതിനെ നീ കേൾക്കണമെ! 'ആ പ്രിയമുള്ള എൻെറ മകനെ; എന്നെ സൃഷ്ടിച്ച എൻെറ ഉടയവനേ നിൻെറ അടിയാട്ടിയും[1] അമ്മയുമായ ഞാൻ ബോധിച്ചിരിക്കുംവണ്ണം ദുഃഖസാഗരത്തിൽ മുഴുകി ഗാഗുൽത്താമലയിൽ തൻെറ മരണക്കട്ടിലായ കുരിശുമരത്തിൻസമീപേ, നിൽക്കുന്നപ്പോൾ നിൻതിരുമരണത്തിൻ സമയത്തിൽ ഈ നിൻെറ അമ്മയെ തൃക്കൺപാർത്തുകൊണ്ട്, നിൻെറ പുത്രൻ ഇതാ എന്നും നീ അരുളി ചെയ്തുകൊണ്ടു ഈ പാവപ്പെട്ട കുര്യാക്കോസിനേയും നീയിനിക്കു മകനായിട്ടു ഏല്പിച്ചുതന്നുവല്ലൊ. ഇതാ എൻെറ പാദത്തിൻ പക്കൽ അണഞ്ഞുകൊണ്ട' അവൻെറ പാപങ്ങളിന്മേൽ മുഴുവൻ മനസ്താപപ്പെട്ടുകൊണ്ടു നീ അവൻെറ സകല പാപങ്ങളും പാപത്താലുള്ള ശിക്ഷകളും അവനോടു പൊറുത്തു മുഴുവൻ മാപ്പുചെയ്തു മാമ്മോദീസായിൽ കൊടുത്തിരുന്ന ഇഷ്ടപ്രസാദം കൊടുക്കുന്നതുമല്ലാതെയും ഈ ഇഷ്ടപ്രസാദം ഇനി മരണപര്യന്തം പോയിപ്പോകാതിരിപ്പാനും ഉറപ്പും നിൻെറ മേലുള്ള സ്നേഹത്തിൽ മേൽക്കുമേലുള്ള വർദ്ധിപ്പും മരണപര്യന്തം നിന്നെയുള്ള[2] ഓർമ്മയോടെ നടപ്പാനും മരണനേരത്തിൽ നിൻെറ വളർത്തുപിതാവായ എൻെറ ഭർത്താവിന്നു നീ കൊടുത്ത ഭാഗ്യമരണത്തെക്കുറിച്ചു നീയും ഈ നമ്മുടെ ഭർത്താവും ഞാനും കൂടെ മരണനേരത്തിൽ അവനെ തുണച്ച ശത്രുയോഗ്യം കൂടാതെ ആത്മാവിനെ എടുത്ത് നമ്മോടുകൂടെ പരലോകത്തിൽ കൊണ്ടുപോകണമെ.

---

1. അടിയാട്ടി — ദാസി. 2. നിന്നെയുള്ള — നിന്നോടുള്ള

എങ്കിലും അമ്മേ അങ്ങേ ദാസനായിരിക്കാനുള്ള വരം ആദ്യംതന്നെ എനിക്കു നല്കി. അതിനാൽ ഞാൻ നിൻെറ പാദത്തിൽ താണു വീണ് അപേക്ഷിക്കുന്നു, എൻെറ പാപം മഹാപരാധംതന്നെ. എൻെറമാലിന്യം മണൽപോലെ അളവില്ലാത്തതാണ്.

എൻെറഭാഗ്യം മഹാഭാഗ്യമാണ്. എന്നെ അമ്മേ മഹാമാതാവേ, സർവ്വജ്ഞനും സർവ്വേശ്വരനുമായ നിൻെറ പ്രിയപുത്രൻ സകലർക്കും മാതാവായി നിന്നെനല്കി. എനിക്കും അങ്ങു മാതാവാകുന്നു. എൻെറ ബാല്യപ്രായത്തിൽ ദുമ്മനികോസ് പുണ്യവാൻെറ മാധ്യസ്ഥത്താൽ ദാസനായിത്തീർന്ന് എപ്പോഴും ജപമാലയാലുള്ള നിരന്തരമായ അർത്ഥന വഴി അവസാനം മഹാഭാഗ്യം സിദ്ധിച്ചിരിക്കുകയാണ്. അടുത്തകാലത്ത് ഞങ്ങൾക്ക് നിൻെറ പുണ്യവസ്ത്രം ലഭിച്ചു, അവിടുത്തെ മഹാഭക്തനും എൻെറ ശ്രേഷ്ടനുമായ മർസളിനോസ് എന്ന പുരോഹിതൻെറ കൈകൊണ്ടുതന്നെ കർമ്മലവസ്ത്രം എനിക്കു ലഭിച്ചു. അത് ഓർക്കുമ്പോഴെല്ലാം ഞാൻ എത്രദുഷ്ടനാണ് എന്നിരുന്നാൽപോലും എന്നെ നീ നല്ലവനാക്കിമാററുമെന്ന് ഞാൻ ഉറപ്പായി വിശ്വസിക്കുന്നു.

ഈ കാര്യം മനസ്സിലാക്കി ഞാൻ നിൻെറ പാദത്തിൽ വീണ് കരഞ്ഞ് അപേക്ഷിക്കുന്നു. എൻെറ ദുഃഖം നീ അറിയണമെ... നിൻെറ സങ്കടത്തിനും പുത്രൻെറ ദുഃഖത്തിനും എൻെറ പാപങ്ങൾ കാരണമായി എന്നാലും നിൻെറ കാരുണ്യം തേടുകയല്ലാതെ മററാരു വഴിയും എനിക്കില്ല. എൻെറ ശരണമായ അമ്മേ അങ്ങേ ദയാവായ്പ് എന്നിലുണ്ടാകട്ടെ.

## വിശുദ്ധരോടുള്ള ഭക്തി

ആ എൻെറ വിശേഷിക്കപ്പെട്ട തുണയായ അമ്മ മറിയം മഗ്ദലേന, മറിയം ക്ലെയോപ്പാ, മറിയം ശാലോം, എന്ന അമ്മമാരെ, നിങ്ങളോടു കൂടെ യോവാക്കിം മറിയം എന്ന ദൈവമാതാവും ഒന്നിച്ചുകൊണ്ട് കർത്താവും ശിഷ്യരും നടക്കു

ന്നവനായി നടന്നുകൊണ്ടും ശുശ്രൂഷ ചെയ്തു കൊണ്ടും കർത്താവിൽ നിന്നും അകലാതിരിക്കാൻ കൃപ തരുവിക്കണമെ

## എല്ലാം അറിയുന്ന തമ്പുരാനേ

ഞങ്ങളുടെ കർത്താവീശോമിശിഹായെ നീ എവിടെയാകുന്നു എന്നും എന്റെ ഹൃദയമൊക്കെയും നീ കാണുമെന്നും നിരൂപിച്ച് ഇതാ നിന്റെ മുമ്പിൽ മുട്ടുകുത്തി നില്ക്കുന്ന അയോഗ്യമഹാപാപിയും, വലിയ നന്ദികെട്ടവനും ഞാൻ ആയി, ഇത്രനേരവും എന്നോടു ക്ഷമിച്ചതുപോലെ കുറെ നേരം കൂടെ എന്നോട് നീ ക്ഷമിക്കേണമെ.

## ഹൃദയം പങ്കുവയ്ക്കരുത്

അല്പയോ പട്ടസുഖക്കാരനായ ആത്മാവേ, ബ.കൂടപ്പിറപ്പേ ഇതോ നിന്റെ ഉയരപ്പെട്ട അന്തസിനടുത്ത ജീവിതം? നിന്റെ ഹൃദയത്തെ പകുത്ത് ഒരു പങ്ക് ദൈവത്തിനും ഒരു പങ്ക് ലോകത്തിനും കൊടുപ്പാൻ നീ ഭാവിച്ചിരിക്കുന്നു. തമ്പുരാനും ലോകത്തിനും സ്നേഹിതനാകാൻ പ്രയാസപ്പെടുന്നു, അസാധ്യമല്ലയോ, ?

ലോകത്തിന് സ്നേഹിതനാകുന്നവൻ
ദൈവത്തിന് ശത്രുവാകുന്നു എന്നുള്ളത്
റൂഹാദക്കുദശായുടെ അരുളപ്പാടല്ലൊ.

## മരണസമയം - അമ്മയുടെ തിരുസാന്നിദ്ധ്യം

നിന്റെ മനോജ്ഞവും ദയ നിറഞ്ഞതുമായ കരങ്ങളിൽ മാത്രമാണ് ഞാൻ എന്റെ മനസ്സ് അർപ്പിച്ചിട്ടുള്ളത്. മരണം വരുമെന്ന ഓർമ്മ എന്നിലുണ്ടാകുന്ന വേളയിൽ സ്മരണ രണ്ടു വിധമായിത്തീർന്ന് എന്റെ മനസ്സ് ഉഴറും. മരണമാകുന്ന തിരശീല വീഴുന്ന സമയത്ത് എന്റെ നയനങ്ങൾക്ക് നിന്റെ അലിവാർന്ന മുഖം ദർശിക്കുവാനുള്ള അവസരം ഉണ്ടാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

1 തിര — കർട്ടൻ

എന്റെ മരണത്തിനുശേഷം അങ്ങേപുത്രന്റെ സന്നി ധിയിൽ വിധിക്കായി ഞാൻ നിറുത്തപ്പെടും, ആ വിധി യെക്കുറിച്ചുള്ള ഓർമ്മയിൽത്തന്നെ എന്റെ ഇന്ദ്രിയങ്ങൾ മുഴുവനും മരവിച്ചു പോകും. അതു ചിന്തിക്കുമ്പോൾ അമ്മേ, എന്റെ മനസ്സു വല്ലാതെ ഭയപ്പെടുന്നു. ഞാൻ നിന്നെ ഓർക്കുമ്പോൾ എന്റെ മനസ്സിൽ കാരുണ്യം നിറയാൻ അനുഗ്രഹം തരേണമെ. എന്റെ അന്തഃകരണത്തിൽ ഉൽക്കടമായ ലജ്ജ നിറഞ്ഞുനില്ക്കും. അതുകൊണ്ട് നീ എന്നെ കൈ വിടരുതേ. കാരുണ്യത്തിന്റെ വാസസ്ഥാനം എനിക്കു തുറന്നു തരണമേ. സൂര്യന്റെ പ്രകാശമെന്നതുപോലെ കതിരണിഞ്ഞു നിൽക്കുന്ന നിന്റെ കാരുണ്യവും അതുവഴി യായുള്ള മഹാഭാഗ്യവും അനുദിനം ധന്യാത്മാക്കൾക്കു ലഭിക്കുന്നുണ്ടല്ലോ.

ഇതു മാത്രമല്ല നിന്റെ പുത്രൻ നിനക്ക് നൽകി യ ശക്തിയും സുന്ദരിയായ നിനക്ക് പരിശുദ്ധ ത്രിത്വം തന്ന രാജ്ഞി പദവും ഞാൻ ഒർക്കുന്നു നിന്നിൽ മനുഷ്യരെല്ലാവരും ആശ്രയം വയ്ക്കുന്നതിന് നിന്റെ ശക്തിയെ വ്യക്തമാക്കിക്കൊണ്ട് ഒരിക്കൽ പുത്രൻ പ്രഖ്യാ പിച്ചു.

അല്ലയോ എന്റെ അമ്മേ, ഞാൻ വഴിയായി സർവ്വകാര്യ ങ്ങളും നിനക്ക് സാധ്യമായിരിക്കുന്നു എന്നതു സത്യം. നിന്റെ ഇഷ്ടമനുസരിച്ച് ഞാൻ എല്ലാം ചെയ്തുതരും' ഇപ്രകാരം സ്നേഹപുത്രനാൽ അരുളിച്ചെയ്യപ്പെട്ടിരിക്കുന്നു ഇങ്ങനെ വന്നിട്ടുള്ളത് എന്നെ സംബന്ധിച്ചിടത്തോളം ഏററവും വലിയ ഭാഗ്യമായിരിക്കുന്നു.

പരമാത്മാവും നാഥനുമായ ഗുരുവിന്റെ മാതാവേ എപ്പോൾ നിന്റെ തിരുമനസ്സിനു ഇഷ്ടമാ കുന്നുവോ അപ്പോൾത്തന്നെ എന്റെ മരണനേരവും, മരണ സ്ഥലവും ദിനം, വിനാഴിക എന്നിവയും ആയിരിക്കട്ടെ എന്റെ കാര്യം മുഴുവനും നിന്റെ അഭിഷ്ടമനുസരിച്ച സംഭവിക്കട്ടെ.

## മരണനിമിഷം ഭാവനയിൽ

എന്റെ മരണം ഏതു സമയത്താണെങ്കിലും എനിക്കു വിജയം വരിക്കുവാൻ എന്റെ സ്വന്തം കഴിവുകൊണ്ട് സാധിക്കയില്ല. അക്കാര്യം നീ കണ്ടിരിക്കുന്നുവല്ലോ. ശക്തനായ പിശാചിന്റെ ദുഷ്ടതയാർന്ന ആഗ്രഹങ്ങൾ എല്ലാം തന്നെ ഭക്തവത്സലയായ അമ്മേ നിനക്ക് പൂർണ്ണമായും നിശ്ചയമുണ്ടല്ലോ.

കുറെക്കാലമായി പിശാച് എന്നെ ആക്രമിക്കാൻ കോപ്പ് കൂട്ടുന്നു. അവന്റെ മനസ്സിലെ ക്രോധം അടിക്കടി വർദ്ധിച്ചു വരികയാണ്. അല്ലയോ അമ്മേ, നീ എന്നിൽ കൃപാകടാക്ഷം തൂകുന്നുവെന്നു കണ്ടാൽ അവനു നഷ്ടമായിട്ടുള്ള മുഷ്കരത്വം കാണിക്കുവാൻ ഇനിയും തുനിഞ്ഞുവരും.

സുമനസ്സുള്ള എന്റെ മാതാവേ, നീ കാരുണ്യരശ്മി എന്നിൽ തൂകിടുന്നുവെന്നുകണ്ട് ഇരുട്ടിന്റെ അധിപതിയായ പിശാച് എന്നെ ജയിക്കാൻ കൊതിക്കുന്നു. അവന്റെ ഭീകരമായ ആകാരം ഉയർത്തിക്കൊണ്ട് അതാ നില്ക്കുന്നു. അല്ലയോ അമ്മേ നീ നല്ലവർക്ക് അനുഗ്രഹങ്ങളാൽ മുക്തി നല്കുന്നുവെന്നുള്ളത് അവനു സങ്കടം വരുത്തുന്നകാര്യമാണ്. നിന്റെ പരിശുദ്ധനാമം അവനിൽ കഠിനമായവിധം ഭയം ജനിപ്പിക്കയും ചെയ്യുന്നു.

അമ്മേ, നിന്റെ ദാസ്യം ഞാൻ സ്വീകരിച്ചുവെന്നതുകൊണ്ട് എന്റെ ശത്രു ഏറെ കുപിതനായിരിക്കുന്നു. എങ്കിലും നീ എന്നിൽ കാരുണ്യം പൊഴിക്കുന്നുവെന്നു അവൻ കാണുമെങ്കിൽ എന്റെ സമീപം വരാൻപോലും മുതിരുകയില്ല. എങ്കിലും അവൻ മുൻപ് എന്റെ ഹൃദയത്തിൽ അവന്റെ തിന്മയുടെ കറപുരട്ടിയിരുന്നു. എന്നതുകൊണ്ട് അവൻ തന്റെ ശക്തിയെല്ലാമെടുത്ത് എന്നെ അപായപ്പെടുത്താൻ ശ്രമിക്കും.

അമ്മേ, നിന്റെ ദാസിയായ എന്റെ ആത്മാവിന്റെ കുററങ്ങളെല്ലാം നിന്റെ കാരുണ്യത്തിന്റെ ശക്തികൊണ്ട്

മാററിക്കളയേണമേ. എന്റെ പാപങ്ങൾക്ക് ഈ ലോകത്തിലും പരലോകത്തിലും അനുഭവിക്കേണ്ടി വരുന്ന ശിക്ഷ സർവവും നന്ദി നിറഞ്ഞ മാതാവേ. നിന്റെ പ്രാർത്ഥനാശക്തിയാൽ നിർമ്മാർജ്ജനം ചെയ്യേണമേ. ലോകമാകുന്ന സാഗരം തരണം ചെയ്യേണ്ടിവരുന്ന വേളയിൽ നിന്റെ സ്നേഹപുത്രനായ നാഥനോടും എന്റെ പിതാവും മനോഗുണങ്ങൾ നിറഞ്ഞ നിന്റെ സ്നേഹഭർത്താവുമായ മാർ യൗസേപ്പിനോടുംകൂടി കനിവോടെ വന്ന് എന്നെ ആശീർവദിച്ച് അനുഗ്രഹിക്കണമേ.

സ്നേഹം നിറഞ്ഞ മാതാവേ! മരണസമയത്ത് നിന്റെ പ്രിയപുത്രന്റെ നാമവും നന്ദിപൂർവ്വം നിന്റെ പരിശുദ്ധനാമവും ആണ് എന്റെ രക്ഷയ്ക്കായുള്ളത്, ശുദ്ധപള്ളിയുടെ നാഥനായ പത്രോസാണ്, എന്റെ ഉറപ്പുള്ള ഭവനത്തിന്റെ രക്ഷയ്ക്കു കാവലായി നില്ക്കുന്നുത്.

—o—o—

# IX അന്തിമോപദേശം
## (ചാവരുൾ)

### *(കൈനകരി ഇടവകക്കാർക്ക് എഴുതിയത്)*

### *1 സ്നേഹം.*

നിങ്ങൾ തമ്മിൽത്തമ്മിൽ ഉപവിയായിരിപ്പിൻ, സ്നേഹമായിരിപ്പിൻ, ഓരോരുത്തൻെറ അററകുററങ്ങളും കുറച്ചിലുകളും നിങ്ങൾ തമ്മിൽത്തമ്മിൽ ക്ഷമിക്കുവിൻ. ഇപ്രകാരം ചെയ്താൽ ഇഹലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യഭാഗ്യവും നിങ്ങൾ അനുഭവിക്കും ഒരു വീട്ടിൽത്തന്നെ ജ്യേഷ്ഠാനുജന്മാരും സ്ത്രീജനങ്ങളും തമ്മിൽ സ്നേഹമില്ലാതെ എല്ലായ്പോഴും വഴക്കും സംസാരവുമായിരിക്കുന്നത് എത്രയോ ദുഃഖിക്കത്തക്കത്. ഇപ്രകാരം വഴക്കുള്ള തറവാട് വേഗത്തിൽ നാശമായിപ്പോകും.

സർക്കാർവഴക്കുകൾ കുടുംബങ്ങളെ നശിപ്പിക്കുന്നു. ഞായറാഴ്ച മുതലായ കടമുള്ള ദിവസങ്ങളിൽ അടിയന്തിരങ്ങൾ മുതലായത് കഴിക്കുന്നത് വളരെ ദോഷങ്ങൾക്കും ആത്മനാശങ്ങൾക്കും കാരണമായ ഒരു സംഗതിയാകുന്നു.

പ്രത്യേകാവശ്യങ്ങൾക്കല്ലാതെ പണം വായ്പ വാങ്ങിക്കേണ്ട. മുമ്പിൽ വാങ്ങിച്ചിട്ടുണ്ടെങ്കിൽ പാടുപോലെ വേഗം തീർപ്പാൻ ശ്രമിക്കുക. ഉപവിയെക്കുറിച്ചല്ലാതെ പണം വായ്പ കൊടുക്കുകയും വേണ്ടാ

### *2 മനോതാഴ്മ*

ദ്രവ്യമുള്ള ഭാവവും അവസ്ഥയും കാട്ടേണ്ട. ഉള്ളഭാവം മുഴുവനും കാട്ടുന്നവൻ അവസ്ഥയിൽ കുറഞ്ഞവനാകുന്നു അടിയന്തിരങ്ങൾ കഴിക്കുന്നതിൽ സ്വന്ത സ്വത്തിനും പ്രാപ്തിക്കും തക്കവണ്ണം ചട്ടമുള്ളതിൽ അധികം ആലോചനവും ചിലവും ചെയ്യേണ്ടാ.

### 3. സംസർഗ്ഗവിശേഷം

ക്രമവും ദൈവപേടിയുമില്ലാത്ത തറവാടുകളോട് ബന്ധുത്വം പിടിക്കേണ്ടാ. എത്രയോ കുടുംബങ്ങൾ ദ്രവ്യസ്ഥന്മാരായുള്ള ബന്ധുക്കൾ കാരണമായിട്ട് കരയുകയും നശിക്കുകയും ചെയ്യുന്നു. നല്ല മര്യാദയും ദൈവപേടിയുമുള്ളവരെ മാത്രം വീട്ടിൽ കയററിക്കൊള്ളുക.

### 4. അധ്വാനശീലം

പുത്തനായിട്ട് വസ്തുക്കളെ ഉണ്ടാക്കുന്നതിനെക്കാൾ ഉള്ള വസ്തുക്കളെ നന്നാക്കുവാൻ പ്രയാസപ്പെടുക. കുടുംബങ്ങളുടെ സമ്പത്ത് വസ്തുക്കളുടെ പെരുപ്പമല്ല. പിന്നയോ വസ്തുക്കളുടെ ഗുണമാകുന്നു. നിന്റെ അന്തസിനുതക്ക വണ്ണം വേലയെടുക്കുക. മറെറാരു ജോലികൊണ്ട് കഴിക്കാൻ പാടില്ലെങ്കിൽ കച്ചവടം ചെയ്യാൻ മുടക്കില്ല. സൂത്രംകൊണ്ടും കളവുകൊണ്ടും ഉണ്ടാക്കപ്പെട്ട ദ്രവ്യം മഞ്ഞുപോലെ വേഗമലിഞ്ഞുപോകും.

ഭിക്ഷക്കാർ വെറും കൈയ്യോടെ നിന്റെ വീട്ടിൽ നിന്നു പോകാൻ സമ്മതിക്കരുത്

### 5. പരോപകാരശീലം

അന്യന് ഉപകാരം ചെയ്യാത്ത ദിവസം ഉണ്ടാകരുത്. സ്നേഹിതന്മാർ അധികം വേണ്ട. ആയിരം പേരിൽനിന്ന് ഒരുത്തനെ തെരഞ്ഞെടുക്കുക.

### 6. നീതിതത്പരത

കട്ട വസ്തു ഒരു നാഴികനേരത്തേയ്ക്കെങ്കിലും നിന്റെ വീട്ടിൽവച്ചു സൂക്ഷിക്കാൻ സമ്മതിക്കേണ്ടാ. കട്ട വസ്തു ഇരിക്കുന്ന വീട് കത്തിപ്പോകും. വേലക്കാർക്ക് ന്യായമായ കൂലി കൊടുക്കാതിരിക്കുകയോ താമസിപ്പിക്കയോ അരുത്.

### 7. ദൈവപേടി സാക്ഷാൽ സമ്പത്ത്

ഒരു കുടുംബത്തിന്റെ പ്രധാനസമ്പത്ത് ദൈവപേടിയും ഭക്തിയും തന്നെ. ദൂഷണങ്ങളും ദുർവാക്കുകളും കാർമേഘം പോലെ നല്ല കുടുംബത്തിന്റെ വെളിവിനെ ഇരുട്ടാക്കുകയും

ചെയ്യും. കഴിയുന്നതായാൽ ദിവസംതോറും കുർബാന കാണ്‍ക. എല്ലാവർക്കും പോയി കുർബാനകാണാൻ പാടില്ലാത്ത പക്ഷം ഒന്നോ രണ്ടോ ആളുകളെങ്കിലും മാറിമാറിപ്പോയി കുർബാന കാണേണ്ടതാകുന്നു. ഇരിപ്പിലും നടപ്പിലും കിടപ്പിലും കളിയിലും വിരക്തി അഥവാ അടക്കമെന്ന പുണ്യം മഹാ സൂക്ഷത്തോടെ അനുസരിക്ക.

## 8. ക്ഷമാശീലം

എല്ലാ ഞെരുക്കങ്ങളിലും ദീനങ്ങളിലും ദൈവതിരുമനസിനു നിന്നെത്തന്നെ കയ്യാളിക്ക.

## 9. നല്ല പുസ്തകങ്ങൾ

ഭക്തിയെ വർദ്ധിപ്പിക്കുന്ന ജ്ഞാനപുസ്തകങ്ങളും തത്വശാസ്ത്ര പുസ്തകങ്ങളും മക്കൾക്കു സമ്പാദിച്ചുവയ്ക്കേണ്ട നിക്ഷേപങ്ങളാകുന്നു. ഇപ്രകാരമുള്ള പുസ്തകങ്ങൾ ശക്തിപോലെ ശേഖരിക്കുക.

## 10. കടമുള്ള ദിവസങ്ങൾ

കടമുള്ള ദിവസങ്ങൾ ശുദ്ധമായി ആചരിക്കണം. കുർബാന കണ്ടതുകൊണ്ട് മതിയാകാതെ പ്രസംഗം കേൾക്ക, നല്ല പുസ്തകങ്ങൾ വായിക്കുക. രോഗികളെ സന്ദർശിക്കുക എന്നിവയിലും ചെലവഴിക്കുക. വേലയ്ക്കുനിറുത്തുന്ന ആളുകൾ ദൈവപേടിയുള്ളവരായിരിക്കണം അവരുടെ സംഖ്യയും പാടുപോലെ ചുരുങ്ങിയതായിരിക്കണം.

## 11. ദിനചര്യ

രാവിലെ കൃത്യസമയത്ത് ഉണരുന്നതിനും രാത്രി കൃത്യസമയത്ത് ഉറങ്ങുന്നതിനും ശ്രദ്ധിക്കുക.

കടശിയായി മക്കളെ! നിങ്ങൾ നിങ്ങളുടെ കാരണവന്മാരെ ബഹുമാനിപ്പാനും അവരുടെ മനസ്സിനെ നൊമ്പരപ്പെടുത്താതിരിപ്പാനും ദൈവപ്രമാണത്താൽ തന്നെ എത്രയോ കടപ്പെട്ടിരിക്കുന്നു. അതിനാൽ ദൈവപ്രമാണത്തിൽ നാലാമത്തേതു ലംഘിക്കുന്നവർക്ക് പരലോകത്തിൽ തന്നെയല്ല ഇഹലോകത്തിൽകൂടെയും ദൈവശാപം കല്പിക്കപ്പെട്ടിരിക്കുന്നു എന്നു നല്ലവണ്ണം ഓർത്തുകൊൾവിൻ.

[പ്രിയപ്പെട്ടവരേ!

ഞാൻ മാംസസംബന്ധത്താൽ ചേന്നൻകരിപള്ളി ഇടവകയിൽ ചാവറ കുര്യാക്കോസ് എന്ന ആളിന്റെ മകൻ ആകുന്നു. എന്നാൽ സർവ്വേശ്വരൻ ഇഹലോകത്തിൽ എന്നെയും സൃഷ്ടിപ്പാൻ തിരുമനസ്സായി. ഇപ്പോൾ ഈ താവാട്ടിലും കാരണവന്മാരിലും എന്നെ ജനിപ്പിച്ചതിനാൽ, എന്റെ മാംസസംബന്ധക്കാരായ നിങ്ങൾക്കു നീതിയാലെയും ഉപവിയാലെയും ഉപകാരം ചെയ്യാൻ എനിക്ക് ഒരു വിശേഷ കടമയുണ്ട്. ഇതിനെ നോക്കുമ്പോൾ എല്ലാവർക്കും എന്നതുപോലെ അല്ലാതെ ഞാൻ നിങ്ങൾക്കു വിശേഷമായി ഏറെയൊന്നും ചെയ്തിട്ടില്ല; ആയതിനാൽ എല്ലാററിനും ആയി എന്റെ കൈഎഴുത്താൽ ഇതിനെ ഞാൻ നിങ്ങൾക്കു തരുന്നു. ഞാൻ മരിച്ചാലും ഈ കടലാസ് മരിക്കയില്ല. ആകയാൽ ഇത് എന്റെ നിക്ഷേപമായി കാക്കുവാൻ എന്റെ മക്കളായ കൈനകരി കുരിശുപള്ളിക്കാരായ നിങ്ങളെ ഞാൻ ഇത് ഏല്പിക്കുന്നു.

എന്റെ തറവാട്ടുകാരും കൂടപ്പിറപ്പുകളും രണ്ടു പ്രകാരത്തിലും മക്കളുമായിരിക്കുന്ന നിങ്ങൾക്ക് ഇത് എന്റെ ദസ്തമെന്ത് (മരണശാസനം) ആകുന്നു എന്നു കാട്ടുന്നതിനു ഇതു നിങ്ങൾക്ക് അടയാളമായിരിക്കട്ടെ. നിങ്ങൾക്ക് ദൈവം ചെയ്തതും ചെയ്യുന്നതുമായ എണ്ണിറന്ത (എണ്ണമില്ലാത്ത) മനോഗുണങ്ങൾ ഇപ്പോൾ ജീവിച്ചിരിക്കുന്ന നിങ്ങളുടെ പ്രവൃത്തിയുടെയെന്നല്ലാ; കഴിഞ്ഞ നിങ്ങളുടെ പരമാർത്ഥപ്പെട്ട കാരണവന്മാരുടെ സത്യമായ ഉപവിയുടേതും ഗുണത്തിന്റേതുമാകുന്നു. ഇതു കളയാതിരിപ്പാൻ നിങ്ങൾ സൂക്ഷിപ്പിൻ. ഞാൻ ലോകത്തിൽ വന്നു, പോകുന്നു എന്നു ഇതിനാൽ ഓർക്കുന്നതിനുവേണ്ടി ഇതിനെ പാടുള്ളവരൊക്കയും പകർത്തി എഴുതി വീടുകളിൽ സൂക്ഷിപ്പിൻ. ഇതിനെ കുരിശുപള്ളി പെട്ടിയിൽ വയ്ക്കണം. മാസത്തിൽ മുമ്പുവരുന്ന ശനിയാഴ്ച എല്ലാവരും കൂടി ഇതു വായിക്ക: ഞാൻ മരിക്കുന്ന ദിവസം ഇതിനാലെ ഓർക്കുക; മറെറാരോർമ്മയും എന്നെക്കുറിച്ച് നിങ്ങൾ ചെയ്യേണ്ട.

പിന്നെയോ മാസം തോറും ഈ ദിവസം ഇതുവായിച്ച ശേഷം, കർത്താവെ! നീതിമാന്മാരുടെ ഭവനത്തിൽ ഈ നിന്റെ ശുശ്രൂഷിയുടെ ആത്മാവിനെ, നീ അനുകൂലപ്പെടുത്തണമെ, എന്നു മാത്രം എനിക്കുവേണ്ടി ചെല്ലുവാൻ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു.

എന്ന്,

കർമ്മലീത്താ ദീസ്ക്കാൾസ്ഡ് മൂന്നാം സഭ.
മാന്നാനം മുതലായ കൊവേന്തകളുടെ പ്രിയോർ.
തിരുക്കുടുംബത്തിന്റെ ആഹാ കുറിയാക്കോസ് ഏലിയാ

## വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ജീവിതത്തിലെ പ്രധാനദിനങ്ങൾ

| | |
|---|---|
| ജനനം | 8 – 2 – 1805 |
| ജ്ഞാനസ്നാനം | 16 – 2 – 1805 |
| സെമിനാരിപ്രവേശനം | 1816 |
| ആസ്ഥപ്പാട് പട്ടം | 1817 |
| പൗരോഹിത്യ സ്വീകരണം | 26 – 11 – 1829 |
| നവപൂജാർപ്പണം | 29 – 11 – 1829 |
| വ്രതാനുഷ്ഠാനം | 8 – 12 – 1855 |
| വികാരിജനറൽ | 1861 |
| മരണം | 3 – 1 – 1871 |
| ഭൗതികാവശിഷ്ടമാറ്റം (മാന്നാനത്തേക്ക്) | 24 – 5 – 1889 |
| നാമകരണ നടപടി ആരംഭം | 1955 |
| ധന്യ പദവി | 7 – 4 – 1984 |
| വാഴ്ത്തപ്പെട്ടവൻ | 8 – 2 – 1986 |

PRIOR GENERAL'S HOUSE LIBRARY 4217 ERNAKULAM

# ചാവറോക്തികൾ



***ഗാനേ ഗാനേ മേ ലിഖേ ഹേ***
***ഗാനേവാലേ കാ നാം***
***ബോൽനേ കഹനേ മേ***
***ബോൽനേവാലേ കാ മൻ***

ഓരോ ഗാനത്തിലും ഗായകൻെറ പേരുണ്ടെങ്കിൽ ഓരോ വാക്കിലും ഭാഷണത്തിലും ഭാഷിയുടെ മനസും മനോഭാവവുമാണു നിറഞ്ഞുനില്ക്കുക. സുവിശേഷങ്ങളുടെ പേജുകളിൽ യേശുവിനെയാണു നാം കാണുന്നത്.

ഗീതാഞ്ജലിയിൽ ടാഗോറിൻെറ ആത്മാവും ചൈതന്യവുമാണുടനീളം ദർശിക്കുക.